# കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# എറണാകുളം ജില്ലാ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19


**സംസ്ഥാനഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം**
**e-mail:doekm.ksad@kerala.gov.in**


(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-
ഇകെഎം(ഡി.പി)2100/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ്
കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in


**തീയതി : 02.03.2020**

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്,
എറണാകുളം ജില്ലാപഞ്ചായത്ത്(സെക്രട്ടറി മുഖാന്തിരം)

/

സർ,

വിഷയം :- എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :-
1) ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3) ഓഫീസ് കോപ്പി.

നം.കെഎസ്എ-ഇകെഎം(ഡി.പി)2100/2019 **തീയതി : 02.03.2020**

## എറണാകുളം ജില്ലാപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 15.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 81 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മിനിമോൾ കെ.ജി, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 25.10.2019 മുതൽ 01.11.2019വരെയും 11.11.2019 മുതൽ 17.12.2019 വരെയും |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | |
| **പേര്** | **ഉദ്യോഗപ്പേര്** |
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി മിനു പി.കെ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ സുരേഷ് എസ്. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി സുധ ജേക്കബ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ശ്രീജ ഉണ്ണികൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ ഹരീഷ് ബാബു എൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ സജീവ് എൻ.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി കവിത എസ്. കണ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ രാജീവ് ആർ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| കുമാരി മേഘ്ന കെ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി ആശ സനിൽ | 01.04.2018 | 31.03.2019 |
| വൈസ് പ്രസിഡന്റ് | അഡ്വ.ബി.എ.അബ്ദുൾ മുത്തലിബ് | 01.04.2018 | 31.03.2019 |
| **സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്** | | | |
| വികസന കാര്യം | ശ്രീമതി ഡോളികുര്യാക്കോസ് | 01.04.2018 | 05.11.2018 |
| വികസന കാര്യം | ഒഴിവ് | 06.11.2018 | 12.12.2018 |
| വികസന കാര്യം | ശ്രീമതി സരള മോഹൻ | 13.12.2018 | 31.03.2019 |
| ക്ഷേമകാര്യം | ശ്രീമതി ഷൈല പി.എസ്. | 01.04.2018 | 31.03.2019 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി ജാൻസി ജേക്കബ് | 01.04.2018 | 31.03.2019 |
| പൊതു മരാമത്ത് | ശ്രീ സി.കെ.കുട്ടപ്പൻ | 01.04.2018 | 31.03.2019 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ കെ.കെ. അബ്ദുൾ റഷീദ് | 01.04.2018 | 30.06.2018 |
| | ശ്രീ ടി.വി. ബാബു | 01.07.2018 | 31.03.2019 |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| എക്സിക്യൂട്ടീവ് | ശ്രീമതി ടി.എൻ.മിനി. | 01.04.2018 | 31.03.2019 |

| | | | |
|---|---|---|---|
| എഞ്ചിനീയർ | | | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി ആബിദ ബീഗം | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | ശ്രീമതി എൽ ഷൈലജ | 01.04.2018 | 31.03.2019 |
| ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | ശ്രീ ജോൺ ജോസഫ് | 01.04.2018 | 07.10.2018 |
| ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | സിബി ജോസഫ് പേരയിൽ | 08.10.2018 | 18.11.2018 |
| ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | ശ്രീമതി ശ്രീലത | 19.11.2018 | 17.01.2019 |
| ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | ശ്രീ സജി വർഗ്ഗീസ് | 18.01.2019 | 10.02.2019 |
| ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | ശ്രീമതി സിസി.പി. മാത്യു | 11.02.2019 | 31.03.2019 |
| ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) | ശ്രീ സി.എ. സന്തോഷ് | 01.04.2018 | 23.10.2018 |
| ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) | ശ്രീമതി കെ.എസ്.കുസുമം | 24.10.2018 | 31.03.2019 |
| ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) | ശ്രീ എസ്. മഹേഷ് | 01.04.2018 | 31.03.2019 |
| ഡെപ്യൂട്ടി ഡയറക്ടർ (പട്ടിക ജാതി വികസനം) | ശ്രീ ജോസഫ് ജോൺ | 01.04.2018 | 31.03.2019 |
| ഡെപ്യൂട്ടി ഡയറക്ടർ (ഡയറി) | ശ്രീ ജോസ് ജേക്കബ് | 01.04.2018 | 31.03.2019 |
| ജില്ലാ മിഷൻ കോ ഓർഡിനേറ്റർ (കുടുംബശ്രീ) | ശ്രീ ടി.പി. ഗീവർഗ്ഗീസ് | 01.04.2018 | 31.03.2019 |
| ജില്ലാ സാമൂഹിക നീതി ഓഫീസർ (സീനിയർ സൂപ്രണ്ട്-ചാർജ്) | ശ്രീ രാംദാസ് | 01.04.2018 | 31.03.2019 |
| ജില്ലാ പ്രൊജക്ട് ഓഫീസർ (ഐ.സി.ഡി.എസ്) | ശ്രീമതി ജെ. മായാലക്ഷ്മി | 01.04.2018 | 31.03.2019 |
| ഫാം സൂപ്രണ്ട്, ജില്ലാ കൃഷി ത്തോട്ടം, നേര്യമംഗലം | ശ്രീ തോമാസ് സാമൂവൽ | 01.04.2018 | 31.03.2019 |
| മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | ശ്രീമതി ഷീബ എസ്. | 01.04.2018 | 31.03.2019 |
| പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര ലഘൂകരണം | ശ്രീ കെ.ജി. തിലകൻ | 01.04.2018 | 31.03.2019 |
| പ്രൊജക്ട് ഓഫീസർ, ജില്ലാ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് | ശ്രീമതി കെ.വി. വിജയലക്ഷ്മി | 01.04.2018 | 31.03.2019 |
| സൂപ്രണ്ട് / ചീഫ് | ഡോ.ജെ.ബോബൻ | 01.04.2018 | 31.03.2019 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | | |
| സൂപ്രണ്ട് / ചീഫ് മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.പ്രസന്ന കുമാരി | 01.04.2018 | 31.03.2019 |
| സൂപ്രണ്ട് /ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. എൽസി സി.വൈ | 01.04.2018 | 31.03.2019 |
| ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്) | ഡോ.എൻ.കെ.കുട്ടപ്പൻ | 01.04.2018 | 31.03.2019 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ ജി. അനിൽ കുമാർ | 01.04.2018 | 31.03.2019 |
| ഫാം സൂപ്രണ്ട്, ഒക്കൽ കൃഷിത്തോട്ടം | ശ്രീമതി സിജി ആന്റണി | 01.04.2018 | 31.03.2019 |
| ഫാം സൂപ്രണ്ട്, കോക്കനട്ട് നഴ്സറി, മരട് | ശ്രീമതി അനിതാ കുമാരി | 01.04.2018 | 31.03.2019 |
| ഫാം സൂപ്രണ്ട്, ആലുവ കൃഷിത്തോട്ടം | ശ്രീമതി ലിസ്സിമോൾ ജെ. വടക്കൂട്ട് | 01.04.2018 | 31.03.2019 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ലിറ്റി തോമാസ് | 01.04.2018 | 31.03.2019 |
| പ്രിൻസിപ്പാൾ, വി.എച്ച്. എസ്.സി, നേര്യമംഗലം | ശ്രീമതി അനുപമ കെ.സി. | 01.04.2018 | 31.03.2019 |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത് | 1-12 |
| 13 | രസീതുകളിലെ | 1-13 |

| | | |
|---|---|---|
| | അപാകതകൾ | |
| 14 | നേര്യമംഗലം-രസീത് പ്രകാരമുള്ള കളക്ഷൻ തുക ബാങ്കിൽ അടവാക്കിയില്ല- | 1-14 |
| 15 | ജനറേറ്ററിൽ നിന്നും ഡീസൽ നഷ്ടപ്പെട്ടു- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ട തുക ഈടാക്കിയില്ല | 1-15 |
| 16 | കൃഷി അനുബന്ധ സൗകര്യം ഏർപ്പെടുത്തൽ എന്ന പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ | 1-16 |
| 17 | ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-17 |
| 18 | മിനി ചെക്ക് ഡാം, കുളം എന്നിവ നിർമ്മിയ്ക്കുന്നതിന് സർവ്വേയും പഠനവും -ചെലവു വിശദാംശങ്ങളില്ല- | 1-18 |
| 19 | ക്ഷീരസാഗരം പദ്ധതിയിൽ ചെലവഴിയ്ക്കാതെ തുക അക്കൗണ്ടിൽ ശേഷിയ്ക്കുന്നു | 1-19 |
| 20 | സുഭിക്ഷ, വിജയദീപം പ്രോജക്ടുകളിലെ അപാകതകൾ | 1-20 |
| 21 | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം - നടപ്പാക്കിയ പ്രോജക്ടുകളിലെ പൊതുവായ അപാകതകൾ | 1-21 |
| 22 | കക്ക പുനർജീവന പദ്ധതി പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-22 |
| 23 | മത്സ്യ വിത്ത് നിക്ഷേപം പ്രോജക്ട- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-23 |
| 24 | മരുന്ന് വാങ്ങൽ – മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി | 1-24 |
| 25 | നവയുഗം പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-25 |
| 26 | പ്രളയത്തിൽ നശിച്ച ഖാദി യൂണിഫോമിന്റെ വില – നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും സ്കൂളിന് നൽകി | 1-26 |
| 27 | സന്ദർശക വിസയിൽ വിദേശ യാത്ര നടത്തിയവർക്ക് ധനസഹായം നൽകി | 1-27 |
| 28 | എ.സി വാങ്ങൽ – നൽകേണ്ട തുകയ്ക്ക് | 1-28 |

| | | |
|---|---|---|
| | പുറമേ ജി.എസ്.ടി അധികമായി നൽകി | |
| 29 | കർഷകർക്ക് അവർക്ക് ഉടമസ്ഥാവകാശമുള്ള / കൈവശാവകാശമുള്ള ഭൂമിയ്ക്ക് ആനുപാതികമായല്ലാതെ ധനസഹായം നൽകി | 1-29 |
| 30 | എസ്.റ്റി.വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-30 |
| 31 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS)-പദ്ധതിയിലെ അപാകതകൾ | 1-31 |
| 32 | വനിതകൾക്ക് മത്സ്യ ഉത്പന്നങ്ങളുടെ നിർമ്മാണ പരിശീലനവും യൂണിറ്റ് സ്ഥാപിക്കലും - അപാകതകൾ | 1-32 |
| 33 | നെൽക്കൃഷിക്ക് കൂലിച്ചെലവ് - വിഹിതം നൽകിയതിൽ അപാകത | 1-33 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്ലാസ്റ്റിക്ക് പ്രോസസ്സിംഗ് പരിശീലനം- ലക്ഷ്യം കൈവരിച്ചില്ല | 1-34 |
| 35 | എസ്.സി. വിദ്യാർത്ഥികൾക്ക് സൈനികപരിശീലനം - മാർഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പാക്കി | 1-35 |
| 36 | ലൈബ്രറി കമ്പ്യൂട്ടർവൽക്കരണം ചെലവ് - വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-36 |
| 37 | സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ ക്യാമ്പ് നടത്തി | 1-37 |
| 38 | മരുന്നും, അനുബന്ധ ഉപകരണങ്ങളും വാങ്ങൽ – ജി.എസ്.ടി നമ്പർ അംഗീകൃതമല്ല | 1-38 |
| 39 | തുക നൽകിയിട്ടും ജനറേറ്റർ ലഭ്യമാക്കിയില്ല | 1-39 |
| 40 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-40 |
| 41 | പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ | 1-41 |
| 42 | "ദ്രോണം" - കായിക മികവിന് ഒരു കൈത്താങ്ങ് | 1-42 |
| 43 | തിരികെ നൽകിയ -ഫർണ്ണിച്ചറിനു നൽകിയ തുക പൂർണ്ണമായും ലഭിച്ചില്ല | 1-43 |
| 44 | വിനിയോഗവിവരമില്ല- | 1-44 |

| | | | |
|---|---|---|---|
| | ചെലവ് തടസ്സപ്പെടുത്തുന്നു. | | |
| 45 | കൈമാറിയ തുക ചെലവഴിയ്ക്കാതെ ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിൽ ശേഷിയ്ക്കുന്നു- | 1-45 | |
| 46 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ അപാകതകൾ | 1-46 | |
| 47 | ജില്ലാ ആയുർവേദ ആശുപത്രിയിൽ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്നതിലെ കാലതാമസം | 1-47 | |
| 48 | കേടായ വാട്ടർ മീറ്റർ മാറ്റി പുതിയത് വെയ്ക്കാത്തതു മൂലം വെള്ളക്കരത്തിന് സർചാർജ് ചുമത്തി | 1-48 | |
| 49 | ലൈബ്രറികൾക്ക് ബുക്ക് ഷെൽഫുകളും പുസ്തകങ്ങളും വാങ്ങി നൽകി | 1-49 | |
| 50 | എ.എം.സി.ആയി നൽകിയിട്ടും ലിഫ്റ്റ് മിക്കപ്പോഴും പ്രവർത്തന രഹിതം | 1-50 | |
| 51 | സെന്റേജ് ചാർജ്ജ് അധികം നൽകി- | 1-51 | |
| 52 | ജില്ലാ കൃഷിത്തോട്ടം- ഉയിർത്തെഴുന്നേല്പിന്റെ വിജയഗാഥ | 1-52 | |
| 53 | ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഹാജരാക്കിയില്ല | 1-53 | |
| 54 | കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല | 1-54 | |
| 55 | എളങ്കുന്നപ്പുഴ ആധുനിക ശ്മശാന നിർമ്മാണം - പ്രവൃത്തിയിൽ ദർഘാസ് വ്യവസ്ഥകളുടെ ലംഘനം. | 1-55 | |
| 56 | എക്സസ് കോസ്റ്റ് അനുവദിച്ചത് | 1-56 | |
| 57 | ഭിത്തിയുടെ അളവിൽ നിന്നും വാതിലുകളുടേയും ജനലുകളുടേയും അളവുകൾ കുറവ് ചെയ്തില്ല | 1-57 | |
| 58 | മരാമത്ത് പ്രവൃത്തിയ്ക്ക് അധികം തുക നൽകി | 1-58 | |
| 59 | ഹോമിയോ ആശുപത്രി നവീകരണം-അധിക നിരക്ക് നൽകി | 1-59 | |
| 60 | അലോപ്പതി ആശുപത്രി കെട്ടിടം പുതുക്കി പണിയാൻ അധിക നിരക്ക് നൽകി | 1-60 | |
| 61 | ചന്ദ്രത്തിൽ കടവ് റോഡ് റീടാറിംഗ് അധിക തുക നൽകി | 1-61 | |
| 62 | കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു | 1-62 | |

| | | |
|---|---|---|
| | കാരണം അധിക ചെലവ് | |
| 63 | ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയതിലെ അപാകത | 1-63 |
| 64 | കമ്മ്യൂണിറ്റി ഹാൾ നവീകരണം-പഴയ വസ്തുക്കൾ ലേലം ചെയ്തിട്ടില്ല | 1-64 |
| 65 | കാന നിർമ്മാണം- എസ്റ്റിമേറ്റിലും അധികരിച്ച അളവിൽ നിർമ്മിച്ചതിനാൽ അധിക ചെലവ് | 1-65 |
| 66 | സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രോജക്ട് ഓഫീസർ തുക കൈപ്പറ്റി വിതരണം ചെയ്തു | 1-66 |
| 67 | DR masonaryയിൽ സംരക്ഷണഭിത്തി നിർമ്മാണം - സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധികച്ചെലവ് | 1-67 |
| 68 | സംരക്ഷണഭിത്തി നിർമ്മാണം - സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധികച്ചെലവ് | 1-68 |
| 69 | കട്ട് ചെയ്ത 220.48 m3 മണ്ണിന്റെ വിവരം ലഭ്യമല്ല, പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകിയതിന് ഫൈൻ ഈടാക്കിയില്ല. | 1-69 |
| 70 | കാലി ബാരലിന്റെ വില ഈടാക്കിയത് - ജി.എസ്.റ്റി. ഈടാക്കിയില്ല. | 1-70 |
| 71 | സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക സമയബന്ധിതമായി അടക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-71 |
| 72 | സ്റ്റീൽ ബാറിന്റെ ഭാരം കണക്കാക്കിയതിൽ വന്ന തെറ്റ് അധികം നൽകാനിടയാക്കി | 1-72 |
| 73 | കൺവീനർക്ക് അധിക നിരക്കിൽ തുക നൽകി | 1-73 |
| 74 | ശരാശരി കുറവ് വരുത്താതെ നിരക്ക് നൽകി | 1-74 |
| 75 | ഫില്ലിംഗ് ഏരിയ കണ്ടെത്തിയതിലെ അപാകം | 1-75 |
| 76 | ലിന്റൽ നിർമ്മിച്ചതിന്റെ അളവ് കൂടുതലായി രേഖപ്പെടുത്തി തുക അനുവദിച്ചു | 1-76 |
| 77 | റീ ഇൻഫോഴ്സ്മെന്റ് കൂടുതലായി അനുവദിച്ചത് അധികം നൽകാനിടയാക്കി | 1-77 |

| | | |
|---|---|---|
| 78 | എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വ്യത്യസ്തമായി ഇന്റർലോക്കിംഗ് കട്ട വിരിക്കുവാൻ ഉയർന്ന നിരക്ക് അനുവദിച്ചു. | 1-78 |
| 79 | ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരൻ എടുത്ത മണ്ണിന്റെ വില കുറവു ചെയ്തില്ല | 1-79 |
| 80 | GST ഒഴിവാക്കിയതിനാൽ 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചത് ഗുണഭോക്തൃസമിതിക്ക് അധികം തുക നൽകാനിടയാക്കി | 1-80 |
| 81 | വൈറ്റില കോക്കനട്ട് നേഴ്സറിയിലെ വിത്ത് വാങ്ങൽ സംബന്ധിച്ച അപാകതകൾ | 1-81 |
| 82 | നക്ഷത്ര തടാകം – കാർണിവൽ 2018 സർക്കാർ അനുമതി ഇല്ലാതെ ഏറ്റെടുത്ത് നടത്തി- നടത്തിപ്പിൽ ഗുരുതര അപാകതകൾ | 1-82 |
| | **ഭാഗം 2** | |
| 1 | രസീത് പ്രകാരമുള്ള കളക്ഷൻ തുക ബാങ്കിൽ അടവാക്കിയില്ല-1,11,287/- രൂപ നഷ്ടം | 2-1 |
| 2 | റിസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്തില്ല, -നഷ്ടം 38,02,500/- | 2-2 |
| | **ഭാഗം- 3** | |
| 1 | എസ്.റ്റി.വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനം- പ്രോജക്ടിൽ അപാകതകൾ | 3-1 |
| 2 | കർഷകർക്ക് ആനുപാതിക മായല്ലാതെ അധിക ധന സഹായം നൽകിയതു മൂലം നഷ്ടം | 3-2 |
| 3 | വനിതകൾക്ക് മത്സ്യ ഉത്പന്നങ്ങളുടെ നിർമാണ പരിശീലനം - യാത്രക്കൂലി യിനത്തിൽ തുക നൽകിയത് | 3-3 |
| 4 | ഇലക്ട്രിഫിക്കേഷൻ നടത്തിയതിൽ 3845/- രൂപ അധികം നൽകി. | 3-4 |
| 5 | ഭിത്തിയുടെ ആകെ അളവിൽ നിന്നും വാതിലുകളുടേയും ജനലുകളുടേയും അളവുകൾ കുറവ് ചെയ്തില്ല | 3-5 |
| 6 | ബിറ്റുമിന് അധിക തുക നൽകി | 3-6 |
| 7 | മരാമത്ത് പ്രവൃത്തിയ്ക്ക് | 3-7 |

| | | |
|---|---|---|
| | അധികം തുക നൽകി | |
| 8 | ഹോമിയോ ആശുപത്രി നവീകരണം-അധിക നിരക്ക് നൽകിയത് സംബന്ധിച്ച് | 3-8 |
| 9 | അധിക നിരക്ക് നൽകി | 3-9 |
| 10 | ചന്ദ്രത്തിൽ കടവ് റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയിൽ അധിക തുക നൽകി | 3-10 |
| 11 | കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു കാരണം അധിക ചെലവ് | 3-11 |
| 12 | ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയതിലെ അപാകത | 3-12 |
| 13 | സ്റ്റീൽ ബാറിന്റെ ഭാരം കണക്കാക്കിയതിൽ വന്ന തെറ്റ് അധികം നൽകാനിടയാക്കി | 3-13 |
| 14 | ശരാശരി കുറവ് വരുത്താതെ നിരക്ക് നൽകി | 3-14 |
| 15 | ഫില്ലിംഗ് ഏരിയ കണ്ടെത്തിയതിലെ അപാകം അധികം നൽകാനിടയാക്കി നഷ്ടം 15865/- | 3-15 |
| 16 | ലിന്റൽ നിർമ്മിച്ചതിന്റെ അളവ് കൂടുതലായി രേഖപ്പെടുത്തി തുക അനുവദിച്ചു | 3-16 |
| 17 | എ.സി. വാങ്ങൽ – കരാറുകാരൻ ക്വോട്ട് ചെയ്ത തുകയിലും അധിക തുക നൽകി | 3-17 |
| 18 | റീ ഇൻഫോഴ്സ്മെന്റ് കൂടുതലായി അനുവദിച്ചത് അധികം നൽകാനിടയാക്കി | 3-18 |
| 19 | എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വ്യത്യസ്തമായി ഇന്റർലോക്കിംഗ് കട്ട വിരിക്കുവാൻ ഉയർന്ന നിരക്ക് അനുവദിച്ചു. | 3-19 |
| 20 | ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരൻ എടുത്ത മണ്ണിന്റെ വില കുറവു ചെയ്തില്ല | 3-20 |
| 21 | GST ഒഴിവാക്കിയതിനാൽ 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചത് ഗുണഭോക്തൃ സമിതിക്ക് അധികം നൽകാനിടയാക്കി. | 3-21 |
| 22 | ഫൈൻ ഈടാക്കിയില്ല. | 3-22 |
| 23 | വൈറ്റില കോക്കനട്ട് നേഴ്സറിയിലെ വിത്ത് | 3-23 |

| | | |
|---|---|---|
| | വാങ്ങൽ സംബന്ധിച്ച അപാകതകൾ | |
| 24 | അംഗീകാരമില്ലാത്ത ബില്ലിലന്മേൽ ജി.എസ്.ടി അനുവദിച്ചു | 3-24 |
| 25 | കൺവീനർക്ക് അധിക തുക നൽകി | 3-25 |
| 26 | ഫർണിച്ചർ തിരികെ നൽകൽ – വിലയിനത്തിൽ നൽകിയ തുക പൂർണ്ണമായും തിരികെ ഈടാക്കിയില്ല | 3-26 |
| 27 | സെന്റേജ് ചാർജ് അധികം നൽകി | 3-27 |
| 28 | സംരക്ഷണ ഭിത്തി നിർമ്മാണം – സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധിക ചെലവ് | 3-28 |
| | **ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 1 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 12 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


## **ഭാഗം -1**

# ഓഡിറ്റ് റിപ്പോർട്ട്

## 1-1. ബജറ്റ്

2018-19 ലേക്കുള്ള ബജറ്റ് 21.03.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2. വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 28.05.2019 |

## 1-3. വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 6.8.2019 | KSA EKM(PG)1460/19 /21.8.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4. സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22,54,13,396.00 |
| വരവ് | 1,18,07,60,748.00 |
| ആകെ | 1,40,61,74,144.00 |
| ചെലവ് | 1,19,69,54,764.00 |
| നീക്കിയിരിപ്പ് | 20,92,19,380.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 471206956 | 471206956 | 403235122 | 0 | 67971834 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 173235999 | 173235999 | 169650778 | 0 | 3585221 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 9265000 | 9264999 | 8172560 | 0 | 1092440 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 513643000 | 513643000 | 386656319 | 0 | 126986681 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 80827000 | 80827000 | 65172566 | 0 | 15654434 |
| ജനറൽ * പർപ്പസ് ഫണ്ട് | 30192572 | 28057552 | 58250124 | 33902537 | 24347587 | - |
| ട്രഷറി ടി എസ് ബി | 222274188 | 47013645 | 269287833 | 71532644 | 197755189 | - |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ സഹകരണബാങ്ക്, എറണാകുളം | 23518 | 1694 | 25212 | 0 | 25212 | - |
| എസ് എസ് എ | 862207 | 30576 | 892783 | 0 | 892783 | - |
| ഐഡബിഐ, (ഹഡ്കോ) | 254489 | 9000 | 263489 | 0 | 263489 | - |
| ട്രഷറി ടി.എസ്.ബി. ജോയിന്റ് വെഞ്ചർ | 375000 | 6666365 | 7041365 | 962955 | 6078410 | - |
| എസ്ബിഐ തനതുഫണ്ട് | 1407680 | 30310611 | 31718291 | 27781100 | 3937191 | - |

* വാർഷികകണക്കുകൾ പ്രകാരം ജനറൽ പർപ്പസ് ഫണ്ടിൽ മുന്നിരിപ്പ് നീക്കിയിരിപ്പ് ഇല്ല. ജനറൽ പർപ്പസ് ഫണ്ട് ട്രഷറി ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിയ്ക്കുന്നതിനാൽ ഈ തുകയുൾപ്പെടെയുള്ള തുകയാണ് ട്രഷറി ടി.എസ്.ബി. അക്കൗണ്ടിൽ ഉള്ളത്.

## 1-6. പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 1326 | 1835948933 | 620 | 1111362500 | 680 | 26 | 46.76 |

ഏറ്റെടുക്കുന്ന പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7. തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-8. ക്ഷേമപദ്ധതികൾ

ഇല്ല.

## 1-9. ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 90050 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10. ആഭ്യന്തരനിയന്ത്രണം

1) വർക്കിംഗ് ഗ്രൂപ്പ്

പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. തൻവർഷം 14 വർക്കിംഗ് ഗ്രൂപ്പുകളും ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിലോ നിർവ്വഹണത്തിലോ സജീവ പങ്കാളിത്തം വഹിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടില്ല. പദ്ധതികളുടെ മോണിട്ടറിംഗും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നില്ല. മുൻവർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥിച്ചല്ല വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് .

സ്റ്റാറ്റസ് റിപ്പോർട്ടിലെ ചില മേഖലകളിലെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ പദ്ധതി രൂപീകരണത്തിൽ പ്രതിഫലിക്കുന്നുമില്ല. മത്സ്യമേഖലയിൽ പൊതുജലാശയങ്ങളിൽ കൂടുകൃഷി,ക്ഷീരമേഖലയിൽ തരിശുഭൂമിയിൽ/പുറമ്പോക്കുഭൂമിയിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കൽ തുടങ്ങിയ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനായിട്ടില്ല.

2) സ്റ്റാന്റിംഗ് കമ്മിറ്റികൾ

പൊതുഭരണം, ധനകാര്യം, വാർഷികപദ്ധതിപ്രവർത്തനങ്ങൾ, വികസനം, സേവനം, പശ്ചാത്തലം എന്നീ വിവിധ മേഖലകളിലെ പ്രശ്നങ്ങൾ ഉൾപ്പെടെ നിയമപ്രകാരം നിർണ്ണയിച്ചുനൽകിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും ചുമതലകൾ നിറവേറ്റുന്നതിനുമുള്ള വിവിധ സ്റ്റാന്റിംഗ്കമ്മിറ്റികൾ എല്ലാ മാസവും കൂടുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ടെങ്കിലും എടുത്ത തീരുമാനങ്ങളിലുള്ള പ്രവർത്തനപുരോഗതി തുടർന്ന് വിലയിരുത്തുന്നില്ല.

3) പൊതുനിയന്ത്രണം

ജില്ലാപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് യഥാസമയങ്ങളിൽ ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലികൾ വിഭജിച്ച് നൽകിയിട്ടുണ്ട്.

4) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ, സബ് വൗച്ചറുകൾ എന്നിവ കൃത്യമായി അടുക്കി നമ്പരിട്ട് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബില്ലുകളൊന്നും തന്നെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 156(4)ഡി പ്രകാരം പ്രസിഡന്റ് ഒപ്പ് വെച്ച് അധികൃതമാക്കിയിട്ടില്ല. മാത്രമല്ല ബിൽ രജിസ്റ്ററും സൂക്ഷിയ്ക്കുന്നില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകളും തൻവർഷം എഴുതി സൂക്ഷിച്ചിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കൃത്യമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സെക്രട്ടറിയുടെ പ്രോജക്ട് ഫയലുകളിൽ ട്രഷറി ബില്ലുകളുടെ പകർപ്പ് ഉൾപ്പെടുത്താതെ അവ പ്രത്യേകം സൂക്ഷിച്ചിരിയ്ക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള മറ്റു നിർവ്വഹണോദ്യോഗസ്ഥരും മതിയായ ചെലവ് രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. അന്വേഷണകുറിപ്പുകളിലൂടെ ആവശ്യപ്പെടുമ്പോൾ മാത്രമാണ് പല രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നത്.

5) ഫ്യുവൽ അക്കൗണ്ടിംഗിന് കൃത്യത ഇല്ല.

വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് സർക്കാർ ഉത്തരവ്(എം.എസ്)170/07/ത.സ്വ.ഭ.വ തീയതി 30.06.2007 ൽ വിശദീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ പറഞ്ഞതു പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ കസ്റ്റോഡിയൻ സെക്രട്ടറിയാണ്. എന്നാൽ ജില്ലാപഞ്ചായത്തിലെ വാഹനങ്ങളുടെ ലോഗ് ബുക്കിലെ ഫ്യുവൽ അക്കൗണ്ട് സംഗ്രഹം, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് എന്നിവ സഹിതം സാക്ഷ്യപ്പെടുത്തുന്നില്ല. മാത്രമല്ല രേഖപ്പെടുത്തിയിരിക്കുന്നവ വെട്ടിത്തിരുത്തിയിരിക്കുന്നതായും കാണുന്നു. ഉദാഹരണമായി ഇന്നോവ ക്രിസ്റ്റ (രജി. നം. KL 7 CJ 1377) എന്ന വാഹനത്തിന്റെ ലോഗ് ബുക്കിൽ 31.03.2019 ലെ വർഷാന്ത്യ സംഗ്രഹം വെട്ടിത്തുരുത്തി പേനകൊണ്ടും പെൻസിൽ കൊണ്ടും രേഖപ്പെടുത്തിയിരിക്കുന്നു. 31.03.2019 ലെ ബാലൻസ് ഡീസൽ 1.8, 10.05 എന്നീ രണ്ട് തുകകൾ പേനകൊണ്ടും പെൻസിൽ കൊണ്ടും എഴുതിയിരിക്കുന്നു. തുടർന്ന് 2019-20 ലേക്ക് (01.04.2019 ൽ) ഇത് ക്യാരി ഫോർവേഡ് ചെയ്തിരിക്കുന്നത് 15.11, 1.8 എന്നീ രണ്ട് തുകകൾ എഴുതി വെട്ടിയതിനു ശേഷം 289.67 എന്നാണ്. ടി രേഖപ്പെടുത്തലുകളൊന്നുംതന്നെ റീഫില്ലിംഗ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6) ചെക്കുകൾ ക്രോസ് ചെയ്ത് സുരക്ഷിതമാക്കാതെ ഇഷ്യൂ ചെയ്യുന്നു.

ജില്ലാ പഞ്ചായത്തിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും തുകകൾ നൽകുന്നതിന് ചെക്കുകൾ ഇഷ്യു ചെയ്യുന്നു. എന്നാൽ ടി തുകകൾ ചെല്ലുന്നത് അതുമായി ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തന്നെയാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഉപാധിയായി ചെക്കുകൾ “Account Payee” ക്രോസ്സിംഗ് നടത്തി ഇഷ്യൂ ചെയ്യുന്നില്ല.

7) മിനിട്സ്

മിനിട്സ് രേഖപ്പെടുത്തുന്നതിന് സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നില്ല. സംസ്ഥാനത്തെ മിക്ക പഞ്ചായത്തുകളും കമ്മറ്റി തീരുമാനങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ രീതിയിലേക്ക് മാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ഇപ്പോഴും ഈ രീതിയിലേക്ക് മാറാതെ മാനുവൽ രീതി തുടർന്ന് വരുന്നു. സകർമ്മ സോഫ്റ്റ് വെയർ മുഖേന തീരുമാനങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8) ട്രഷറി ബിൽ ബുക്കിൽ വിശദാംശങ്ങൾ ചേർക്കുന്നില്ല.

എക്സിക്യൂട്ടീവ് എഞ്ചിനീയർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ട്രഷറി ബിൽ ബുക്കിൽ ഇന വിവരത്തിൽ ഹെഡ് ഓഫ് അക്കൗണ്ടാണ് രേഖപ്പെടുത്തുന്നത്. ഇപ്രകാരം രേഖപ്പെടുത്തുന്നത് കൊണ്ട് ഏത് പ്രവൃത്തിയുടെ ബിൽ തുകയാണ് നൽകുന്നതെന്ന് വേർതിരിച്ചറിയാൻ കഴിയാതെ വരുന്നുണ്ട്. പ്രൊജക്ടിന്റെ നമ്പരും പേരു വിവരവും മറ്റും രേഖപ്പെടുത്തുകയാണെങ്കിൽ ചെലവ് തുക കൃത്യമായി ഏതു പ്രവൃത്തിയുടേതാണെന്ന് അറിയാൻ കൂടുതൽ സഹായകരമാകുന്നതാണ്. വിശദാംശങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11. മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.2.2019 – 23.3.2019 &1.4.2019 – 12.4.2019 | 2017-18 | 19.9.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.10.2019 – 23.11.2019 | 2018-19 | ലഭിച്ചിട്ടില്ല |

## 1-12. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം 965/- രൂപ തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം | ഇനം | തിരിച്ചടച്ച തുക | രസീത് നമ്പർ/ തീയതി |
|---|---|---|---|
| 70 | സീഡ് ഫാം | 965 | 119040100171/ 12.12.2019 |

## 1-13 കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം രസീതുകളിലെ അപാകതകൾ

കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ഉപയോഗിച്ചിരിക്കുന്ന രസീതുകൾ സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1. ക്യാൻസൽ ചെയ്ത രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് ഇല്ല. രസീത് ബുക്ക് നമ്പർ 27086 ലെ രസീത് നമ്പർ 4 ക്യാൻസൽ ചെയ്തിരിക്കുകയാണ്. ഇതിൻറെ ഡ്യൂപ്ലിക്കേറ്റ് കോപ്പി രസീത് ബുക്കിലില്ല.

2. രസീതുകൾ ഉപയോഗിച്ച് പിരിക്കുന്ന പണം ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നതിന് കാലതാമസം വരുത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പിരിവ് തീയതി / രസീത് ബുക്ക് നം. | അടവാക്കിയ തീയതി/ സാംഖ്യ രസീത് നം. | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 26.07.2018, 30.07.2018, 08.08.2018, /10399, 27086 | 28.09.2018/ 118040100111 | 2,960/- | 30.06.2018നു ശേഷം കളക്ഷൻ രജിസ്റ്ററിൽ പിരിവു തീയതി രേഖപ്പെടുത്തുന്നില്ല. |
| 2 | 10.04.2018, 11.04.2018, 20.04.2018/10399 | 27.04.2018/ 118040100011 | 27,955/- | |
| 3 | 15.10.2018/27086 | 24.10.2018/ 118040100122 | 10,750/- | |
| 4 | 14.01.2019/27116 | 14.02.2019/ 118040100239 | 91,322/- | |

3. രസീതുകളിൽ പലതിലും വെട്ടിത്തിരുത്തലുകളുണ്ട്.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ/ രസീത് നമ്പർ | തുക | തിരുത്തി എഴുതിയിരിക്കുന്ന തുക |
|---|---|---|---|
| 1 | 27113/26 | 570/- | 470/- |
| 2 | 27113/42 | 135/- | 45/- |
| 3 | 27113/62 | 329/- | 419/- |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം നൽകേണ്ടതും അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14. ജില്ലാ കൃഷിത്തോട്ടം,നേര്യമംഗലം-രസീത് പ്രകാരമുള്ള കളക്ഷൻ തുക ബാങ്കിൽ അടവാക്കിയില്ല-1,11,287/- രൂപ നഷ്ടം

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ സെയിൽസ് കൗണ്ടറിൽ വിവിധ കാർഷികോല്പന്നങ്ങളുടെ വില്പനയിലൂടെ ക്യാഷായി ലഭിക്കുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നില്ല. ഞായർ ഒഴികെ എല്ലാ ദിവസവും കൗണ്ടർ വഴി വില്പന നടക്കുന്നുണ്ടെങ്കിലും ശരാശരി ഓരോ മാസവും ഏഴോ എട്ടോ തവണ മാത്രമേ തുക ബാങ്കിൽ അടവാക്കുന്നുള്ളൂ. ഓരോ തവണയും ബാങ്കിൽ അടവാക്കുന്ന തുക ഏതൊക്കെ ദിവസങ്ങളിലെ വരവാണെന്ന് വ്യക്തമല്ല. രസീത് മുഖേനയുള്ള വരവ് രേഖപ്പെടുത്തുന്ന റവന്യൂ ഡിപ്പോസിറ്റ് രജിസ്റ്ററിൽ ബാങ്കിൽ അടവാക്കുന്ന തുകകളെ സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തുന്നില്ല. ഉല്പന്നങ്ങളുടെ വില്പനയിലൂടെ ഇപ്രകാരം 23,75,979/- രൂപ ലഭിച്ചെങ്കിലും 22,64,692/- രൂപ മാത്രമേ ബാങ്കിൽ അടവാക്കിയിട്ടുള്ളൂ. 1,11,287/- രൂപ അടവാക്കിയിട്ടില്ലെന്ന് വ്യക്തമാണ്.ആയത് ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-15. ജനറേറ്ററിൽ നിന്നും ഡീസൽ നഷ്ടപ്പെട്ടു-ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ട തുക ഈടാക്കിയില്ല

ജില്ലാ പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള 62.5KVA ഡീസൽ ജനറേറ്റർ

പ്രവർത്തിപ്പിക്കുന്നതിനായി വാങ്ങുന്ന ഡീസലിന്റെ അളവിൽ 2015 ജൂലയ് മുതൽ 2018 ജനുവരി വരെയുള്ള മാസങ്ങളിൽ വലിയ തോതിലുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഡീസൽ ഉപഭോഗം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ചെയർമാനായുള്ള ഏഴ് അംഗ അന്വേഷണ കമ്മറ്റി രൂപീകരിച്ചു. കമ്മറ്റിയുടെ അന്വേഷണത്തിൽ ജില്ലാ പഞ്ചായത്തിലെ തന്നെ ഡ്രൈവർ ശ്രീ പി.ഡി.ആന്റണി ജനറേറ്ററിന്റെ ടാങ്കിൽ നിന്നും ഹാന്റ് പമ്പ് ഉപയോഗിച്ച് ഡീസൽ ഊറ്റിക്കൊണ്ടു പോയതിനാലാണ് ഡീസൽ ഉപഭോഗത്തിൽ വർദ്ധനവ് വന്നതെന്ന് കണ്ടെത്തുകയുണ്ടായി. ടിയാൻ അന്വേഷണ കമ്മീഷൻ മുൻപാകെ കുറ്റം സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. പരാമർശിത കാലയളവിൽ വാങ്ങിയ ഡീസലിന്റെ അളവും കറന്റ് പോകുമ്പോൾ വന്ന ഡീസൽ ഉപഭോഗവും തമ്മിൽ വന്നിട്ടുള്ള പൊരുത്തക്കേടിന് താൻ ഉത്തരവാദിയാണെന്ന് 28.02.18 ലെ മൊഴിയിൽ ടിയാൻ സമ്മതിക്കുകയും കമ്മറ്റിയുടെ അന്വേഷണത്തിൽ ബോധ്യപ്പെടുന്ന തുക ജില്ലാ പഞ്ചായത്തിൽ തിരിച്ചടക്കാൻ സന്നദ്ധനാണെന്ന് അറിയിക്കുകയും ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.03.2018 ലെ ഡി.പി2 -930 /18 നടപടി ക്രമം പ്രകാരം ടിയാനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു.
2015 ജൂലായ് മുതൽ 2018 മാർച്ച് വരെ ഓഫീസ് കെട്ടിടത്തിൽ വൈദ്യുതി മുടക്കം വന്നതിന്റെ വിവരങ്ങൾ KSEB യിൽ നിന്നും ലഭ്യമായത്, ജനറേറ്ററിന്റെ fuel consumption rate, ജനറേറ്റർ ഇക്കാലയളവിൽ ആകെ പ്രവർത്തിച്ച സമയം, ആകെ വാങ്ങിയ ഡീസലിന്റെ അളവ് എന്നിവയെ അടിസ്ഥാനമാക്കി കണക്കു കൂട്ടിയപ്പോൾ ആവശ്യമുള്ളതിലും വളരെ അധികം ഡീസൽ വാങ്ങിയതായതായി കണ്ടെത്തുകയും ഇതു മൂലം ജില്ലാ പഞ്ചായത്തിന് 216503.29 രൂപ നഷ്ടം വന്നതായി തിട്ടപ്പെടുത്തുകയും ചെയ്തു. ഈ തുകയും ആയതിന് 31.03.2018 വരെ 12% നിരക്കിലുള്ള പലിശ 37,136.60 രൂപയും ചേർത്ത് ആകെ 2,53,639.80 രൂപ ടിയാനിൽ നിന്ന് ഈടാക്കാൻ തീരുമാനിച്ചു. 15.05.2018 -നകം 2,53,639.80 രൂപ ജില്ലാ പഞ്ചായത്തിൽ അടവാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി ഡി.പി2-930/18 തീയതി 04.05.2018 നം. കത്തയച്ചുവെങ്കിലും നാളിതുവരെയായും ടിയാൻ തുക അടവാക്കിയിട്ടില്ല. ടിയാൻ നിലവിൽ സർവ്വീസിൽ തുടരുകയും ചെയ്യുന്നുണ്ട്. തുക ഈടാക്കാനുള്ള തുടർ നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 31.05.18 ലെ 1-ാം നമ്പർ തീരുമാന പ്രകാരം, ഈ വിഷയത്തിൽ ഡി.പി2 -930/18 നമ്പർ കത്ത് പ്രകാരം 06.06.2018 ൽ സെക്രട്ടറി, തൃക്കാക്കര സബ് ഇൻസ്പെക്ടർ ഓഫ് പോലീസിനും 18.07.2018 ൽ കൊച്ചി സിറ്റി പോലീസ് കമ്മീഷണർക്കും പരാതി നൽകിയെങ്കിലും പോലീസ് പരാതി സ്വീകരിച്ചില്ല. പകരം വിജിലൻസിൽ പരാതിപ്പെടാൻ സെക്രട്ടറിക്ക് അറിയിപ്പ് നൽകുകയും പരാതിക്ക് ഒപ്പം സമർപ്പിച്ച രേഖകൾ തിരികെ നൽകുകയും ചെയ്തു. എന്നാൽ വിജിലൻസിൽ പരാതി നൽകിയില്ല. ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കോൺസലിന്റെ അഭിപ്രായ പ്രകാരം ഈ വിഷയത്തിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്, തൃക്കാക്കര മുൻപാകെ പരാതി സമർപ്പിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 27.07.18 ലെ ജില്ലാ പഞ്ചായത്ത് അടിയന്തിര കമ്മിറ്റി തീരുമാനമെടുത്തു (തീരുമാനം നമ്പർ 3). ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കോൺസലിന് 14.08.18ൽ ഡി.പി2- 930/18 നമ്പർ ആയി കത്തു നൽകിയത് ഫയലിൽ ഉണ്ടെങ്കിലും മജിസ്ട്രേറ്റ് കോടതിയിൽ പരാതി നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 79/16.12.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 16.12.2019 ൽ സമർപ്പിച്ച മറുപടിയിൽ വിജിലൻസ് അന്വേണത്തിന് പഞ്ചായത്ത് ഡയറക്ട്രേറ്റിൽ നിന്നും സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നും മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് അഡ്വ.കൃഷ്ണരാജേന്ദ്രനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. പഞ്ചായത്ത് ഡയറക്ട്രേറ്റുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതും നഷ്ട തുക നാളിതു വരെയുള്ള പലിശ സഹിതം പി.ഡി.ആന്റണിയിൽ നിന്നും ഈടാക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

## 1-16. കൃഷി അനുബന്ധ സൗകര്യം ഏർപ്പെടുത്തൽ എന്ന പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

കൃഷി അനുബന്ധ സൗകര്യം ഏർപ്പെടുത്തൽ എന്ന പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിൻ്റെ പേര് | കൃഷി അനുബന്ധ സൗകര്യം ഏർപ്പെടുത്തൽ (കോൺക്രീറ്റ് മെതിക്കളം കേടുപാടുകൾ തീർത്ത് ആപ്പോക്സി ചെയ്യുന്നത്) |
| പ്രോജക്ട് നമ്പർ | S 1324/19 |
| അടങ്കൽ | 4,50,000/- |
| ചെലവ് | 4,26,827/- |
| ചെക്ക് നമ്പർ | 5013150/11.12.2018 |
| നിർവഹണോദ്യോഗസ്ഥൻ | സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം. ഒക്കൽ. |
| ഭരണാനുമതി | 19/16.04.2018 |

1. വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാതെയും സാങ്കേതികാനുമതി ലഭിക്കാതെയും യാതൊരു പൊതുമരാമത്തു പണിയും ആരംഭിക്കാൻ പാടില്ല. എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി കോഡിൽ നിർദേശിക്കുന്ന ഫോറത്തിൽ തയ്യാറാക്കേണ്ടതും പ്രോജക്ട് റിപ്പോർട്ട്, സ്പെസിഫിക്കേഷൻ സ്റ്റേറ്റ്മെന്റ്, വിശദമായ മെഷർമെന്റും ക്വാണ്ടിറ്റിയും ഓരോ ഇനത്തിലുമുള്ള മതിപ്പു ചെലവും ആകെ ചെലവും കാണിക്കുന്ന സംക്ഷിപ്തം എന്നിവയും ടെണ്ടറിൽ ഉള്ളടക്കം ചെയ്യേണ്ടതാണ് (കേരള പൊതു മരാമത്തു മാന്വൽ പ്ലാനും എസ്റ്റിമേറ്റും (ചട്ടം -6). എറണാകുളം ജില്ലാ പഞ്ചായത്ത് 28.02.2018 ലെ സമിതി (സാധാരണം) തീരുമാനം നമ്പർ 13 ആയി രേഖപ്പെടുത്തിയിരിക്കുന്നത് ഈ പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആരും ചെയ്യാൻ തയ്യാറാകാത്ത സാഹചര്യത്തിൽ സർക്കാർ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസിനെക്കൊണ്ട് അടിയന്തിരമായി ചെയ്യിക്കുന്നതിന് സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ നൽകിയ കത്ത് പരിഗണിച്ചു അനുമതി നൽകുന്നു എന്നാണ്. സർക്കുലർ നമ്പർ ഡി.ബി. 1-7942/2010/ സി. ഇ./തസ്വഭവ തീ.23.06.2018 ലെ നിർദ്ദേശം പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ടെണ്ടർ ചെയ്യുന്നതിനു തയ്യാറാക്കിയിട്ടുള്ള എല്ലാ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അടങ്ങിയ നോട്ടീസ് IKM ന് നൽകി സ്ഥാപനത്തിൻ്റെ വെബ് സൈറ്റിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിച്ചതായോ പ്രവൃത്തി ഏറ്റെടുക്കാൻ ആരും തയ്യാറാകാത്ത സാഹചര്യത്തിൽ റീടെണ്ടർ ചെയ്തതായോ കാണുന്നില്ല.
2. സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗമുള്ള സ്ഥാപനങ്ങൾക്ക് തങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രം അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണ് (G.O.(P)No. 311/74/ Fin Dated TVPM 30.07.2014). കെയ്കോവിനെയാണ് മേൽ പ്രവൃത്തി നടത്തുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സിമന്റ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്നതിന് ഈ സ്ഥാപനത്തിന് അനുമതിയുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.

മേൽ വിഷയങ്ങളിലെ ഓഡിറ്റ് എൻക്വയറി (നം.12)ക്കുള്ള മറുപടിയിൽ കാർഷിക വിളവെടുപ്പുകൾ സമയബന്ധിതമായി നടത്തിയതിനാലാണ് മറ്റു നടപടിക്രമങ്ങൾ പാലിക്കാൻ കഴിയാതിരുന്നതെന്നു അറിയിച്ചിട്ടുണ്ട്. നിയമപരമായ നടപടി ക്രമങ്ങളിലൂടെ മാത്രം പ്രൊജക്ടുകൾ നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-17. വിവിധ ഡെപ്പോസിറ്റ് വർക്കുകൾ -

## വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ചുവടെ കൊടുത്തിരിയ്ക്കുന്ന വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ പൂർത്തിയായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.636/19 തേലത്തുരുത്ത് കുടിവെള്ള പൈപ്പ് ലൈൻ എകസ്റ്റൻഷൻ | ബിൽ നം.91/18/23-10-18 | 1000000 | 00 | 1000000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.737/19 അയ്യന്താനം എസ് സി കോളനി കുടിവെള്ളപദ്ധതി-പാമ്പാക്കുട ഗ്രാ.പ | ബിൽ നം.90/18/23-10-18 | 1000000 | 00 | 1000000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.726/19 മണ്ഡലകോളനി കുടിവെള്ളപദ്ധതി-കരുമാല്ലൂർ ഗ്രാ.പ | ബിൽ നം/132/18/31-12-18 | 150000 | 00 | 150000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.760/19 പാറത്താഴം കുടിവെള്ളപദ്ധതി-ആയവന ഗ്രാ.പ | ബിൽ നം/7/18/15-5-18 | 1100000 | 00 | 1100000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം1610/19 തെക്കുംമല കുടിവെള്ളപദ്ധതി-മഞ്ഞള്ളൂർ ഗ്രാ.പ | ബിൽ നം/142/19/17-01-19 | 1850000 | 00 | 1850000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.1641/19 ആരക്കുന്നം എസ് സി കോളനി കുടിവെള്ളപദ്ധതി-മുളന്തുരുത്തി ഗ്രാ.പ | ബിൽ നം/278/19/ 21-03-19 | 1930000 | 00 | 1930000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.1677/19 പ്രളയക്കാട് കുടിവെള്ള പദ്ധതി- മുടക്കുഴ ഗ്രാ.പ | ബിൽ നം/282/19/22-03-19 | 1000000 | 00 | 1000000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.761/19 അയ്യന്താനം കുടിവെള്ള പദ്ധതി | ബിൽ നം/6/18/15-05-18 | 1500000 | 00 | 1500000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.1613/19 വടകോട് കുളിപ്പാറ മുപ്പതേക്കർ കുടിവെള്ള പദ്ധതി, മഞ്ഞള്ളൂർ | ബിൽ നം.144/19/19-03-19 | 5000000 | 00 | 5000000 |
| കേരള വാട്ടർ അതോറിട്ടി | “ | ബിൽ നം/276/19/21-03-19 | 1300000 | 00 | 1300000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.1663/19 അരികുചിറ കുടിവെള്ള പദ്ധതി- ചെല്ലാനം | ബിൽ നം239/19/22-03-19 | 5000000 | 00 | 5000000 |
| ആകെ | | | | | 20830000 |

പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-18. മിനി ചെക്ക് ഡാം, കുളം എന്നിവ നിർമ്മിയ്ക്കുന്നതിന്

## സർവ്വേയും പഠനവും -ചെലവുവിശദാംശങ്ങളില്ല

കൃഷി അസി.എക്സി.എഞ്ചി.നടപ്പാക്കിയ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ മിനി ചെക്ക് ഡാം, കുളം എന്നിവ നിർമ്മിയ്ക്കുന്നതിനാവശ്യമായ സർവ്വേയും പഠനവും (പ്രോ.നം.769/19) എന്ന പദ്ധതിയ്ക്കായി തനതുഫണ്ടിൽ നിന്നും 51000/- രൂപ (ചെക്ക് നം. 5013193/07.01.19) 'ജോയിന്റ് ഡയറക്ടർ, ഹൈഡ്രോളിക് റിസർച്ച്, കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി' പേർക്ക് നൽകിയിട്ടുണ്ട്. കൃഷി അസി.എക്സി.എഞ്ചിനീയറുടെ തുക കൈമാറുന്നതിനുള്ള ഓഫീസ് നടപടിക്രമങ്ങളും, തുക കൈമാറിയതിന്റെ വിശദാംശങ്ങളും മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയുള്ളു. മുൻകൂറായി നൽകിയ ഈ തുകയുടെ പ്രോജക്ടും, സർവ്വേ റിപ്പോർട്ട് ഉൾപ്പെടെയുള്ള ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാനും 2019-20 ലേയ്ക്ക് മിനി ചെക്ക് ഡാം, കുളം എന്നിവ നിർമ്മിയ്ക്കുന്നതിനുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിയ്ക്കുന്നതിനും നൽകിയ അന്വേഷണകുറിപ്പിന് (നം. 59/03.12.19 ) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുക 51000/-തടസ്സപ്പെടുത്തുന്നു.

## 1-19. ക്ഷീരസാഗരം പദ്ധതിയിൽ ചെലവഴിയ്ക്കാതെ തുക അക്കൗണ്ടിൽ ശേഷിയ്ക്കുന്നു

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ക്ഷീരസാഗരം പദ്ധതി (പ്രോ.നം.എസ് 1611/19) പ്രകാരം 5 പേരടങ്ങുന്ന 25 പശുവളർത്തൽ ഗ്രൂപ്പുകൾക്ക്, ഗ്രൂപ്പൊന്നിന് 218750/-നിരക്കിൽ ആകെ 5500000/- പദ്ധതി വിഹിതത്തിൽ നിന്നും നൽകിയിട്ടുണ്ട്. ആകെ ചെലവഴിച്ച 55 ലക്ഷം രൂപയിൽ 31250/- (ബിൽ നം.4/18-19/22.03.19) കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഓഡിറ്റ് തീയതി വരെയും തുക ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.5/19/13.11.19) ഈ തുക പരിശീലനങ്ങൾക്കായി അക്കൗണ്ടിലേയ്ക്ക് മാറ്റിയതാണെന്നും പരിശീലനത്തിന്റെ ഒരു ഘട്ടം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളുവെന്നും ബാക്കി രണ്ടു ഘട്ടങ്ങൾ കൂടി പൂർത്തിയാക്കുന്ന മുറയ്ക്ക് തുക ചെലവഴിയ്ക്കുന്നതാണെന്നും മറുപടി നൽകി. പദ്ധതിവിഹിതം തുക തൻവർഷം ചെലവായി കാണിയ്ക്കുകയും എന്നാൽ ദീർഘനാൾ ചെലവഴിയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിയ്ക്കുകയും ചെയ്ത നടപടി ക്രമപ്രകാരമല്ല. പരിശീലനപരിപാടികൾ എത്രയും വേഗം പൂർത്തിയാക്കി ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 31250/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20. സുഭിക്ഷ, വിജയദീപം പ്രോജക്ടുകളിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | S0541/19, സുഭിക്ഷ |
| അടങ്കൽ | 10,00,000 -വികസന ഫണ്ട് സാധാരണ വിഹിതം |
| ചെലവ് | ബിൽ നം.08/18-19/16.03.19-7,57,736/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം (എറണാകുളം) |

എറണാകുളം ജില്ലയിലെ ജി.എച്ച്.എസ്.എസ് ചേന്ദമംഗലം, ജി.എച്ച്.എസ്.എസ് ഏഴിക്കര, ജി.എച്ച്.എസ്.എസ് പുതിയകാവ്, ജി.എച്ച്.എസ്.എസ് പുത്തൻതോട്, ജി.എച്ച്.എസ്.എസ് കൈതാരം എന്നീ സ്കൂളുകളിലെ ഹൈസ്ക്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുവാനാണ് പ്രോജക്ട് മുഖേന വിഭാവനം ചെയ്തിരിക്കുന്നത്.

ജില്ലാ പഞ്ചായത്തിന് ഏറ്റെടുത്ത് നടപ്പാക്കാവുന്ന ഭക്ഷണ വിതരണ പദ്ധതികൾ താഴെപ്പറയുന്നു. മേൽ ഉത്തരവിലെ 7.6(7) ഖണ്ഡിക പ്രകാരം സർക്കാർ സ്ക്കൂളുകളിലെ ഏഴാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടുകൾ, ഖണ്ഡിക 7.8.(3) പ്രകാരം എയിഡ്സ്

കൺട്രോൾ സൊസൈറ്റി മുഖേന എച്ച്. ഐ. വി അണു ബാധിതർക്ക് പോഷകാഹാരം നൽകുന്നതിനുള്ള പ്രോജക്ടുകൾ.

സർക്കാർ ഉത്തരവ് (എം.എസ്) നം.10/17 ത.സ്വ.ഭ.വ.തീയതി09.01.17, സർക്കാർ ഉത്തരവ് (കൈ) നം. 22/18ത.സ്വ.ഭ.വ.തീയതി 14.02.18 എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ യിലെ 7.6(5)- വിദ്യാഭ്യാസം എന്ന ഖണ്ഡികയിൽ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ കാര്യത്തിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങളും, ശുചിത്വവും ഉറപ്പാക്കാനുള്ള സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക എന്നതു മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയെന്നും സ്കൂൾ ഉച്ചഭക്ഷണ പദ്ധതി സർക്കാർ പദ്ധതിയാകയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉച്ചഭക്ഷണ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കാൻ പാടില്ലായെന്നും നിഷ്ക്കർഷിക്കുന്നു.

പദ്ധതി മാർഗ്ഗരേഖയിലുൾപ്പെടാത്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സർക്കാരിൽ നിന്ന് മുൻകൂർ അനുവാദം ആവശ്യമാണ്. സുഭിക്ഷ പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാരിൽ നിന്ന് മുൻകൂർ അനുവാദം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി(നം.06/13.11.19) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായുള്ള 7,57,736/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിലെ മറ്റ് അപാകതകൾ താഴെച്ചേർക്കുന്നു.

ഫയലിൽ 4,71,026/- രൂപയുടെ ചെലവിനാസ്പദമായ രേഖകളാണുള്ളത്. വിശദ വിവരം സ്കൂൾ തിരിച്ച് താഴെച്ചേർക്കുന്നു.

| | |
|---|---|
| ജി.എച്ച്.എസ്.എസ് ചേന്ദമംഗലം | 72,320 |
| ജി.എച്ച്.എസ്.എസ് ഏഴിക്കര | 33,504 |
| ജി.എച്ച്.എസ്.എസ് പുതിയകാവ് | 99,830 |
| ജി.എച്ച്.എസ്.എസ് പുത്തൻതോട് | 133225 |
| ജി.എച്ച്.എസ്.എസ് കൈതാരം | 132147 |

ബാക്കി 2,86,710/- രൂപയുടെ ചെലവിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭിച്ചിട്ടില്ല. ഇവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്ട് നം, പേര | S00528/19, വിജയദീപം പദ്ധതി |
| അടങ്കൽ | 46,69,000/-വികസന ഫണ്ട് സാധാരണ വിഹിതം |
| ചെലവ് | ബിൽ നം.07-18-19/16.01.19-9,67,500<br>ബിൽ നം.12-18-19/12.03.19-3686500<br>ആകെ – 46,54,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ , പൊതുവിദ്യാഭ്യാസം (എറണാകുളം ) |

ജില്ലയിലെ വിവിധ സ്കൂളുകളിലെ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന 9308 പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് ക്ലാസ്സ് സമയത്തിന് പുറമേ 50 ദിവസത്തേക്ക് പ്രത്യേക ക്ലാസ്സ് നടത്തുകയും ഈ ദിവസങ്ങളിൽ ഒരോ വിദ്യാർത്ഥിക്കും ലഘു ഭക്ഷണത്തിന് 10 രൂപ വെച്ച് നല്കാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത് (50x9308x10=46,54,000). എന്നാൽ ഇത് ജില്ലാ പഞ്ചായത്തിന് നടപ്പാക്കാവുന്ന ഭക്ഷണ വിതരണ പ്രോജക്ടുകളിൽ ഉൾപ്പെടാത്തതിനാൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി പ്രോജക്ട് നടപ്പാക്കുന്നതിന് ആവശ്യമാണ്. സർക്കാരിൽ നിന്ന് മുൻകൂർ അനുവാദം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി

(നം.06/13.11.19) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ സർക്കാരിൽ നിന്നും മുൻകൂർ അനുവാദം വാങ്ങാതെയുള്ള 46,54,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഈ പ്രോജക്ടിന്റെ ചെലവ്, വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇവ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-21. ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം - നടപ്പാക്കിയ പ്രോജക്ടുകളിലെ പൊതുവായ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | S0590/19, ജില്ലയിലെ വിവിധ വിദ്യാലയങ്ങൾക്ക് പ്രിന്ററുകൾ വാങ്ങൽ |
| അടങ്കൽ | 3,00,000 – മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ബിൽ നം.11-18-19/12.03.19- 2,93,554രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ , പൊതുവിദ്യാഭ്യാസം (എറണാകുളം ) |

ജില്ലയിലെ വിവിധ വിദ്യാലയങ്ങൾക്ക് പ്രിന്ററുകൾ വാങ്ങി നൽകുന്നതിനായി പ്രിന്ററൊന്നിന് 10,872 രൂപ നിരക്കിൽ 27 പ്രിന്ററുകൾ വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇവ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0551/18-19, ഹൈസ്കൂൾ പെൺകുട്ടികൾക്ക് തായേക്കാണ്ടോ പരിശീലനം |
| അടങ്കൽ | 10,00,000 – വികസന ഫണ്ട് സാധാരണ വിഹിതം |
| ചെലവ് | ബിൽ നം. 09-18-19/12.03.19- 4,90,750രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം (എറണാകുളം ) |

ഇതേ പ്രോജക്ടിന്റെ 2017-18ലെ രേഖകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 2018-19 ലെ പ്രോജക്ടിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല ഇവ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0562/19, ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളുടെ ഓഫീസ് ചെലവുകൾ |
| അടങ്കൽ | 25,00,000 – മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ബിൽ നം. 06-18-19/10.01.19- 16,37,093രൂപ<br>ബിൽ നം. 13-18-19/19.03.19- 8,62,758രൂപ<br>ആകെ 24,99,851 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം (എറണാകുളം ) |

ഇതേ പ്രോജക്ടിന്റെ 2017-18 ലെ രേഖകളാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ളത്. 2018-19 വർഷത്തെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ്

എൻകയറി(നം.06/13.11.19)നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഇവ ലഭ്യമാക്കുന്നതു വരെ 3500000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22. കക്ക പുനർജീവന പദ്ധതി പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| പ്രോജക്ട് നം, പേര് | S0307/18-19, കക്ക പുനർജീവന പദ്ധതി |
| അടങ്കൽ | 500000 |
| ചെലവ് | 10/18-19/16.03.19- 50,000<br>11/18-19/16.03.19- 1,75,000<br>12/18-19/16.03.19- 1,75,000<br>13/18-19/18.03.19- 1,00,000<br>ആകെ = 5,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ,ഫിഷറീസ് |

ഉദയംപേരൂർ, ആമ്പല്ലൂർ എന്നീ പഞ്ചായത്തുകളിലെ വേമ്പനാട് കായലോരത്തെ കറുത്ത കക്ക കുറവുള്ള സ്ഥലങ്ങളെ കണ്ടെത്തി,ഈ പ്രദേശങ്ങളിൽ മല്ലി കക്ക വാങ്ങി നിക്ഷേപിക്കുന്ന പദ്ധതിയാണിത്. എന്നാൽ 14.02.18 ലെ ജി.ഒ.(എം.എസ്)22/2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഇപ്രകാരമുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നതായി പറയുന്നില്ല. മാർഗ്ഗരേഖ പ്രകാരമല്ലാത്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി ആവശ്യമാണ്. മുൻകൂർ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.30/21.11.19) മറുപടി ലഭിച്ചില്ല. സർക്കാർ അനുമതി ഇല്ലാതെയുള്ള 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23. മത്സ്യ വിത്ത് നിക്ഷേപം പ്രോജക്ട്-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം,പേര് | S0266/18-19, മത്സ്യ വിത്ത് നിക്ഷേപം |
| അടങ്കൽ | വികസന ഫണ്ട് പൊതു വിഭാഗം-10,00,000 |
| ചെലവ് | 10,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ,ഫിഷറീസ് |

ഫയലിൽ 6,55,042/- രൂപയുടെ ബില്ലുകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ബിൽ നം.21/26.03.19-70,765/- രൂപ, 22/26.03.19-1,05,365/-രൂപ, 23/26.03.19-99,720/-രൂപ, 24/26.03.19-67,308/-രൂപ, 25/26.03.19-1800/-രൂപ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. 3,44,958/- രൂപയുടെ ഈ ബില്ലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.30/21.11.2019) മറുപടി ലഭിച്ചില്ല. ഇവ ലഭ്യമാക്കുന്നതു വരെ 3,44,958/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24. മരുന്ന് വാങ്ങൽ മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് നം., പേര് | S0483/18-19, മാനസികരോഗ പരിചരണ |

| | |
|---|---|
| | ശുശ്രൂഷാലയങ്ങൾക്ക് ഔഷധ ദാനം |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം)- 15,00,000 |
| ചെലവ് | ബിൽ നം. 01/18-19/ 05.02.19-4,03,738<br>ബിൽ നം. 05/18-19/ 18.03.19-10,96,262<br>ആകെ = 15,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) |

താഴെ ചേർത്തിരിക്കുന്ന മാനസികരോഗ പരിചരണ ശുശ്രൂഷാലയങ്ങൾക്ക് വികസന ഫണ്ടുപയോഗിച്ച് ഔഷധ ദാനം നടത്തുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം.

യൂഫ്രേഷ്യ കെയർ സെന്റർ അങ്കമാലി, മർവാല ദയറ മലയാറ്റൂർ, ബത് ലഹേം പെരുമ്പാവൂർ, അഭയ ഭവൻ കൂവപ്പടി, പ്രത്യാശ പൂക്കാട്ടുപടി, കൃപാലയം പട്ടിമറ്റം, ക്യസ്തുരാജ പ്രേയർ സെന്റർ പിറവം, പെലിക്കൺ സെന്റർ കാഞ്ഞിരമറ്റം, അസീസി ചാരിറ്റബിൾ ട്രസ്റ്റ് പുത്തൻവേലിക്കര, സെന്റ് ആന്റണീസ് സദൻ വരാപ്പുഴ, ഇവാഞ്ചൽ കോട്ടുവള്ളി, വീകെയർ വെളിയത്തു നാട്, പരിപാലന ഭവൻ ഉദയംപേരൂർ, ചൈതന്യ സെന്റർ പാലച്ചുവട്, ആശാഭവൻ തൃക്കാക്കര, സ്നേഹഭവൻ പൂക്കാട്ടുപടി, ലവ്ഹോം പോത്താനിക്കാട്, ഫ്രാൻസിസ് തെക്കേക്കര മെമ്മോറിയൽ പെരുമ്പാവൂർ, സെന്റ് ജോർജ് ജ്യോതിഭവൻ, കല്ലൂർക്കാട്, ബഥനി സ്നേഹാലയം കുന്നക്കുടി, സ്നേഹസദൻ കോതമംഗലം, സേവന റീഹാബിലേഷൻ സെന്റർ കോതമംഗലം

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. 14.02.18 ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം. 22/18 -പദ്ധതിമാർഗ്ഗരേഖ- 7.5.3 ഔഷധങ്ങൾ വാങ്ങൽ - പ്രകാരം ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയല്ലാതെ മരുന്നുകൾ വാങ്ങാനോ, മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള ചെലവല്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം ആവശ്യമായിരുന്നു. സർക്കാരിന്റെ മുൻകൂർ അനുവാദമോ, പ്രോജക്ട് നടപ്പാക്കാനനുവദിക്കുന്ന മറ്റുത്തരവുകളോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി(നം.52/29.11.19) മുഖേന ആവശ്യപ്പെട്ടെങ്കിലും, മറുപടി ലഭിച്ചില്ല.
2. മരുന്ന് മുകളിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതിന്റെയോ, ഈ സ്ഥാപനങ്ങൾ മരുന്ന് കൈപ്പറ്റിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങളുടെ സാധൂകരണത്തിന് വിധേയമായി 15,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25. നവയുഗം പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രോജക്ടിലെ അപാകതകൾ താഴെച്ചേർക്കുന്നു.

I

| | |
|---|---|
| പ്രോജക്ട് നം / പേര് | S0250/19/ നവയുഗം, എസ്.സി യുവാക്കൾക്ക് പൈപ്പ് ഫാബ്രിക്കേറ്റർ പരിശീലനം |
| അടങ്കൽ | 13,00,000/-, വികസന ഫണ്ട് (എസ്.സി.പി) |
| | |

| | |
|---|---|
| ചെലവ് | 05/18-19 /22.11.18- 6,50,000<br>14/18-19/ 22.01.19- 3,25,000<br>27/18-19/ 20.03.19- 3,25,000<br>ആകെ 13,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ജില്ലാ പട്ടികജാതി വികസന ഓഫീസർ |

ഐ.റ്റി.ഐ, ഡിപ്ലോമ യോഗ്യതയുള്ള, തിരഞ്ഞെടുക്കപ്പെട്ട ഇരുപത് പട്ടികജാതിയിൽപ്പെട്ട യുവാക്കൾക്ക് പൈപ്പ് ഫാബ്രിക്കേറ്റർ പരിശീലനം നൽകുന്നതിന് സംസ്ഥാന ഗവ. സ്ഥാപനമായ കേരള അക്കാദമി ഫോർ സ്ക്കിൽസ് എക്സലൻസ് (KASE) ന്റെ ശുപാർശ പ്രകാരം Eram Technologies Private Limted എന്ന സ്ഥാപനത്തെ പരിശീലനം നൽകുന്നതിനായി ജില്ലാ പഞ്ചായത്ത് ചുമതലപ്പെടുത്തി. ഈ സ്ഥാപനത്തിന്റെ അങ്കമാലിയിലുള്ള Espoir academy യിലാണ് യുവാക്കൾക്ക് പരിശീലനം നൽകിയത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. പരിശീലനത്തിൽ പങ്കെടുത്ത താഴെപ്പറയുന്ന യുവാക്കൾ എസ്.എസി. വിഭാഗത്തിൽ പെടുന്നവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതാണ്. അബിൻ സുകുമാരൻ (ലിസ്റ്റിലെ ക്രമ നം.1), അജിത്കുമാർ കെ,(2) അക്ഷയ് ഭാസ്ക്കരൻ(4), അമൽ കൃഷ്ണ(5), അരുൺ.വി.കെ.(7), ജിഷ്ണു.എ.എസ്(9), ജിതിൻ മുരളി(10), രാഹുൽ സി.ബി(11), സച്ചിൻ മോഹനൻ(12), ശരത് ശിവൻ(13), ശ്യാംജിത്(14), വിഷ്ണു.കെ(15), വിഷ്ണു.എം(16), യദു കൃഷ്ണൻ(19), യദു വിജയൻ(20).
2. Eram Technologies Private Limted നു വേണ്ടി ഡയറക്ടർ ശ്രീ. പൗലോസ്, തെപ്പാല, ജില്ലാ പട്ടികജാതി വികസന ഓഫീസറുമായി വെച്ചിട്ടുള്ള കരാറിലെ ക്രമനം.2 Monitoring of the training programme will be done by the second party. സെക്കന്റ് പാർട്ടിയായ ജില്ലാ പട്ടികജാതി വികസന ഓഫീസർ ട്രെയിനിംഗ് മോണിട്ടർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
3. കരാറിലെ ക്രമ നം.6- The first party shall ensure placement of SC candidates who successfully complete the training programme, 7 – Agency should submit placement details (offer letter, full address, phone No, Company Name) of the candidates after training programme, 8- In case of any default on the part of first party with respect to timely completion of the training, proper placement after training, the loss incurred by the department will be recovered from the first party. പരിശീലനത്തിൽ പങ്കെടുത്ത ഇരുപത് പേരും ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഏജൻസി റിപ്പോർട്ട് ചെയ്തതായി അറിയിച്ചിട്ടുണ്ട്. എന്നാൽ പരിശീലനം വിജയകരമായി പൂർത്തീകരിച്ച എല്ലാവർക്കും പ്ലേസ് മെന്റ് ആയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. 9 പേർക്ക് വിദേശത്ത് പ്ലേസ്മെന്റ് ലഭിക്കുകയും ബാക്കി 11പേർക്ക് നാട്ടിൽ വിവിധ കമ്പനികളിൽ പ്ലേസ്മെന്റ് ആയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് തെളിയിക്കുന്നതിനായി താല്ക്കാലിക എൻട്രി പെർമിറ്റ് അല്ലാതെ മറ്റ് രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. വിദേശത്ത് ജോലി ലഭിച്ചവരുടെ റസിഡന്റ് പെർമിറ്റും നാട്ടിൽ ജോലി ലഭിച്ചവരുടെ തൊഴിലുടമ നൽകുന്ന എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്.
4. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് /മോണിട്ടറിംഗ് ഗ്രൂപ്പ് പ്രോജക്ട് മോണിട്ടർ ചെയ്തിട്ടില്ല. മോണിട്ടറിംഗ് നടന്നിട്ടുണ്ടോയെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.പ്രോജക്ട് വിജയകരമായി നടപ്പാക്കിയിട്ടുണ്ടോയെന്ന് വിലയിരുത്തേണ്ടത് മോണിട്ടറിംഗ് ഗ്രൂപ്പാണ്. പട്ടിക ജാതി,പട്ടിക വർഗ്ഗ വർക്കിംഗ് ഗ്രൂപ്പ് /മോണിട്ടറിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ കൃത്യമായ മോണിറ്ററിംഗ് ഭാവിയിൽ ഉറപ്പു വരുത്തേണ്ടതാണ്.

II

| | |
|---|---|
| പ്രോജക്ട് നം / പേര | S0250/18-19/ നവയുഗം, എസ്.സി യുവാക്കൾക്ക് |

| | |
|---|---|
| | സ്കാഫോൾഡിംഗ് പരിശീലനം |
| അടങ്കൽ | 10,00,000, വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 06/18-19/22.11.18- 5,00,000<br>15/18-19/22.01.19- 2,50,,000<br>28/18-19/20.03.19- 2,50,000<br>ആകെ 10,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ജില്ലാ പട്ടികജാതി വികസന ഓഫീസർ |

പത്താം ക്ലാസ്സ്, പ്ലസ് ടു യോഗ്യതയുള്ള, തിരഞ്ഞെടുക്കപ്പെട്ട ഇരുപത് പട്ടികജാതി യുവാക്കൾക്ക് ഫോൾഡിംഗ് പരിശീലനം നൽകുന്നതിന് സംസ്ഥാന ഗവ. സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്‍റെ ശുപാർശ പ്രകാരം Eram Technologies Private Limted എന്ന സ്ഥാപനത്തെ പരിശീലനം നൽകുന്നതിനായി ജില്ലാ പഞ്ചായത്ത് ചുമതലപ്പെടുത്തി. ഈ സ്ഥാപനത്തിന്‍റെ അങ്കമാലിയിലുള്ള Espoir academy യിലാണ് യുവാക്കൾക്ക് പരിശീലനം നൽകിയത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. പരിശീലനത്തിൽ പങ്കെടുത്ത താഴെപ്പറയുന്ന യുവാക്കൾ എസ്.എസി. വിഭാഗത്തിൽ പെടുന്നവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

അജീഷ് ലാൽ ആസാദ് (ലിസ്റ്റിലെ ക്രമ നം.14), അഭിജിത് വി.എൻ,(17) സബിൻ മാത്യു,(18) അമൽദേവ് എൻ.എം,(19) അമൽ അനിൽ പി.എ(20).

2. Eram Technologies Private Limted നു വേണ്ടി ഡയറക്ടർ ശ്രീ. പൗലോസ്, തെപ്പാല , ജില്ലാ പട്ടികജാതി വികസന ഓഫീസറുമായി 15.11.18ൽ വെച്ചിട്ടുള്ള കരാറിലെ ക്രമനം.2 Monitoring of the training programme will be done by the second party. സെക്കന്‍റ് പാർട്ടിയായ ജില്ലാ പട്ടികജാതി വികസന ഓഫീസർ ട്രെയനിംഗ് മോണിട്ടർ ചെയ്തതിന്‍റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3. കരാറിലെ ക്രമ നം.6- The first party shall ensure placement of SC candidates who successfully complete the training programme, 7 – Agency should submit placement details (offer letter, full address, phone No, Company Name) of the candidates after training programme, 8- In case of any default on the part of first party with repect to timely completion of the training , proper placement after training, the loss incurred by the department will be recovered from the first party.

പരിശീലനത്തിൽ പങ്കെടുത്ത ഇരുപത് പേരും ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഏജൻസി റിപ്പോർട്ട് ചെയ്തതായി അറിയിച്ചിട്ടുണ്ട്. എന്നാൽ വിജയകരമായി പൂർത്തീകരിച്ച എല്ലാവർക്കും പ്ലേസ് മെന്‍റ് ആയതിന്‍റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. 6 പേർക്ക് വിദേശത്ത് പ്ലേസ് മെന്‍റ് ലഭിക്കുകയും ബാക്കി 14പേർക്ക് നാട്ടിൽ വിവിധ കമ്പനികളിൽ പ്ലേസ് മെന്‍റ് ആയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് തെളിയിക്കുന്നതിനായി താല്ക്കാലിക എൻട്രി പെർമിറ്റ് അല്ലാതെ മറ്റ് രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. വിദേശത്ത് ജോലി ലഭിച്ചവരുടെ റസിഡന്‍റ് പെർമിറ്റും നാട്ടിൽ ജോലി ലഭിച്ചവരുടെ തൊഴിലുടമ നൽകുന്ന എംപ്ലോയ്മെന്‍റ് സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്.

4. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് മോണിട്ടർ ചെയ്തതിട്ടില്ല. സ്റ്റാന്‍റിംഗ് കമ്മിറ്റി വിഷയത്തിൽ ആവശ്യമായ നിർദ്ദേശം നൽകിയിട്ടില്ല. പ്രോജക്ട് മോണിട്ടർ ചെയ്യാതിരുന്നത് മൂലം പട്ടിക ജാതി,പട്ടിക വർഗ്ഗ വർക്കിംഗ് ഗ്രൂപ്പ് /മോണിട്ടറിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യസ്റ്റാന്‍റിംഗ് കമ്മിറ്റി എന്നിവ കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തി.

## 1-26. പ്രളയത്തിൽ നശിച്ച ഖാദി യൂണിഫോമിന്‍റെ വില നോൺ -റോഡ് മെയിന്‍റനൻസ് ഗ്രാന്‍റിൽ നിന്നും സ്കൂളിന്

# നൽകി

2018 ഓഗസ്റ്റ് 15 മുതൽ 19 വരെയുള്ള കാലയളവിൽ ഉണ്ടായ പ്രളയത്തിൽ യൂണിഫോം തുണിത്തരങ്ങൾ വെള്ളം കയറി ഉപയോഗ ശൂന്യമായതിനെ തുടർന്ന് ഹാൻവീവിന് നൽകേണ്ട തുക ബാദ്ധ്യതയായി മാറിയതിനാൽ ബാദ്ധ്യത ഒഴിവാക്കുന്നതിന് സഹായം ചോദിച്ചു കൊണ്ട് പ്രിൻസിപ്പാൾ 12.10.18 ന് സെക്രട്ടറിക്ക് കത്ത് നൽകി. ആകെ ബിൽ തുകയിലെ 79,128/-യിൽ 30% സ്പെഷ്യൽ ഡിസ്കൗണ്ട് അനുവദിക്കുകയും ബാക്കി 55,390/- രൂപ അടവാക്കണമെന്ന് ആവശ്യപ്പെടുകയുമാണ് ഹാൻവീവ് ചെയ്തത്. ജനറൽ കമ്മിറ്റിയുടെ 16.11.18ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 50,000/- രൂപ പ്രിൻസിപ്പാളിന് അനുവദിച്ചു നൽകി. പ്രൊജക്ട് നമ്പർ 433/19 (ജില്ലാ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾ)ൽ ഉൾപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)ൽ നിന്നാണ് തുക അനുവദിച്ചു നൽകിയത്. ട്രഷറി ബിൽ നമ്പർ211/19 തീ.23.2.19 പ്രകാരം തുക നൽകി.

സ്കൂൾ യൂണിഫോം വിതരണം ചെയ്യൽ പ്രൊജക്ടായോ പ്രൊജക്ടിന്റെ ഭാഗമായോ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയതല്ല. ക്രെഡിറ്റിൽ തുണിത്തരങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഹാൻവീവിൽ നിന്നും ലഭ്യമാക്കിയില്ല. ഡിസ്ക്കൗണ്ട് കുറച്ച് അടവാക്കേണ്ട തുകയുടെ വിവരം കാണിച്ചു കൊണ്ട് ഹാൻവീവ് ഷോറൂം ഇൻ- ചാർജ് നൽകിയ നമ്പരും തീയതിയും ചേർത്തിട്ടില്ലാത്ത ബില്ലിന്റെ പകർപ്പ് മാത്രമേ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ടി ബിൽ പ്രകാരം ഫുൾ യൂണിഫോമിനുള്ള തുണിത്തരങ്ങൾ വാങ്ങിയിട്ടില്ല. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഷർട്ട് തയ്ക്കുന്നതിനുള്ള തുണിത്തരങ്ങൾ മാത്രമാണുള്ളത്.ഹയർ സെക്കന്ററി വിഭാഗത്തിൽ 500ൽ അധികം കുട്ടികൾ ടി സ്കൂളിൽ പഠിക്കുന്നുണ്ട്. കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ദൈനം ദിന നടത്തിപ്പിനായി വരുന്ന ചെലവുകൾക്കു മാത്രമേ നോൺ-റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കാൻ സാധിക്കൂ എന്നിരിക്കെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഇവിടെ തുക ചെലവഴിച്ചു.സ്കൂൾ പി.ടി.എ ഫണ്ടിൽ നിന്നും ഹാൻവീവിന് തുക നല്കാമെന്നിരിക്കെ ജില്ലാ പഞ്ചായത്തുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യത്തിന് പദ്ധതി പണം ചെലവഴിച്ചത് ഉചിതമായില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ 28/21.11.19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 13.12.19 ൽ മറുപടി ലഭ്യമാക്കി. സ്കൂൾ പി.ടി.എ തീരുമാന പ്രകാരമാണ് ഖാദി യൂണിഫോം കുട്ടികൾക്ക് നൽകുന്നതെന്നും ഇതു സംബന്ധിച്ച ജില്ലാപഞ്ചായത്തിനെ അറിയിച്ചിട്ടില്ലെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാപഞ്ചായത്തുമായി യാതൊരു ബന്ധവുമില്ലാത്ത ഇത്തരം കാര്യങ്ങൾക്ക് പദ്ധതിപ്പണം ചെലവഴിക്കുന്നത് ആശാസ്യമല്ല. തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

## 1-27. സന്ദർശക വിസയിൽ വിദേശ യാത്ര നടത്തിയവർക്ക് ധനസഹായം നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0195/18-19, പുതിയ ആകാശം, എസ്.സി. യുവാക്കൾക്ക് വിദേശ തൊഴിൽ-ധനസഹായം |
| അടങ്കൽ | 5,00,000/- |
| ചെലവ് | 18/18-19-25.01.19-3,00,000<br>29/18-19- 19.03.19-2,00,000<br>ആകെ = 5,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ജില്ലാ |

| | |
|---|---|
| | പട്ടികജാതി വികസന ഓഫീസർ |

14.02.18 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/2018- പദ്ധതി മാർഗ്ഗരേഖ പ്രകാരം പട്ടിക ജാതി, പട്ടിക വർഗ്ഗ യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് ഒരു ലക്ഷം രൂപ ധനസഹായം നൽകാവുന്നതാണ്. അനന്തു മോഹൻ, നിവേദ് ഉണ്ണി, സജിത് രാജപ്പൻ, മിഥുൻ ബിനു, അനൂപ് വേലായുധൻ എന്നിവർക്ക് ഒരു ലക്ഷം രൂപ വീതം ആകെ അഞ്ചു ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

അഞ്ച് വിസയിലെയും "നമ്പർ ഓഫ് എൻട്രീസ്- സിംഗിൾ" എന്നുള്ളതിൽ നിന്നും കാലവധി 03.01.19 മുതൽ 90 ദിവസം എന്നുള്ളതിൽ നിന്നും സന്ദർശക വിസയിലാണ് അഞ്ച് പേരും വിദേശയാത്ര നടത്തിയിട്ടുള്ളത് എന്ന് മനസ്സിലാകുന്നു. സന്ദർശക വിസയിൽ ജോലി ചെയ്യുന്നത് നിയമ വിരുദ്ധമാണ് കൂടാതെ പദ്ധതി മാർഗ്ഗരേഖ പ്രകാരം ധനസഹായത്തിന് അനർഹരുമാണ്. ആയതിനാൽ ഇവർക്ക് തൊഴിൽ വിസ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.41/23.11.19) മറുപടിയായി താല്ക്കാലിക വർക്ക് പെർമിറ്റാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇവർ വിദേശത്ത് തൊഴിൽ ചെയ്തിരുന്നു എന്ന് തെളിയിക്കുന്ന സൗദി ഗവൺമെന്റ് നൽകിയ റെസിഡന്റ് പെർമിറ്റിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. അതുവരെ 5,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. റസിഡന്റ് പെർമിറ്റ് ലഭ്യമാക്കാൻ സാധിച്ചില്ലെങ്കിൽ, തുക ഉദ്യോഗാർത്ഥികളിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി അറിയിക്കേണ്ടതാണ്.

## 1-28. എ.സി.വാങ്ങൽ-നൽകേണ്ട തുകയ്ക്ക് പുറമേ ജി.എസ്.ടി അധികമായി നൽകിയതു മൂലം ജില്ലാ പഞ്ചായത്തിന് നഷ്ടം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S1410/18-19, ജില്ലാ ആശുപത്രി ഹീമോഫീലിയാ വിഭാഗത്തിൽ എ.സി. വാങ്ങൽ |
| അടങ്കൽ | തനത് ഫണ്ട് -2,25,2000 |
| ചെലവ് | ചെക്ക് നം. 422397 തീയതി 24.01.19 -2,14,500/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ഹോസ്പിറ്റൽ, എറണാകുളം (അലോപ്പതി) |

ഹീമോഫീലിയാ വിഭാഗത്തിന് അഞ്ച് എ.സി. വാങ്ങി നൽകുന്നതിനായി എയർകോൾ എന്റർപ്രൈസസിന് 2,14,500/- രൂപ നൽകിയിട്ടുണ്ട്. 06.12.18 ലെ AE-QTN:126-11 നമ്പർ കത്ത് പ്രകാരം എയർക്കോൾ എന്റർപ്രൈസസ് കോട്ട് ചെയ്ത തുക 1.5 ടൺ എ.സി. ഒന്നിന് 37,400 രൂപയും വി.ഗാർഡ് സ്റ്റെബിലൈസർ (4KVA) ഒന്നിന് 2500 രൂപയുമാണ്. കൂടാതെ The above rate is inclusive of all taxes എന്നും കത്തിൽ ചേർത്തിട്ടുണ്ട്. ആയതിനാൽ അഞ്ച് എ.സി.യ്ക്കും അഞ്ച് സ്റ്റെബിലൈസറിനും കൂടി നൽകേണ്ടതുക (5 x 37400 + 5 x 2500 = 187000 +12500 =199500) 199500 രൂപയാണ്. ഈ തുകയ്ക്ക് പുറമേ ജി.എസ്.ടി നൽകിയതു മൂലം അധികം നൽകിയ തുക 214500 -199500 = 15,000/- രൂപ. ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (58/03.12.19) മറുപടി ലഭിച്ചില്ല. വിശദാംശം ഖണ്ഡിക 3-17ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1- 29. കർഷകർക്ക് ഉടമസ്ഥാവകാശമുള്ള/ കൈവശാവകാശമുള്ള ഭൂമിയ്ക്ക് ആനുപാതികമായല്ലാതെ ധനസഹായം നൽകി

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S0141/19/ പൊക്കാളി പാടത്തെ ഒരു |

| | |
|---|---|
| | നെല്ലും ഒരു ചെമ്മീനും പദ്ധതി |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം-38,00,000/- മറ്റുള്ളവ് 38,00,000/-<br>--------------------------------<br>ആകെ 76,00,000/- |
| ചെലവ് | ബിൽ നം.07/18-19/12.03.19-19,94,782/-<br>ബിൽ നം. 08/18-19 / 12.03.19 – 13,54,500/-<br>ബിൽ നം.09/18-19/ 16.03.19- 4,50,718/-<br>---------------------------------<br>38,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |

മേൽ പദ്ധതി നടത്തിപ്പിനുള്ള ധനസഹായം പരമാവധി രണ്ട് ഹെക്ടറിന് മൂന്ന് ലക്ഷം രൂപയായി യൂണിറ്റ് കോസ്റ്റ് നിജപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ 50% വികസന ഫണ്ടിൽ നിന്ന് നൽകാനും, ബാക്കി 50% ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ റ്റി.ജി.സുബ്രഹ്മണ്യൻ, മാധവൻ.റ്റി, ദിലീപ്.കെ.റ്റി, എ.റ്റി.ജോസഫ് എന്നീ നാല് കർഷർക്ക് അവർക്ക് ഉടമസ്ഥാവകാശമുള്ള/കൈവശാവകാശമുള്ള ഭൂമിയ്ക്ക് ആനുപാതികമായല്ല ധനസഹായം നൽകിയിരിക്കുന്നത്. ഇപ്രകാരം 81780/-രൂപ അധികമായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/21.11.2019) മറുപടി ലഭിച്ചില്ല.

## 1-30. എസ്.റ്റി.വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം., പേര് | S0065/19, എസ്.റ്റി വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനം |
| അടങ്കൽ | വികസന ഫണ്ട് (റ്റി.എസ്.പി)- 1,08,190/- |
| ചെലവ് | 03/18-19/29.10.18- 18,000<br>04/18-19/29.10.18- 6,000<br>06/18-19/17.11.18- 30,500<br>08/18-19/17.12.18- 28,500<br>13/18-19/ 19.01.19- 4,000<br>15/18-19/06.02.19 – 18,500<br>19/18-19/08.03.19- 2,688<br>ആകെ 1,08,188/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെവലപ്പ്മെന്റ് ഓഫീസർ, ട്രൈബൽ |

പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ നൈപുണ്യ വികസനത്തിനായി രണ്ട് കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെയും, ഒരു ചിത്ര രചന അദ്ധ്യാപകനെയും ഒരു പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് ഇൻസ്ട്രക്ടറെയും നിയമിച്ചിരുന്നു. കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെയും, ചിത്ര രചന

അദ്ധ്യാപകനെയും വാക്ക് ഇൻ ഇന്റർവ്യൂവിൽ ലഭിച്ച മാർക്കുകളുടെ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. എന്നാൽ പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് ഇൻസ്ട്രക്ടറായ ശ്രീ. ജിജോ ജോസഫിന്റെ നിയമനത്തിന്റെ അടിസ്ഥാനം എന്തെന്ന് ലഭ്യമാക്കിയ രേഖകളിൽ നിന്ന് വ്യക്തമല്ല. ക്ലാസ് ഒന്നിന് 1500/- രൂപ നിരക്കിലാണ് ശ്രീ ജിജോ ജോസഫിനെ നിയമിച്ചിട്ടുള്ളത്. ശ്രീ ജിജോ ജോസഫിനെ നിയമിച്ചതിന്റെ അടിസ്ഥാനം അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടിയായി സർവ്വശിക്ഷാ അഭിയാനിലെ കോതമംഗലം ബ്ലോക്ക് റിസോഴ്സ് പേഴ്സന്റെ നിർദ്ദേശ പ്രകാരമാണ് ഇദ്ദേഹത്തെ നിയമിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. ജിജോ ജേക്കബ് എൻജിനീയറിംഗ് മേഖലയിൽ വിദ്യാഭ്യാസ യോഗ്യതയുള്ള ആളാണെങ്കിലും വ്യക്തി വികസനസം സംബന്ധിച്ച് പരിശീലനം നടത്തുവാൻ യോഗ്യത നേടിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും യോഗ്യത സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ ഈ പ്രോജക്ട് നടപ്പാക്കുന്നുണ്ടെങ്കിൽ അപേക്ഷ ക്ഷണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തേണ്ടതാണ്.

ശ്രീ.ജിജോ ജോസഫ്,പിണവൂർക്കുടി പ്രീ മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് 2018 സെപ്റ്റംബർ മാസം രണ്ടു ദിവസം ക്ലാസ്സ് എടുത്തിട്ടുണ്ട് (20.09.18,30.09.18). ഇതിന് പ്രതിഫലം നൽകിയിട്ടുണ്ട് (ബിൽ നം.03/18-19/29.10.18- 18,000). 2018 ഒക്ടോബർ മാസം (14.10.18) ഒരു ദിവസം മാത്രമേ ക്ലാസ്സ് എടുത്തിട്ടുള്ളുവെങ്കിലും മൂന്നു ദിവസത്തെ പ്രതിഫലം നൽകിയിട്ടുണ്ട് (ബിൽ നം.06/18-19/17.11.18-30,500). രണ്ട് ദിവസത്തെ അധിക പ്രതിഫലം 3000/-രൂപ നൽകിയതിന് വിശദീകരണം നൽകിയിട്ടില്ല. അധികം നൽകിയ 3000/- രൂപ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി അറിയിക്കേണ്ടതാണ്. വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-31. റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS)- പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം/ പേര് | S0383/19,റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം |
| അടങ്കൽ | 26,00,000/-<br>1)13,00,000/- ( വികസന ഫണ്ട്)<br>2)13,00,000/- (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | **10,75,000/-** (വികസന ഫണ്ട്)<br>1) 2,00,000/- (ബിൽ നം 1/18-19, തീയതി 28/11/18)<br>2) 1,25,000/- (ബിൽ നം 2/18-19, തീയതി 31.12.18)<br>3) 2,00,000/- (ബിൽ നം 5/18-19, തീയതി 12.3.19)<br>4)2,25,000/- (ബിൽ നം 20/18-19, തീയതി 26.3.19)<br>5)3,25,000/- (ബിൽ നം 21/18-19, തീയതി 25.3.19) |
| നിർവഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) |

ഉൾനാടൻ മത്സ്യോൽപ്പാദനവും മത്സ്യകർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 5000 ലിറ്റർ കപ്പാസിറ്റിയുള്ള അക്വാപോണിക്സ് ആർ.എ.എസ്. യൂണിറ്റ് ഒരെണ്ണം സ്ഥാപിക്കുന്നതിന് ചെലവ് വരുന്ന 50,000/- രൂപയുടെ (30,500/- രൂപ അടിസ്ഥാന സൗകര്യത്തിനും 19,500/- രൂപ പ്രവർത്തന ചെലവിനുമുൾപ്പെടെ) അംഗീകൃത ബില്ല് മത്സ്യകർഷകരായ ഗുണഭോക്താക്കൾ ഹാജരാക്കുന്ന മുറയ്ക്ക് 50% സബ്സിഡിയായ 25000/- രൂപ അവർക്ക് നൽകുവാനാണ് മേൽ പ്രോജക്ടിനാൽ ഉദ്ദേശിച്ചത്. മത്സ്യ കർഷക ക്ലബിൽ അംഗത്വവും സ്വന്തമായി ഭൂമിയും ഉള്ള വ്യക്തികളെയാണ് പ്രോജക്ട് പ്രകാരം ഗുണഭോക്താക്കളായി

വിവക്ഷിച്ചിരുന്നത്. ഇപ്രകാരം 43 പേർക്ക് 25000/- രൂപ വീതം സബ്സിഡി ആനുകൂല്യം നൽകി ആകെ 10,75,000/- രൂപ വികസന ഫണ്ടിൽ നിന്നും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ടി പ്രോജക്ട് ഫയൽ പരിശോധിച്ചതിലെ അപാകതകൾ താഴെപ്പറയുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് ( നം – 31/ 22.11.19 ) മറുപടി ലഭ്യമാക്കിയില്ല.

1) സബ്സിഡി മാർഗരേഖ പ്രകാരം പ്രോജക്ട് അനുവദനീയമല്ലായെന്ന് കാണുന്നു. മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയതിന്റെ രേഖകൾ (മാർഗരേഖ – പൊതുനിബന്ധനകൾ-ഖണ്ഡിക 2.2.) എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല.

2) ഗ്രാമസഭ നേരിട്ട് വിളിച്ചു കൂട്ടുവാൻ കഴിയാത്ത ജില്ലാപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത് എന്നിവയുൾപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ അതാത് ഗ്രാമസഭ വഴിയാവണം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കണ്ടതെന്ന് ഗുണഭോക്തൃതിരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗരേഖയിൽ (ജി.ഒ ( പി) 220/97 തീയതി 2.10.97) നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി മുഖേന ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെ എപ്രകാരമാണ് തിരഞ്ഞെടുത്തതെന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായില്ല. മാത്രമല്ല ഗുണഭോക്താക്കൾ ഉൾപ്പെട്ട അംഗീകൃത ഗ്രാമസഭ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല.

3) മത്സ്യകർഷക ക്ലബിൽ അംഗത്വമുള്ളവരെയാണ് ആനുകൂല്യം നൽകുന്നതിനായി പരിഗണിക്കേണ്ടതെന്ന് പ്രോജക്ടിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ 43 ഗുണഭോക്താക്കളുടെയും അംഗത്വം സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമായില്ല.

4) സബ് സിഡി മാർഗരേഖ ഖണ്ഡിക 2.12 (2) പ്രകാരം മത്സ്യവികസന മേഖലയിൽ സബ്സിഡി ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ വാർഷികവരുമാനം മേൽ പരിധിയിൽ അധികരിച്ചിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഹാജരാക്കിയ രേഖയനുസരിച്ച് (റേഷൻ കാർഡ്) കുടുംബ വാർഷിക വരുമാനം | റേഷൻ കാർഡ് നമ്പർ |
|---|---|---|---|
| 1 | എ.എ.ബാലകൃഷ്ണൻ, അമ്പമറ്റത്തിൽ വീട്, കറുകപ്പിള്ളി പുത്യക്ക | 7,34,400/- (61200 x 12) | 1738062272 |
| 2 | മനു പോൾ എമ്പാശ്ശേരി വീട് ഇരിങ്ങോൾ പെരുമ്പാവൂർ | 9,24,000/- (77000 x12) | 1738029408 |
| 3 | ജോസ് പോൾ കുളപ്പുറം,പൈങ്ങോട്ടൂർ | 9,72,000/- (81000 x12) | 2264015461 |

5) ഒരു RAS അക്വാപോണിക്സ് യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള ചെലവ് 50,000/- രൂപയെന്ന് കണക്കാക്കി, ടി തുകയുടെ അംഗീകൃത ബിൽ ഹാജരാക്കുന്നതിന് വിധേയമായി 50% സബ്സിഡി തുകയായ 25,000/-രൂപ അനുവദിക്കുന്നതിനായിരുന്നു പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് RAS യൂണിറ്റ് സ്ഥാപിക്കുന്നതിനുണ്ടായ ചെലവ്, അവർ ഹാജരാക്കിയ രേഖകൾ പ്രകാരം, 50,000/- രൂപയിൽ കുറവായിരുന്നിട്ടും ആനുപാതികമായ കുറവ് വരുത്താതെ 25,000/-രൂപ നിരക്കിൽ തന്നെ സബ്സിഡി അനുവദിച്ചതായി കാണുന്നു.

| ക്രമ. നം | ഗുണഭോ ക്താവിന്റെ പേര് | ഹാജരാക്കിയ രേഖകൾ പ്രകാരം ചെലവായ ആകെ തുക | നൽകേണ്ടിയിരുന്ന സബ്സിഡി (ചെലവ് തുകയുടെ 50%) |
|---|---|---|---|
| 1 | മേരി മാത്യു | 35,340/- | 17,670/- |

| | | | |
|---|---|---|---|
| | പുല്ലംകോട്ട് കോലഞ്ചേരി | | |
| 2 | അന്നമ്മ പത്രോസ് കുഴിവേലിൽ പുത്തൻകുരിശ് | 38056/- | 19,028/- |
| 3 | ലില്ലി മാത്യു താന്നിക്കോട്ടിൽ വടവുകോട് | 34217/- | 17,109/- |

മേൽ 3 ഗുണഭോക്താക്കളുടെ ആനുകൂല്യത്തിനായുള്ള അപേക്ഷയും, വരുമാനം, താമസം എന്നിവ തെളിയിക്കുന്ന രേഖകളും ഫയലിൽ ലഭ്യമല്ല. ആയതും 50,000/- രൂപയ്ക്കുള്ള മുഴുവൻ ചെലവ് രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

6) ബിൽ നം 21/18-19, തീയതി 25.3.19 പ്രകാരം പിൻവലിച്ച 3,25,000/- രൂപയുടെ ട്രഷറി ബിൽ ഹാജരാക്കാത്തതിനാൽ അവസാന ഘട്ടത്തിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

7) പദ്ധതി ലക്ഷ്യം കൈവരിച്ചെന്ന് തെളിയിക്കുന്ന മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മാർഗരേഖ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനാലും ചെലവ് രേഖകൾ പൂർണമായി ഹാജരാക്കാത്തതിനാലും പദ്ധതിയ്ക്കായി ചെലവഴിച്ച 10,75,000/- രൂപ തടസപ്പെടുത്തുന്നു.

## 1-32. വനിതകൾക്ക് മത്സ്യ ഉത്പന്നങ്ങളുടെ നിർമാണ പരിശീലനവും യൂണിറ്റ് സ്ഥാപിക്കലും - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | S0331/19 മത്സ്യതൊഴിലാളി വനിതകൾക്ക് മൂല്യവർദ്ധിത മത്സ്യ ഉത്പന്നങ്ങളുടെ നിർമാണ പരിശീലനവും യൂണിറ്റ് സ്ഥാപിക്കലും |
| അടങ്കൽ | **17,00,000/-**<br>1)9,50,000/- ( വികസന ഫണ്ട്)<br>2)7,50,000/- (ഗുണഭോക്തൃവിഹിതം) |
| ചെലവ് | **9,21,700/-** ( വികസന ഫണ്ട്)<br>1) Rs- 171700/- (ബിൽ നം-3/18,19 തീയതി- 25.11.18 )<br>2) Rs-3,00,000/- (ബിൽ നം-27/18.19 തീയതി- 26.3.19 )<br>3)Rs- 4,50,000/- (ബിൽ നം-28/18.19 തീയതി- 26.3.19 ) |
| നിർവഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) |

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 3 പേരടങ്ങുന്ന 5 മത്സ്യതൊഴിലാളി വനിത ഗ്രൂപ്പുകൾക്ക് കേരള കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസി മുഖേന (KSCADC, ശക്തികുളങ്ങര, കൊല്ലം) വിവിധ മത്സ്യോൽപ്പന്നങ്ങളുടെ നിർമാണ പരിശീലനവും തുടർന്ന് വ്യവസായ യൂണിറ്റ്

സ്ഥാപിക്കുന്നതിലേക്ക് യൂണിറ്റ് ഒന്നിന് 3 ലക്ഷം രൂപ ചിലവഴിച്ചതിന്റെ അംഗീകൃത ബില്ല് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പൊന്നിന് 1.5 ലക്ഷം രൂപ വീതം 5 ഗ്രൂപ്പുകൾക്കായി ആകെ 7,50,000/- രൂപ സബ്സിഡിയും വികസന ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.
പദ്ധതി നിർവഹണത്തിലുണ്ടായ അപാകതകൾ താഴെപ്പറയുന്നു. എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും (35/23.11.19) ആയവക്ക് മറുപടി നൽകിയില്ല.

1) പദ്ധതിയിലുൾപ്പെടുന്ന 15 ഗുണഭോക്താക്കൾക്ക് 2019 ജനുവരി 21 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ പരിശീലനം നൽകുിയതിനും മറ്റനുബന്ധ ചെലവ് വഹിച്ചതിനും KSCADC ക്ക് ആകെ 1,71,700/- രൂപ നൽകിയിട്ടുണ്ട്. ടി തുകയിലെ 22,500/-രൂപ പരിശീലനാർത്ഥികൾക്ക് യാത്രക്കൂലിയിനത്തിൽ നൽകി ചെലവഴിച്ചതാണ്. മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ ആയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-3 ൽ ചേർത്തിട്ടുണ്ട്.

2) വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിലേക്ക് ധനസഹായം അനുവദിച്ച ഗ്രൂപ്പുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രൂപ്പുകൾ ഉൾപ്പെടുന്ന അതാത് ഗ്രാമസഭകളിൽ നിന്നും അവയ്ക്ക് അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ഗ്രൂപ്പിന്റെ പേര് | ബന്ധപ്പെട്ട പഞ്ചായത്ത് |
|---|---|---|
| 1 | പുനർജ്ജനി | മുളവുകാട് |
| 2 | സുരഭി | മുളവുകാട് |
| 3 | അനുഗ്രഹ | മുളവുകാട് |
| 4 | സമുദ്ര | മുളവുകാട് |
| 5 | അമൃത | വരാപ്പുഴ |

3) സബ്സിഡി ആനുകൂല്യം ലഭിച്ച 5 ഗ്രൂപ്പുകളിൽ ''പുനർജ്ജനി'' ഒഴികെയുള്ളവയിലെ ഗുണഭോക്താക്കൾ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കേണ്ടതാണ്.

4) വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്ക് യൂണിറ്റ് ഒന്നിന് 3 ലക്ഷം രൂപ ചെലവഴിച്ചതിന്റെ അംഗീകൃത ബില്ല് ഹാജരാക്കുന്നതിന് വിധേയമായാവണം സബ് സിഡി തുക അനുവദിക്കേണ്ടതെന്നിരിക്കെ 5 ഗ്രൂപ്പുകളുടെയും ഫയലിൽ ചേർത്തിട്ടുള്ള ചെലവ് രേഖകൾ പൂർണമല്ല. 3 ലക്ഷം രൂപയുടെ ചെലവ് രേഖകൾ, ഗ്രൂപ്പ് തിരിച്ച്, പൂർണമായി ഹാജരാക്കേണ്ടതാണ്.

5) ആനുകൂല്യം കൈപ്പറ്റിയ 5 ഗ്രൂപ്പുകളും, വ്യവസായ യൂണിറ്റെന്ന നിലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

6) 26.3.19 തീയതിയിൽ യഥാക്രമം 27/18.19, 28/18.19 നമ്പർ ബില്ലുകൾ പ്രകാരം പിൻവലിച്ച 3,00,000/- രൂപയുടേയും, 4,50,000/- രൂപയുടേയും ട്രഷറി ബില്ലുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.
ക്രമ നമ്പർ 2 മുതൽ 6 വരെയുള്ള ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്ന രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി പദ്ധതിക്കായി ചെലവഴിച്ച 8,99,200/-രൂപ തടസത്തിൽ വെയ്ക്കുന്നു. മാർഗരേഖക്ക് വിരുദ്ധമായി യാത്രക്കൂലിയിനത്തിൽ ചെലവഴിച്ച 22,500/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 1-33. നെൽക്ക്യഷിക്ക് കൂലിച്ചെലവ് - വിഹിതം നൽകിയതിൽ അപാകത

| | |
|---|---|
| പ്രോജക്ട് | SO391/19,നെൽകൃഷിക്ക് കൂലിച്ചെലവ് |
| അടങ്കൽ | 1,80,00,000/- (വികസന |

| | |
|---|---|
| | ഫണ്ട്) |
| ചെലവ് | 1,77,45,000/- (47ബില്ലുകളിലായി വിവിധ തീയതികളിൽ മാറിയിരിക്കുന്നു) |
| നിർവഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ ,കൃഷി (ജലപരിപാലനം) |
| ഫയൽ നം | TA2 3061/18 vol II |

വിവിധ പഞ്ചായത്തുകൾക്ക് നെൽകൃഷി കൂലിച്ചെലവിനുള്ള ജില്ലാ പഞ്ചായത്ത് വിഹിതം നൽകുന്നതിലേക്കായി തൻവർഷം 1,77,45,000/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1. കല്ലൂർക്കാട്, മാറാടി, പായിപ്ര പഞ്ചായത്തുകൾക്കായി നെൽക്കൃഷി കൂലിച്ചെലവ് വിഹിതം നൽകുന്നതിലേക്ക് യഥാക്രമം 212500/-, 73406/-, 144058/-രൂപ വീതം ആകെ 4,29,964/-രൂപ 16.3.19 തീയതിയിലെ 39- ാം ബില്ല് പ്രകാരം വികസന ഫണ്ടിൽ നിന്നും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. സബ് സിഡി മാർഗരേഖ ഖണ്ഡിക 6.1.6 അനുസരിച്ച് ഒരു ഹെക്ടറിന് (247 സെന്റ് ) നൽകാവുന്ന പരമാവധി സബ്സിഡി തുക 17000/- രൂപയാണ്. സംയുക്ത പ്രൊജക്ടായി നടപ്പാക്കുന്നതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതമായി നൽകാവുന്നത് ഹെക്ടറിന് 8500/- രൂപ മാത്രമാണ്. എന്നാൽ കല്ലൂർക്കാട് പഞ്ചായത്തിൽ നിന്നും സമർപ്പിക്കപ്പെട്ട ക്ലെയിം സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ആകെ കൃഷി ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള 12.5 ഹെക്ടർ ഭൂമിയ്ക്ക് ആനുപാതികമായി 2,12,500/- രൂപ (12.5*17000) ജില്ലാ പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ നൽകാവുന്ന തുക ഹെക്ടറിന് 8500/- രൂപ നിരക്കിൽ ആകെ 1,06,250/- രൂപയാണ്. സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഏതാനും ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൃഷിഭൂമിയുടെ വിസ്തീർണം (സെന്റ്) | അനുവദിച്ച സബ്സിഡി |
|---|---|---|---|
| 1 | ദീപക്ക് സെബാസ്റ്റ്യൻ | 35 | 2380 |
| 2 | പോൾ വി വി | 80 | 5440 |
| 3 | സജീവ് കുമാർ എ എസ് | 100 | 6800 |
| 4 | ജോസഫ് കെ കെ | 346 | 23528 |

വിശദീകരണം നൽകുവാനാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് ( നം - 15 / 16.11.19) മറുപടി ലഭ്യമാക്കാത്തതിനാൽ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന് കൂലിച്ചെലവ് വിഹിതമിനത്തിൽ നൽകിയ 212500/- രൂപ തടസ്സപ്പെടുത്തുന്നു.

2. നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് മാർഗരേഖയിൽ (ഖണ്ഡിക 6.1.6) നിർദ്ദേശമുണ്ട്. എന്നാൽ മണീട്, ആമ്പല്ലൂർ,മുളന്തുരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് ഉഴവു കൂലിയിനത്തിൽ താഴെപ്പറയും വിധം പദ്ധതി വിഹിതം നൽകിയതായി കാണുന്നു.

| ക്രമ നം | പഞ്ചായത്ത് | നൽകിയ തുക | ബിൽ നം തീയതി തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | മണീട് | 4,25,000/- | 8/18-19-16.3.19 4,25,000/- | മുളന്തുരുത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 7.2.19ലെ ADA MLY/4/18 നം കത്ത് |
| 2 | മണീട് | 3,40,000 | 9/18.19- | മുളന്തുരുത്തി |

| | | | | |
|---|---|---|---|---|
| | | | 16.3.19<br>3,40,000/- | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 7.2.19ലെ ADA MLY(4/18 നം കത്ത് |
| 3 | ആമ്പല്ലൂർ | 1,13,492/- | 31/18.19-<br>16.3.19<br>3,08,492/- | മുളന്തുരുത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 7.2.19ലെ ADA MLY(4/18 നം കത്ത് |
| 4 | മണീട് | 1,61,500/- | 42/18.19-<br>27.3.19<br>1,61,500/- | മുളന്തുരുത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 22.2.19 ലെ ADA MLY(4/18 നം കത്ത് |
| 5 | മുളന്തുരുത്തി | 89,760/- | 47/18.19-<br>27.3.19<br>89,760/- | മുളന്തുരുത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 7.3.19ലെ ADA MLY(4/18 നം കത്ത് |

മാർഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് മാത്രം പദ്ധതിപ്പണം വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34. പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്ലാസ്റ്റിക്ക് പ്രോസസ്സിംഗ് പരിശീലനം- ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S0263/19<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്ലാസ്റ്റിക്ക് പ്രോസസ്സിംഗ് പരിശീലനം |
| അടങ്കൽ | 20,00,000/- (എസ്.സി.പി ഫണ്ട്) |
| ചെലവ് | 20,00,000/-<br>1)10,00,000/-( ബിൽ നം 7/18-19, തീയതി 22/11/18)<br>2) 5,00,000/- (ബിൽ നം 16/18-19, തീയതി 22/1/19)<br>2) 5,00,000/- (ബിൽ നം 26/18-19, തീയതി 27/3/19) |
| ഫയൽ നം | G5 / 8603/18 |

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന CIEPT-IPT ( Institute Of Plastic Technology) കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുള്ള ഏജൻസി മുഖേന പട്ടികജാതിക്കാരായ 40 ഗുണഭോക്താക്കൾക്ക് പ്ലാസ്റ്റിക്ക് പ്രോസസ്സിംഗിൽ 3 മാസത്തെ തൊഴിൽ പരിശീലനം നൽകിയതിന് മേൽ പ്രോജക്ട് പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്നും തൻവർഷം 20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള അപാകതകൾ താഴെപ്പറയുന്നു. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( നം – 48/27.11.19) മറുപടി ലഭിച്ചില്ല.

1) സബ്സിഡി മാർഗരേഖ പ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ള (ഖണ്ഡിക നം– 7.2.25) നിബന്ധനകളൊന്നും തന്നെ പാലിക്കാതെയാണ് മേൽ പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് കാണുന്നു.

എ) ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തത് ഗ്രാമ പഞ്ചായത്തുകൾ മുഖേന ലഭ്യമാവുന്ന ഗുണഭോക്തൃലിസ്റ്റിൽ നിന്നല്ല.

ബി) പരിശീലന സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതിലേക്ക് സംസ്ഥാനതലത്തിൽ താൽപ്പര്യപത്രം ക്ഷണിച്ചില്ല.

സി) പരിശീലന സ്ഥാപനവുമായി ചർച്ച ചെയ്ത് നിബന്ധനകൾ നിശ്ചയിച്ച് ആയതിൻ പ്രകാരം പരിശീലനം പൂർത്തിയാക്കുന്നതാണെന്ന് കാണിച്ച് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2) പരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല. 3 മാസത്തെ പരിശീലനമാണ് നൽകുന്നതെന്ന് പ്രോജക്ട് രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതല്ലാതെ, പരിശീലന കാലയളവും രീതികളും സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ഫയലിൽ സൂചിപ്പിക്കുകയോ ആയത് തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. പരിശീലനത്തിൽ പങ്കെടുത്ത 40 ഗുണഭോക്താക്കളുടെയും ജാതി, വരുമാനം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

3) 17/11/18 തീയതിയിൽ നിർവഹണോദ്യോഗസ്ഥനും പരിശീലനസ്ഥാപനവുമായി ചമച്ച കരാർ പ്രകാരം (കരാർ നിബന്ധന – 6,7) പരിശീലനം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് (കുറഞ്ഞത് 50% പേർക്ക്) ബന്ധപ്പെട്ട സ്ഥാപനം തൊഴിൽ ലഭ്യമാക്കേണ്ടതുണ്ട്. പരിശീലനം പൂർത്തിയാക്കിയ എത്ര പേർക്ക് ഇപ്രകാരം തൊഴിൽ ലഭ്യമാക്കിയെന്നതിന്റെ വിവരങ്ങൾ എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും നൽകിയില്ല. കമ്പനികളുടെ പേരും ഓഫർ ലെറ്ററും ഉൾപ്പെടെ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

4) കരാറനുസരിച്ച് ധാരണപത്രം ഒപ്പ് വച്ച ശേഷം പദ്ധതി തുകയുടെ 50% വും പരിശീലന പരിപാടിയുടെ പ്രതിമാസ പുരോഗതി സമർപ്പിക്കുന്ന മുറയ്ക്ക് അടുത്ത 25% വും കോഴ്സ് കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അന്തിമ ഗഡു തുകയും പരിശീലന സ്ഥാപനത്തിന് അനുവദിച്ച് നൽകണമെന്നാണ് വ്യവസ്ഥ. 50% തുക കൈമാറിയത് ക്രമ പ്രകാരമാണെങ്കിലും പ്രതിമാസ പുരോഗതി / കോഴ്സ് കംപ്ലീഷൻ റിപ്പോർട്ട് എന്നിവ സമർപ്പിക്കാതെയാണ് CIPET ക്ക് തുടർന്നുള്ള തുക നൽകിയതെന്ന് കാണുന്നു.

5) പരിശീലനത്തിൽ പങ്കെടുത്ത ഗുണഭോക്താക്കൾക്കാർക്കും തന്നെ കരാറനുസരിച്ചുള്ള തൊഴിൽ നേടിക്കൊടുക്കുവാൻ ടി പ്രോജക്ടിനാൽ കഴിഞ്ഞിട്ടില്ലായെന്ന് ബന്ധപ്പെട്ട തൊഴിൽ രേഖകൾ ഹാജരാക്കാത്തതിനാൽ വ്യക്തമാണ്. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കിയില്ല. ഒരു ഗുണഭോക്താവിന് 50,000/- രൂപയോളം പരിശീലനമിനത്തിൽ ചെലവഴിച്ച് നടപ്പാക്കിയ മേൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ കാരണങ്ങളാൽ പ്രോജക്ട് നടപ്പാക്കുന്നതിനായി ചെലവഴിച്ച 20 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

## 1-35. എസ്.സി. വിദ്യാർത്ഥികൾക്ക് സൈനികപരിശീലനം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | S1628/19 |
| പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് സൈനികപരിശീലനം |
| അടങ്കൽ | 12,00,000/- |

| | |
|---|---|
| | ( എസ്.സി.പി ഫണ്ട്) |
| ചെലവ് | **12,00,000/-**<br>1) 6,00,000/- (ബിൽ നം 19/18-19, തീയതി 25/1/19)<br>2) 6,00,000/- (ബിൽ നം 33/18-19, തീയതി 27/1/19) |
| ഫയൽ നം | G5 / 16978/18 |
| നിർവഹണോദ്യോഗസ്ഥൻ | ജില്ല പട്ടിക ജാതി വികസന ഓഫീസർ |

സായുധ സേനകളിലും അർദ്ധസൈനിക പോലീസ് വിഭാഗങ്ങളിലും പ്രവേശനം നേടുന്നതിലേക്ക് 18 നും 26 നും മധ്യേ പ്രായമുള്ള പട്ടികജാതിയിൽ പെട്ട യുവതീയുവാക്കൾക്ക് കായികപരിശീലനം നൽകുവാനാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ചത്. പരിശീലനം നൽകുന്നതിലേക്ക് കോഴിക്കോട് ആസ്ഥാനമായുള്ള PRTCക്ക് (Pre Recruitment Training Centre) 2 ഗഡുക്കളായി 6 ലക്ഷം രൂപ വീതം നൽകി ആകെ 12 ലക്ഷം രൂപ എസ്.സി.പി. ഫണ്ടിൽ നിന്നും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ (ഖണ്ഡിക നം – 7.2.25) പാലിക്കാതെയാണ് മേൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

1) പരിശീലനത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ ആയതിനുള്ള അപേക്ഷ സ്വന്തം തദ്ദേശസ്ഥാപനത്തിൽ സമർപ്പിക്കേണ്ടതും, സ്ഥാപനം ടി അപേക്ഷകരുടെ ലിസ്റ്റ് തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് നൽകണമെന്നുമാണ് മാർഗരേഖ നിർദ്ദേശം. അപ്രകാരം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നാണോ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി (നം –42/ 25.11.19) നൽകിയതിനുള്ള മറുപടിയിൽ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലിസ്റ്റ് ലഭ്യമാകാത്തതിനാൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ച് അതിൽ നിന്നുമാണ് സൈനിക പരിശീലനത്തിനാവശ്യമായ കുട്ടികളെ തിരഞ്ഞെടുത്തതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2. സംസ്ഥാന തലത്തിൽ താൽപ്പര്യപത്രം ക്ഷണിച്ചാവണം ബന്ധപ്പെട്ട മേഖലയിൽ പരിശീലനം നൽകുന്ന സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളെ തിരഞ്ഞെടുക്കേണ്ടതെന്നും തുടർന്ന് അവരുമായി ചർച്ച ചെയ്ത് പരിശീലന നിബന്ധനകളും രീതിയും നിശ്ചയിക്കേണ്ടതാണെന്നും മാർഗരേഖയിൽ നിഷ്ക്കർഷിക്കുന്നുണ്ടെങ്കിലും വകുപ്പിന്റെ കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ പദ്ധതി മികച്ച രീതിയിൽ നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിലാണ് PRTC യെ പരിശീലന സ്ഥാപനമായി തിരഞ്ഞെടുത്തതെന്ന് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

3) പരിശീലനാർത്ഥികളെ കൗൺസിലിംഗിന് വിളിച്ച് ഏത് മേഖലയിലെ തൊഴിലിനാണ് അവർക്ക് താൽപ്പര്യം എന്ന് അന്തിമമായി നിശ്ചയിക്കേണ്ടതും നിബന്ധനകൾ അനുസരിച്ച് പരിശീലനം പൂർത്തിയാക്കുന്നതാണെന്നുള്ള കരാറിൽ ഏർപ്പെടണമെന്നുമുള്ള മാർഗരേഖ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല.

4) പരിശീലനം ലഭിച്ച ഗുണഭോക്താക്കൾക്ക് തൊഴിൽ ലഭിക്കുന്നത് വരെ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് മാർഗരേഖയിൽ നിർദ്ദേശമുണ്ട്. ടി നടപടികളുടെ പുരോഗതി അറിയിക്കുവാൻ ആവശ്യപ്പെട്ടതിൽ ഗുണഭോക്താക്കൾക്ക് ജോലി ലഭിക്കും വിധം അവരെ പ്രാപ്തരാക്കുകയാണ് പ്രോജക്ട് കൊണ്ടുദ്ദേശിച്ചതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പരിശീലനാർത്ഥികൾക്കാർക്കും തന്നെ തൊഴിൽ ലഭിച്ചതായതിന്റെ രേഖകൾ ഹാജരാക്കിയില്ല.

മാർഗരേഖ നിർദ്ദേശത്തിനനുസൃതമായി പ്രോജക്ട് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കുമ്പോൾ ആയത് ഭൌതിക ലക്ഷ്യം കൈവരിക്കുന്നുണ്ടെന്നുറപ്പ് വരുത്തേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-36. ലൈബ്രറി കമ്പ്യൂട്ടർവൽക്കരണം ചെലവ്- വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല -തുക തടസപ്പെടുത്തുന്നു

**1**

| | |
|---|---|
| പ്രോജക്റ്റ് നം | S0632/19 |
| പ്രോജക്കിന്റെ പേര് | ജില്ലാ പഞ്ചായത്ത് സ്കൂളുകളിലെ ലൈബ്രറിയുടെ കമ്പ്യൂട്ടർവൽക്കരണം |
| അടങ്കൽ | 19,71,420/- ( റോഡിതരം) |
| ചെലവ് | **19,71,420/-** 1. ബിൽ നം- 4/18-19 തീയതി- 10.1.19, തുക-17,98,000/- 2.ബിൽ നം- 10/18-19 തീയതി- 12.3.19, തുക-1,73,420/ |
| ഫയൽ നമ്പർ | C2 21416/19 |
| നിർവഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം |

ജില്ലാ പഞ്ചായത്തിന് കീഴിൽപ്പെടുന്ന 58 ഹൈസ്ക്കൂളുകളിലെ ലൈബ്രറികൾ കമ്പ്യൂട്ടർവൽക്കരിക്കുകയെന്ന ലക്ഷ്യത്തോടെ ലാപ്പ്ടോപ്പ് (@ 31000=17,98,000/-), ഹാൻഡ് ഹെൽഡ് ബാർ കോഡ് സ്കാനർ (@ 2990 =1,73.920/-) എന്നീ ഉപകരണങ്ങൾ ടി സ്ക്കൂളുകൾക്ക് വാങ്ങി നൽകാൻ ആവിഷ്ക്കരിച്ച പ്രോജക്ടാണിത്. പദ്ധതി പ്രകാരം 58 ലാപ്പ്ടോപ്പുകൾ കെൽട്രോണിൽ നിന്ന് വാങ്ങി നിർദ്ദിഷ്ട സ്ക്കൂളുകളിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. എന്നാൽ ബാർ കോഡ് സ്കാനർ വാങ്ങിയത് സംബന്ധിച്ചുള്ള അപാകതകൾ താഴെപ്പറയുന്നു. ടി പരാമർശങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് ( നം- 13/16.11.19 ) മറുപടി നൽകിയില്ല.

1. ടെണ്ടർ നൽകിയതിന്റെ ( ഇ ടെണ്ടർ നം- F4/19093(2)/18) അടിസ്ഥാനത്തിൽ മേൽ 58 ഹൈസ്ക്കൂളുകളിലും സ്ക്കാനർ വിതരണം ചെയ്യുന്ന പ്രവൃത്തി ഏറ്റെടുത്തത് ഐറിസ് ഐ റ്റി സൊല്യൂഷൻസ് ,കൊല്ലംകുടിമുഗൾ റോഡ്, തൃക്കാക്കര എന്ന സ്ഥാപനമാണ്. സ്ക്കാനറുകൾ വിതരണം ചെയ്യുന്നതിലേക്കായി ബിൽ നം- 10/18-19 പ്രകാരം ജി.എസ്.ടി അടക്കം 1,73,420/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ ഒറിജിനൽ ഇൻവോയ്സ് ഫയലിൽ ലഭ്യമായില്ല.

2. സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. സപ്ലൈ ഓർഡർ (നം- C1 28523/18/SO/01, 31.12.18) നിബന്ധന ( special condition no-2) പ്രകാരം ബന്ധപ്പെട്ട സ്ക്കൂൾ മേധാവികളുടെ കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ബിൽ തുക അനുവദിച്ച് നൽകാവുന്നത് . എന്നാൽ മേൽ സാധനസാമഗ്രികൾ വിതരണം ചെയ്തതിന്റേയും സ്ക്കൂൾ അധികൃതർ കൈപ്പറ്റിയതിന്റേയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4.ലൈബ്രറികൾ കമ്പ്യൂട്ടർവൽക്കരിക്കുക എന്നതായിരുന്നു പ്രോജക്കിന്റെ ഉദ്ദേശലക്ഷ്യം. 19,71,420/- രൂപ ചെലവഴിച്ച് ലാപ്പ്ടോപ്പും സ്ക്കാനറും വാങ്ങിയതിലൂടെ മാത്രം ആയത് കൈവരിക്കുവാൻ കഴിഞ്ഞുവോയെന്ന് വിശദീകരിക്കപ്പെടേണ്ടതാണ്. ബാർ കോഡ് സ്കാനറിന്റെ ചെലവ്-വിതരണ രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി ടി സാമഗ്രി വാങ്ങുന്നതിനായി ചെലവഴിച്ച 1,73,420/- രൂപ തടസത്തിൽ വയ്ക്കുന്നു.

II

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0653/19, വിദ്യാർത്ഥികൾക്കുള്ള കായിക പരിശീലന കിറ്റുകൾ |
| അടങ്കൽ | 2,90,000/- (വികസന ഫണ്ട്) |
| ചെലവ് | 2,27,418/- (ബിൽ നം- 14/18-19 തീയതി- 19.3.19) |
| ഫയൽ നമ്പർ | F4/ 19081/18 |
| നിർവഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം |

എല്ലാ സ്കൂളുകളിലും കളിയുപകരണങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള 58 ഹൈസ്കൂളുകൾക്ക് ക്രിക്കറ്റ് ബാഗ് (1), ക്രിക്കറ്റ് ബാറ്റ് (1), സ്റ്റമ്പ് (4nos with bails), വോളിബോൾ (1), ഫുട്ബോൾ (2), ടെന്നീസ് ബോൾ (2) എന്നിവയടങ്ങുന്ന കായിക പരിശീലന കിറ്റുകൾ വാങ്ങി നൽകാൻ ആവിഷ്ക്കരിച്ച പ്രോജക്ടാണിത്. പ്രോജക്ട് നടപ്പാക്കുന്നതിലേക്ക് ടെണ്ടർ ക്ഷണിച്ചതിൽ (ഇ-ടെണ്ടർ നം- F4/ 19081/18 തീയതി-23.10.18)നാല് സ്ഥാപനങ്ങൾ പങ്കെടുക്കുകയും അതിലേറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Take off sports, കൊട്ടാരമറ്റം, പാല എന്ന സ്ഥാപനത്തിന് കരാർ (കരാർ തീയതി - 13.11.18 ) നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. 2,27,418/- രൂപയുടെ ഒറിജിനൽ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല.

2. സാധനസാമഗ്രികൾ വിതരണം ചെയ്തതിന്റെ രേഖകളും ബന്ധപ്പെട്ട സ്കൂളുകളുടെ കൈപ്പറ്റ് രസീതും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. "Rubberised stiched" വോളിബോൾ ആണ് ടെണ്ടർ നോട്ടിഫിക്കേഷൻ പ്രകാരം സ്പെസിഫൈ ചെയ്തിരുന്നത്. ടെണ്ടർ നിബന്ധനയനുസരിച്ച് (നം-27)നിർദ്ദേശിക്കപ്പെട്ട സ്പെസിഫിക്കേഷനിൽ തന്നെ സാധനങ്ങൾ വിതരണം ചെയ്യേണ്ടതുണ്ടെന്നിരിക്കെ കരാർ നൽകിയ Take off sports എന്ന സ്ഥാപനത്തിന്റെ ടെണ്ടറിൽ വോളിബോളിന്റെ സ്പെസിഫിക്കേഷൻ "Rubberised moulded" എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ടി വിഷയം സംബന്ധിച്ച് എൻക്വയറി നൽകിയതിൽ (നം-4/13.11.19) വിതരണം ചെയ്തത് ടെണ്ടർ നോട്ടിഫിക്കേഷൻ പ്രകാരം സ്പെസിഫൈ ചെയ്ത ഐറ്റം തന്നെയാണെന്നാണ് അറിയിച്ചത്. എന്നാൽ ആയതുറപ്പ് വരുത്തുന്നതിലേക്ക് ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയില്ല.

6. ആകെ ലഭിച്ച നാല് ടെണ്ടറുകളിൽ രണ്ടെണ്ണം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. Forge fitness and wellness, Sweat IT sports എന്നീ സ്ഥാപനങ്ങളുടെ ടെണ്ടറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

അവശ്യരേഖകളുടെ അഭാവത്തിൽ, ആയത് ഹാജരാക്കുന്നതിന് വിധേയമായി ചെലവ് തുക തടസപ്പെടുത്തുന്നു.

.

## 1-37 ഓട്ടിസം ക്യാമ്പ് - സർക്കാർ അനുമതിയില്ലാതെ നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് നം, പേര് | S0479/19 സ്പെഷ്യൽ പ്രിപ്പറേറ്ററി കൗൺസിലിംഗ് ക്യാമ്പ് (ഓട്ടിസം) |
| അടങ്കൽ | 2,00,000/- (വികസന ഫണ്ട്) |
| | |

| | |
|---|---|
| ചെലവ് | 1,97,797/- (ബിൽ.നം2/18-19, തീയതി 5/2/19) |
| ഫയൽ നം | C1 24843/18 |
| നിർവഹണോ ദ്യോഗസ്ഥൻ | ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) |

ഓട്ടിസം ബാധിച്ച കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കുന്നതിനും, ഓട്ടിസം ബാധിതരായ കുട്ടികളുടെ പരിപാലനത്തെക്കുറിച്ച് കൗൺസിലിംഗ് നടത്തുന്നതിനുമായി ആവിഷ്ക്കരിച്ച മേൽ പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും 1,97,797/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓട്ടിസം ദശദിന ക്യാമ്പ് നടത്തിയതിന്റെ ചെലവിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ. നം | ചെലവഴിച്ച തുക | കൈപ്പറ്റിയ സ്ഥാപനം/ വ്യക്തി | റിമാർക്സ് |
|---|---|---|---|
| 1 | 1,68,500/- | NESTT ,മൂവാറ്റുപുഴ (Nirmala Centre For Educational And Theological Training) | ഭക്ഷണത്തിനും താമസ ത്തിനുമായി ചെലവഴിച്ച തുക. ( യഥാക്രമം 1,23,000/-, 45,500/- രൂപ) |
| 2 | 25,000/- | ഡോ അബൂബക്കർ. സി.പി | 26.11.18 മുതൽ 5.12.18 വരെയുള്ള 10 ദിവസങ്ങളിൽ കൗൺസിലിംഗ് നടത്തിയതിന് ഹോണറേറിയമായി നൽകിയ തുക (ഒരു സെഷന് 1250/- രൂപ നിരക്കിൽ 10 ദിവസങ്ങ ളിലായി ആകെ 20 സെഷൻ) |
| 3 | 2100/- | Perfect Advertisres | ബാനർ, സർട്ടിഫിക്കറ്റ്, ഫോട്ടോഗ്രഫി എന്നീ ഇനങ്ങളിൽ ചെലവായ തുക |
| 4 | 2197/- | Orchis Agencies | സ്റ്റേഷനറി വാങ്ങിയ ഇനത്തിൽ ചെലവായ തുക |

പദ്ധതി സംബന്ധിച്ച് താഴെപ്പറയുന്ന പരാമർശങ്ങൾക്ക് എൻക്വയറി ( നം- 54 / 29.11.19) മുഖേന ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

1) സബ് സിഡി മാർഗരേഖ സ.ഉ (കൈ) നം 22/18/തസ്വഭവ 14.2.18, അനുബന്ധവിഷയങ്ങൾ ഖണ്ഡിക 8.4 പ്രകാരം ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പെയിനുകൾ, ക്യാമ്പുകൾ, എന്നിവ തദ്ദേശസ്ഥാപനങ്ങൾ വികസന ഫണ്ടുപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളതല്ല.എന്നാൽ സർക്കാർ പ്രത്യേകമായി അനുവദിച്ചിട്ടുള്ളതും വിദൂരപ്രദേശങ്ങളിലെ പട്ടികവർഗ സങ്കേതങ്ങളിലും ക്യാമ്പുകൾ നടത്താവുന്നതുമാണ്.പദ്ധതി മാർഗരേഖ പ്രകാരമുള്ള ചെലവല്ലാത്തതിനാൽ ആയത് നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദമോ മറ്റുത്തരവുകളോ ആവശ്യമായിരുന്നു. എന്നാൽ അപ്രകാരം സർക്കാരിൽ നിന്നുള്ള അനുമതിപത്രമോ അനുവാദമോ പരിശോധനക്ക് ഹാജരാക്കിയില്ല.

2) വിദ്യാഭ്യാസം, കമ്മ്യൂണിക്കേഷൻ, സ്പീച്ച് തെറാപ്പി, സോഷ്യൽ സ്റ്റിഗ്മ, മൾട്ടിപ്പിൾ ഇന്റലിജൻസ് ആൻഡ് ഐ.ക്യൂ അസസ്മെന്റ് , ടൈം മാനേജ്മെന്റ് അസേർട്ടീവ് സ്കിൽസ്,

റിലാക്സേഷൻ ടെക്നിക്സ് എന്നീ വിഷയങ്ങളുൾപ്പെടുന്ന കൗൺസലിംഗ് ഏറ്റെടുത്ത് നടത്തിയത് റിട്ടയേഡ് സിവിൽ സർജനായ ഡോ സി.പി.അബൂബക്കറാണ്. ടി മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരെയാണ് കൗൺസിലിംഗിനായി തിരഞ്ഞെടുക്കേണ്ടതെന്ന് പ്രോജക്ടിൽ നിർദ്ദേശമുണ്ട്. എന്നാൽ ശ്രീ അബൂബക്കറിന് ഓട്ടിസം സംബന്ധിച്ച മേഖലയിൽ പ്രത്യേക വൈദഗ്ദ്ധ്യമുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

3) ഫയൽ രേഖകൾ പരിശോധിച്ചതിൽ ക്യാമ്പിന്റെ അവസാന ദിവസം ( 5.12.18, AN Session) പരിശീലന പരിപാടിയുടെ ഇവാല്യുവേഷൻ നടത്തിയതായി കാണുന്നു. 10 ദിവസത്തെ കൗൺസിലിംഗ് സംബന്ധിച്ച്, പങ്കെടുത്ത 25 കുട്ടികളുടേയും മാതാപിതാക്കൾ രേഖപ്പെടുത്തി നൽകിയ ഇവാല്യുവേഷൻ റിപ്പോർട്ട് ലഭ്യമാക്കുവാനാവശ്യപ്പെട്ടിട്ടും പരിശോധനക്ക് ഹാജരാക്കിയില്ല.
സർക്കാരിൽ നിന്നും മുൻകൂർ അനുവാദമില്ലാതെ നടപ്പാക്കിയതിനാൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച 1,97,797/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-38 മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -അംഗീകൃതമല്ലാത്ത ബില്ലിൻ മേൽ നികുതിയുൾപ്പെടെ തുക അനുവദിച്ചു

ആലുവ ജില്ല ആശുപത്രി സൂപ്രണ്ട് നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഡയാലിസിസ് സെന്ററിലേക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിൽപെടുത്തി (നം-1657/19) ഡയാലിസിസ് യൂണിറ്റിന് വേണ്ട മരുന്നുൾപ്പെടെയുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിലേക്ക് ആകെ 30,75,812/-രൂപ മെയിന്റനൻസ് ഫണ്ടിൽ (നോൺറോഡ്) നിന്നും വിവിധ സ്ഥാപനങ്ങൾക്ക് നൽകി ചെലവഴിച്ചിട്ടുണ്ട്.ടി സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ഫാൽക്കൺ ഡ്രഗ്സ് കമ്പനിയുടെ ടാക്സ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള GSTIN നമ്പർ (32AAAFF3988L1Z6) ഇൻവാലിഡ് ആണെന്ന് ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ സൈറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. അംഗീകൃതമല്ലാത്ത ടി ബില്ലിൻ മേൽ ജി എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് (11488/-) അനുവദിച്ച് നൽകിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം – 67/ 6.12.19) മറുപടി നൽകാത്തതിനാലും ടി സ്ഥാപനം ബന്ധപ്പെട്ട വകുപ്പിൽ നികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാലും ജി.എസ്.ടി ഇനത്തിൽ സ്ഥാപനത്തിന് അനുവദിച്ച് നൽകിയ 11488/- രൂപ ഓഡിറ്റ് അംഗികരിക്കുന്നില്ല. വിശദാംശങ്ങൾ ഖ- 3.24ൽ ചേർത്തിട്ടുണ്ട്.

## 1-39 തുക നൽകിയിട്ടും ജനറേറ്റർ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | എസ് 1591/19, ആലുവ ജനറൽ ആശുപത്രി-ജനറേറ്റർ സ്ഥാപിക്കൽ-ബാലൻസ് തുക അനുവദിക്കൽ |
| അടങ്കൽ | 4,86,024/- (വികസനഫണ്ട്) |
| ചെലവ് | 4,86,024/- (ബിൽനം 12/18-19 തീയതി-27.11.18) |
| നിർവഹണോദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ല ആശുപത്രി,ആലുവ |
| ഫയൽ നം | B1 3819/19 |

ആശുപത്രിയിലെ കെ.കരുണാകരൻ മെമ്മോറിയൽ ഓപ്പറേഷൻ തീയേറ്ററിൽ 100 KVA ഡീസൽ ജനറേറ്റർ സ്ഥാപിക്കുന്നതിലേക്ക് 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്റ്റ് നം-1026/17

) 12,00,000 രൂപ വകയിരുത്തുകയും റണ്ണിംഗ് കോൺട്രാക്ടിലൂടെ ആയത് (ടെണ്ടർ നം- KMSCL/EP/T132/311E/2015) KMSCL ൽ നിന്നും വാങ്ങുന്നതിലേക്ക് മെയിന്റനൻസ് നോൺ റോഡ് ഫണ്ടിൽ നിന്നും 2016-17സാമ്പത്തിക വർഷം തന്നെ 12,00,000/- രൂപ KMSCL ന് നൽകി ചെലവഴിക്കുകയും (ബിൽ നം- 9 /16-17, തീയതി - 29.3.17) ചെയ്തിരുന്നു. റണ്ണിംഗ് കോൺട്രാക്ട് പ്രകാരം വിതരണച്ചുമതല ഏറ്റെടുത്തത് മഹാരാഷ്ട്ര ആസ്ഥാനമായി പ്രവർത്തിക്കുന്ന Cooper Corporation Pvt Ltd എന്ന സ്ഥാപനമായിരുന്നു.

ചരക്ക്- സേവന നികുതി നിലവിൽ വന്നതിനാൽ ജനറേറ്ററിന്റെ വില 16,86,024/- രൂപയായി വർദ്ധിച്ചിട്ടുണ്ടെന്നും ആയതിനാൽ ടി ഇനത്തിൽ നൽകേണ്ടുന്ന ബാലൻസ് തുക (16,86,024 - 12,00,000= 4,86,024/-) അടവാക്കണമെന്നും കാണിച്ച് 25.9.18 തീയതിയിൽ KMSCL/EP/227/18 നമ്പർ കത്തിലൂടെ KMSCL നിർവഹണോദ്യോഗസ്ഥനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് 2018-19 വർഷം ബാലൻസ് തുക അനുവദിക്കൽ എന്ന പേരിൽ 1591/19 നമ്പരായി മേൽ പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിയതെന്ന് കാണുന്നു. ആയതിലേക്ക് വികസന ഫണ്ടിൽ നിന്നും 4,86,024/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച അപാകതകൾ താഴെക്കൊടുക്കുന്നു.ആയതിന് വിശദീകരണം ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം – 73/12.12.2019 ) മറുപടി നൽകിയില്ല

എ) 4,86,024/- രൂപയുടെ ട്രഷറി ബിൽ ഫയലിൽ ലഭ്യമല്ല.

ബി) റണ്ണിംഗ് കോൺട്രാക്ട് അനുസരിച്ച് സപ്ലൈ ഓർഡർ നൽകി 12 ആഴ്ചക്കകം ജനറേറ്റർ ആശുപത്രിയിൽ എത്തിച്ച് ഇൻസ്റ്റാൾ ചെയ്യേണ്ടതായിരുന്നു. 20/3/18 ൽ B1 / 578/18 നമ്പർ കത്ത് മുഖേന സപ്ലൈ ഓർഡർ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് ലഭിച്ചിട്ടില്ലായെന്ന് കാണുന്നു. ജനറേറ്റർ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയില്ല.

സി) നിർവഹണോദ്യോഗസ്ഥനായ ആശുപത്രി സൂപ്രണ്ട് വിതരണസ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റേയും സപ്ലൈ ഓർഡർ തുകയുടെ 5% തുക പെർഫോമൻസ് ഗ്യാരണ്ടിയായി സ്ഥാപനത്തിൽ നിന്നും ഈടാക്കിയതിന്റേയും വിവരങ്ങളും ലഭ്യമാക്കിയില്ല. (റണ്ണിംഗ് കോൺട്രാക്ട് നിബന്ധന 1, 2)
16 ലക്ഷം രൂപ ചെലവഴിച്ചിട്ടും പ്രാജക്ടിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ കഴിയാതിരുന്നതിനാൽ ജനറേറ്റർ വാങ്ങുന്നതിനായി തൻവർഷം ചെലവഴിച്ച 4,86,024/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-40. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് | അങ്കണവാടി കെട്ടിട നിർമ്മാണം |
| നിർവ്വഹണം | പ്രോഗ്രാം ഓഫീസർ,സാമൂഹിക ക്ഷേമം |

എറണാകുളം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ജില്ലാപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | തുക ഏത് ഗ്രാമപഞ്ചായത്തിനാണ് കൈമാറിയത് | അങ്കണവാടി നം. | നൽകിയ തുക | ബിൽ നം / തീയതി |
|---|---|---|---|---|
| S1601/19 | രായമംഗലം | 134, 135, 137,138,139 | 2900000 | 3/18-19/31.10.18 |
| S1481/19 | കോട്ടുവള്ളി | 148 | 580000 | 4/18-19/31.10.18 |
| S1483/19 | വേങ്ങൂർ | 16 | 580000 | 5/18-19/31.10.18 |

| | | | | |
|---|---|---|---|---|
| S1444/19 | കൂവപ്പടി | 148 | 580000 | 7/18-19/29.12.18 |
| S1621/19 | ഉദയംപേരൂർ,എടത്തല,ചെല്ലാനം, മലയാറ്റൂർ-നീലീശ്വരം,ഒക്കൽ, ശ്രീമൂല നഗരം, ആവോലി, കുമ്പളം | 16, 55, 47, 36,2, 157, 162,25, 83 | 4900000 | 6/18-19/29.12.18 |
| | | | 1400000 | 8/18-19/30.01.19 |
| | | **ആകെ** | **10940000** | |

മേൽപ്പറഞ്ഞ രീതിയിൽ തുക നൽകിയെങ്കിലും അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രമോ, അനുബന്ധ രേഖകളോ ഓഡിറ്റിന് മുൻപാകെ ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ജില്ലാപഞ്ചായത്ത് വിഹിതമായി ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്ന തുക മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിലേക്കാണ് നൽകുന്നത്. ആയതിനാൽ മേൽ തുക സംയുക്ത പ്രോജക്ടുകളുടെ ചെലവിലേക്കായിട്ടാണോ നൽകുന്നത് എന്ന കാര്യം വിശദീകരിക്കേണ്ടതാണ്. അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഓരോ ഘട്ടം പൂർത്തീകരിക്കുമ്പോഴും തുക അതാത് ഗ്രാമപഞ്ചായത്തുകളിലെ എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്കൗണ്ടിലേക്ക് നൽകുകയാണോ ചെയ്യുന്നത് എന്ന കാര്യവും വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന്(ഓഡിറ്റ് എൻക്വയറി നം.77/13.12.19) മറുപടി ലഭിച്ചില്ല. അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ 10940000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41. പ്രോ ട്രാൻസ് ജെൻഡർ പ്രോജക്ട്-നടപ്പാക്കിയതിലെ അപാകതകൾ (ജില്ലാ സാമൂഹ്യ നീതി ഓഫീസർ)

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | S0477/19, പ്രോ -ട്രാൻസ് ജെന്റർ പൈലറ്റ് പ്രോജക്ട |
| നിർവ്വഹണം | ജില്ലാ സാമൂഹിക നീതി ഓഫീസർ |
| അടങ്കൽ | 1000000/- |
| ചെലവ് വിവരം, തുക, ചെക്ക് നം / തീയതി | 1)300000, 09/18-19/19.02.19<br>2)99000, 11/18-19/25.02.19<br>3)98000, 14/18-19/18.03.19<br>4)2400000, 16/18-19/27.03.19<br>ആകെ=7,37,000/- |

ഭിന്നലിംഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും, സ്വയം തൊഴിൽ സംരഭം തുടങ്ങുന്നതിനും, കൗൺസിലിംഗ് തുടങ്ങിയ ക്ഷേമകാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് ഹോസ്പിറ്റലുകളിലെ ഡോക്ടർമാരുടെയും കൗൺസിലിംഗ് വിദഗ്ദ്ധന്മാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നതിനുമായിട്ട് ഒരു കേന്ദ്രം നിർമ്മിക്കുന്നതിനുമാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചത്. ഭിന്നലിംഗക്കാർക്ക് ഒരു സ്വയം തൊഴിൽ സംരഭമെന്ന നിലയിൽ പാരമ്പര്യ രീതിയിലുള്ള കേരള ഭക്ഷണം നൽകുന്നതിനായി റെസ്റ്റോറന്റ് തുടങ്ങുന്നതിന് ഒരു കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് തീരുമാനിച്ചു. റെസ്റ്റോറന്റ് ആരംഭിക്കുന്നതിനായി ഭിന്നലിംഗക്കാരുടെ സംഘടനയായ മുദ്ര ചാരിറ്റബിൾ സൊസൈറ്റിയും ജില്ലാ പഞ്ചായത്തുമായി 12.12.2018 ൽ കരാറിൽ ഏർപ്പെടുകയുണ്ടായി. 1955 ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രാറാക്കൽ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മുദ്ര ചാരിറ്റബിൾ സൊസൈറ്റി കൊച്ചി കോർപ്പറേഷനിലെ കച്ചേരിപ്പടിയിലുള്ള കാട്ടിക്കാരൻ ടവർ, ബിൽഡിംഗ് നം.67/1421-A2 കെട്ടിട മുറിയിൽ തേഡ് ഐ കഫേ എന്നൊരു റെസ്റ്റോറന്റ് തുടങ്ങുന്നതിനായി കെട്ടിട ഉടമസ്ഥരായ കളത്തിൽ ഡോ.സംപ്രീത് മാത്യു, റോസി മാത്യു എന്നിവരുമായി 01.01.2019 ൽ കരാറിൽ ഏർപ്പെടുകയുണ്ടായി. അതനുസരിച്ച് 300000/-രൂപ കെട്ടിട ഉടമസ്ഥർക്ക് സെക്യൂരിറ്റിയായി നൽകുകയും, കെട്ടിടത്തിന്റെ ഇന്റീരിയർ

വർക്കുകൾക്കായി 240000/-രൂപയും, റെസ്റ്റോറന്റിലേക്ക് ആവശ്യമായ മേശ,കസേര എന്നിവ വാങ്ങുന്നതിനായി 197000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആകെ 737000/- രൂപ നാളിതു വരെയും ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇതുവരെ റെസ്റ്റോറന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. റെസ്റ്റോറന്റ് ഇതു വരെയും പ്രവർത്തനം ആരംഭിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന്(ഓഡിറ്റ് എൻക്വയറി നം.72/12.12.19)തൃപ്തികരമായ മറുപടി ലഭിച്ചില്ല. റെസ്റ്റോറന്റ് എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. കൂടാതെ കെട്ടിട ഉടമസ്ഥർക്ക് സെക്യൂരിറ്റിയായി നൽകിയ 300000/-രൂപയുടെ വിവരം നിരീക്ഷിക്കുന്നതിന് പ്രത്യേകമായി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും കാലാകാലങ്ങളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

## 1-42. "ദ്രോണം" - കായിക മികവിന് ഒരു കൈത്താങ്ങ്

മണീട് ഹൈസ്കൂൾ ഹെഡ് മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി 2018-19 ൽ നടപ്പിലാക്കിയ "ദ്രോണം" പദ്ധതി കായിക അഭിരുചിയുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കുന്നതിന് പര്യാപ്തമായ ഒന്നാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും കേരളത്തിലെ ഉൾനാടൻ ഗ്രാമത്തിൽ അധിവസിക്കുന്നവരും മണീട് ഹൈസ്കൂളിലെ വിദ്യാർത്ഥികളുമായ 13 കായിക താരങ്ങൾക്ക് സൗജന്യ താമസ സൗകര്യവും പോഷക സമൃദ്ധമായ ഭക്ഷണവും ഏർപ്പെടുത്തിക്കൊണ്ട്, അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അവരെ മികവിലേക്കെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. 2018-19 വരെയുള്ള ഒരു വർഷക്കാലയളവിലേക്ക് ₹10,50,000/- ചെലവ് ചെയ്ത് നടപ്പാക്കിയ ഈ പദ്ധതി, മണീട് ഹൈസ്കൂളിലെ കായികാഭിരുചിയുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ഉയരങ്ങളിലേക്കെത്തുന്നതിനുള്ള അവസരമൊരുക്കുന്നതിന് അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം നിറവേറ്റിയിട്ടുണ്ട്. കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ കായിക മേളയിൽ വ്യക്തിഗത ഇനങ്ങളിൽ നിരവധി സ്വർണ്ണ-വെള്ളി മെഡലുകൾ നേടി ഈ സ്കൂളിലെ വിദ്യാർത്ഥികൾ മികച്ച പ്രകടനമാണ് കാഴ്ച വെച്ചത്. ഈ കായിക മേളയിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സർക്കാർ സ്കൂൾ എന്ന ഖ്യാതി നേടുന്നതിന് മണീട് ഗവ.വൊക്കേഷണൽ ആന്റ് ഹയർ സെക്കന്ററി സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഈ കായിക താരങ്ങളിൽ പലരും ദേശീയ കായിക മേളയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്. കായിക രംഗത്ത് ഏറെ മികവാർന്ന പ്രകടനം കാഴ്ചവെയ്ക്കുന്ന വിദ്യാലയങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് കായിക കേരളത്തിന് ഭാവി വാഗ്ദാനങ്ങളെ സൃഷ്ടിക്കുന്നതിന് വഴിയൊരുക്കും.

പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ കൃത്യമായും സുതാര്യമായും സൂക്ഷിക്കുന്നതിനും അവ യഥാസമയം ഓഡിറ്റിന് ഹാജരാക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥ കാര്യക്ഷമത കാണിച്ചിട്ടുണ്ട്.

## 1-43. ഫർണ്ണിച്ചർ തിരികെ നൽകൽ -നൽകിയ തുക പൂർണ്ണമായും തിരികെ ലഭിച്ചില്ല

പ്രൊജക്ട് നമ്പർ-S 1376/19
നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ -24,13,567 (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് )

മേൽ നമ്പർ പ്രൊജക്ട് പ്രകാരം KADCO യിൽ നിന്നും hardwood bench, hardwood desk എന്നിവ 270 എണ്ണം വീതം വാങ്ങി വിവിധ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്ക് നൽകി.

<u>നിരക്ക്</u>

hardwood bench- 3393/-(without GST)

hardwood desk- 4428/-( ,, )

തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ & തീയതി | തുക |
|---|---|---|
| 1 | 92/18-19തീ.23.10.18 | 22,79,563 |
| 2 | 284/18-19 തീ.21.3.19 | 1,33,997 |
| | **ആകെ** | **24,13,560** |

കൈതാരം ജി.വി.എച്ച്.എസ്. ൽ 20.6.18 ൽ സപ്ലൈ ചെയ്ത 10 ബെഞ്ചും 10 ഡെസ്ക്കും നിർമ്മാണത്തിലെ അപാകത മൂലം KADCO യ്ക്ക് തിരികെ നൽകി. തിരികെ നൽകിയ ഫർണിച്ചറുകളുടെ വില 78,210/- കണക്കാക്കി KADCO യ്ക്ക് ബാക്കി നൽകുവാനുണ്ടായിരുന്ന തുകയിൽ നിന്നും കുറവു ചെയ്തു (ക്രമ നമ്പർ 2 പ്രകാരമുള്ള ബിൽ). തിരികെ നൽകിയ ഫർണിച്ചറുകൾക്ക് വേണ്ടി ക്രമ നമ്പർ 1ലെ ബിൽ പ്രകാരം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | ഒരെണ്ണത്തിന്റെ വില | ആകെ വില | GST@18% |
|---|---|---|---|---|---|
| 1 | hardwood bench | 10 | 3393 | 33930 | 6107/- |
| 2 | hardwood desk | 10 | 4428 | 44280 | 7971/- |
| | ആകെ | | | 78210/- | 14078 |

ജി.എസ്.ടി. അടക്കം 92,288/- രൂപ (78210 +14078) ഫർണിച്ചറുകളുടെ വിലയിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്നുവെങ്കിലും 78,210/-രൂപ മാത്രമാണ് കുറവു ചെയ്തത്. ജി.എസ്.ടി.14,078/- രൂപ കുറവു ചെയ്തില്ല. തന്മൂലം പഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ട്. തുക തിരികെ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 14.11.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9 ന് 18.12.2019 ൽ സമർപ്പിച്ച മറുപടിയിൽ കാഡ്കോയിൽ നിന്നും തുക തിരികെ ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-44. വിനിയോഗവിവരമില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

ദാരിദ്ര്യലഘൂകരണയൂണിറ്റ് പ്രോജക്ട് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പാർപ്പിടപദ്ധതി (ട്രി എസ് പി പ്രോ.നം.371/19) പ്രകാരം വേങ്ങൂർ, കുട്ടമ്പുഴ പഞ്ചായത്തുകൾക്ക് ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ആകെ 2987086/- രൂപ (1853000/-ബിൽനം.4/18-19/30-07-19+1134086/-ബിൽനം.6/18-19/19-03-19)നൽകിയിട്ടുണ്ട്. വേങ്ങൂർ ഗ്രാമപഞ്ചായത്തിന് നൽകിയ തുകയിൽ 800000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 2187086/- രൂപയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.47/27-11-19) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗവിവരം ലഭ്യമാക്കുന്നതുവരെ 2187086/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45. കൈമാറിയ തുക ചെലവഴിയ്ക്കാതെ ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിൽ ശേഷിയ്ക്കുന്നു

ദാരിദ്ര്യലഘൂകരണയൂണിറ്റ് പ്രോജക്ട് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പാർപ്പിട പദ്ധതിയിൽ (എസ് സി പി- പ്രോ.നം. 360/19) ജില്ലാ പഞ്ചായത്ത് വിഹിതം 3470000/-രൂപ (ബിൽ നം.3/18-19/30-07-18) വിവിധ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ലൈഫ് ലിസ്റ്റിൽ അർഹരായ പട്ടികജാതി ഗുണഭോക്താക്കൾ ഇല്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ മതിയായ തുക ഉള്ളതിനാലും ചില പഞ്ചായത്തുകൾ തുക വിനിയോഗിച്ചിട്ടില്ല എന്ന്

ധനവിനിയോഗ സാക്ഷ്യപത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്തിന്റെ പേര് | നൽകിയ ജില്ലാ പഞ്ചായത്ത് വിഹിതം | ചെലവഴിയ്ക്കാത്തതിന്റെ കാരണം |
|---|---|---|
| ചോറ്റാനിക്കര | 200000/- | തുക കൈമാറുന്നതിന് അർഹരായ ഗുണഭോക്താക്കളില്ല. |
| എടയ്ക്കാട്ടുവയൽ | 300000/- | ലൈഫ് ലിസ്റ്റിൽ എസ് സി ഗുണഭോക്താക്കളില്ല. |
| കറുകുറ്റി | 2228000/- | അർഹരായ ഗുണഭോക്താക്കളില്ല. |
| കീഴ്മാട് | 800000/- | " |
| രായമംഗലം | 2200000/- | " |
| തിരുവാണിയൂർ | 500000/- | പഞ്ചായത്തിന്റെ അക്കൗണ്ടിൽ മതിയായ തുക ശേഷിയ്ക്കുന്നതിനാൽ ജില്ലാ പഞ്ചായത്ത വിഹിതം വിനിയോഗിച്ചില്ല. |
| ആകെ | 6228000/- | |

മേൽ കൊടുത്തിരിയ്ക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കളെ കണ്ടെത്തി പിന്നീട് തുക ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.47/27-11-19 ) മറുപടി ലഭ്യമാക്കിയില്ല. തുക ചെലവഴിയ്ക്കാത്ത പക്ഷം പഞ്ചായത്തുകളിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്. ആകെ തുക 62,28,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-46. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S 757/19, ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ |
| അടങ്കൽ | 1,00,000/- (തനതു ഫണ്ട്) |
| ചെലവ് | ചെക്ക് നം.5013169തീ.21.12.18-10,000/-<br>ചെക്ക് നം.2516643തീ.29.6.18-86200/- |

.

ISO 9001:2015 സർട്ടിഫിക്കേഷൻ നേടുന്നതിനായി ജില്ലാ പഞ്ചായത്തിനെ സജ്ജമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾക്കായി കൺസൾട്ടിംഗ് ഏജൻസിയായി തെരഞ്ഞെടുത്ത Zealous consultancy services, എഴുപുന്ന സൗത്ത് എന്ന സ്ഥാപനത്തിന് സർട്ടിഫിക്കേഷൻ ഓഡിറ്റിന്റെ ഭാഗമായുള്ള കൺസൾട്ടേഷൻ ചാർജായി 39,000/- രൂപയും സർട്ടിഫിക്കേഷനു ശേഷം ഒരു വർഷത്തിനുള്ളിൽ നടത്തേണ്ട surveillance audit -1നുള്ള കൺസൾട്ടേഷൻ ചാർജായി 10,000/- രൂപയും നൽകി. ISO certification നടത്തിയ TQ services എന്ന സ്ഥാപനത്തിന് സർട്ടിഫിക്കേഷൻ ചാർജ് ജി.എസ്. ടി. 18% ഉൾപ്പെടെ 47,200/- രൂപയും നൽകി.

Zealous consultancy services ഹാജരാക്കിയ ZEL/IS/18/007 തീ.03.03.18 നമ്പർ ബില്ലിലും ZEL/IS/18/009 തീ.23.11.18 നമ്പർ ബില്ലിലും GST IN രേഖപ്പെടുത്തിയിട്ടില്ല. GST ACT 2017പ്രകാരം SAC 9983നു കീഴിൽ കൺസൾട്ടേഷൻ സർവ്വീസിന് 18% GST ബാധകമാണ്. സ്ഥാപനത്തിന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ജി.എസ്.ടി. അടവാക്കിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

Zealous consultancy services നു നൽകിയ കൺസൾട്ടേഷൻ ചാർജ് 49,000/- രൂപയിൽ നിന്നും IT ACT,1961 section 194(j) പ്രകാരം, 10% ആദായ നികുതി സ്രോതസിൽ കുറവു ചെയ്തിട്ടില്ല.സർട്ടിഫിക്കേഷൻ ഏജൻസിയായ TQ services നു നൽകിയ 47,200/-രൂപയിൽ നിന്നും 10% ആദായ നികുതി സ്രോതസിൽ കുറവു ചെയ്തിട്ടില്ല.TQ services ജില്ലാ പഞ്ചായത്തുമായി വെച്ച കരാർ ഹാജരായിട്ടില്ല.

surveillance audit-1 നടത്തിയ തീയതി ഏതെന്ന് വ്യക്തമല്ല. surveillance audit certificate പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. സർട്ടിഫിക്കേഷൻ ഓഡിറ്റിൽ ISO lead auditor ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ചിട്ടുണ്ടോയെന്നാണ് surveillance audit ൽ പ്രധാനമായും പരിശോധിക്കുന്നത്. ഓഡിറ്ററുടെ നോട്ടിൽ പരാമർശിച്ച ന്യൂനതകൾ അതാത് സെക്ഷനുകളിലെ ജീവനക്കാർക്ക് തന്നെ പരിഹരിക്കാൻ സാധിക്കും എന്നിരിക്കെ surveillance audit നും കൺസൾട്ടന്റിന് പ്രതിഫലം നൽകിയത് പഞ്ചായത്ത് ഫണ്ടിൽ നിന്നുമുള്ള അധിക ചെലവിനു കാരണമായിട്ടുണ്ട്.

.

## 1-47 ജില്ലാ ആയുർവേദാശുപത്രിയിൽ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്നതിലെ കാലതാമസം

ഫയൽ നമ്പർ -ഡി.പി.13/2178/16

ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ ആറു നിലകളുള്ള കച്ചേരിപ്പടി ജില്ലാ ആയുർവേദാശുപത്രിയിൽ 6.58 ച.മീ വിസ്തീർണ്ണമുള്ളതും പത്തു പേർക്ക് ഉപയോഗിക്കാവുന്നതുമായ പാസഞ്ചർ – കം - ബെഡ് ലിഫ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്ട് നമ്പർ 1030/17 പ്രകാരം 30,00,000/- രൂപ തൃശ്ശൂർ PWD ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചു. ഈ തുകയിൽ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതം 16,00,000/- രൂപ 09.01.17 ലും തനത് ഫണ്ട് വിഹിതം 14,00,000/- രൂപ 18.02.17 ലും ആണ് നിക്ഷേപിച്ചത്.

PWD അസി.എക്സിക്യൂട്ടീവ് എൻജിനീയറുടെ ഇ.എൽ.1/646/2016തീ.21.02.2018/31.3.18 നമ്പർ കത്തുകളിൽ ലിഫ്റ്റിന്റെ ജോലികൾ ആരംഭിക്കാൻ കെട്ടിടത്തിന് കൊച്ചി കോർപ്പറേഷനിൽ നിന്നു ലഭിച്ച ബിൽഡിംഗ് പെർമിറ്റ്, കെട്ടിടം ഹൈ റൈസ് കെട്ടിടത്തിന്റെ വിഭാഗത്തിൽ പെടുന്നതിനാലും ജനറേറ്റർ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും കെട്ടിടത്തിന്റെ നിലവിലെ വൈദ്യുതി സംവിധാനത്തിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ലഭിച്ച എനർജൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. കെട്ടിടം പണിതത് കോർപ്പറേഷനിൽ ഇന്റിമേഷൻ നൽകിയതിനു ശേഷമാണ്. സർക്കാർ കെട്ടിടം ആയതിനാൽ കെട്ടിട നിർമാണത്തിന് ബിൽഡിംഗ് പെർമിറ്റ് എടുത്തിരുന്നില്ല.കെട്ടിടത്തിന്റെ ഒരു നിലയ്ക്ക് മാത്രമേ അസസ്മെന്റ് ഉള്ളൂ.ബാക്കി നിലകളും അസസ് ചെയ്ത് കെട്ടിട നമ്പർ ഇട്ട് നിർമാണം റഗുലറൈസ് ചെയ്യുന്നതിന് കെട്ടിടത്തിന്റെ അംഗീകൃത ബിൽഡിംഗ് പ്ലാൻ ഹാജരാക്കുവാൻ കൊച്ചി നഗരസഭയിൽ നിന്നും 06.8.18 ന് ISO/CER9/018837/18 നമ്പർ ആയി കത്തു ലഭിച്ചെങ്കിലും ജില്ലാ പഞ്ചായത്ത് ആയത് ഹാജരാക്കിയില്ല. കെട്ടിടത്തിന് നമ്പർ ലഭ്യമാക്കുന്നതിന് ഫയർ പ്ലാൻ, പെർമിറ്റ് പ്ലാൻ എന്നിവ ഹാജരാക്കുവാൻ 20.8.19,18.9.19 തീയതികളിൽ വീണ്ടും നഗരസഭാ സെക്രട്ടറി കത്തു നൽകി.

ഫയർ എൻ.ഒ.സി. ലഭിക്കുന്നതിനായി ഹൈഡ്രോ ടെക്ക്, കലൂർ എന്ന സ്ഥാപനത്തിനെ കൺസൾട്ടൻസി ആയി നിയമിക്കുകയും ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയതിന് ടി സ്ഥാപനത്തിന് ചെക്ക് നം. 5013130 തീ.29.11.18 പ്രകാരം 53,100/- രൂപ നൽകുകയും ചെയ്തു.

ഫയർ & റസ്ക്യൂ വകുപ്പിൽ നിന്നും പ്രാഥമിക അംഗീകാരം വാങ്ങാതെയാണ് 2008 വർഷത്തിൽ

കെട്ടിടം പുനർ നിർമിച്ചത്. ടി കെട്ടിടത്തിൽ ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനായുള്ള നിർമാണങ്ങൾ, ടാങ്ക്, പമ്പ് ഹൗസ് തുടങ്ങിയവ NBC-2005 (negative suction) പ്രകാരമുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്. കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട് ഫയർ & റസ്ക്യൂ വകുപ്പിന്റെ പ്രാഥമിക അംഗീകാരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ KMBR ചട്ടം 3(B) പ്രകാരം NBC യുടെ നിലവിലുള്ള വ്യവസ്ഥകളാണ് (NBC-2016) ഒരു കെട്ടിടത്തിൽ സ്വീകരിക്കേണ്ടത്. ആയതിനാൽ NBC-2016 പ്രകാരമുള്ള വ്യവസ്ഥകളാണ് ആശുപത്രി കെട്ടിടത്തിന്റെ കാര്യത്തിൽ പാലിക്കേണ്ടതെന്നും ആയതിനാൽ NBC 2005 പ്രകാരമുള്ള ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകാൻ നിർവ്വാഹം ഇല്ലെന്നും എറണാകുളം റീജിയണൽ ഫയർ ഓഫീസർ 18.10.19 ൽ ഡി1-5228/2019 കത്തു പ്രകാരം സെക്രട്ടറിയെ അറിയിച്ചു. NBC-2016 പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയെങ്കിൽ മാത്രമേ ഫയർ NOC ലഭിക്കുകയുള്ളൂ.
കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് റൂൾസ് 2012, റൂൾ 3 (ii) പ്രകാരം ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നൽകേണ്ട അപേക്ഷയോടൊപ്പം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും അംഗീകാരം ലഭിച്ച ബിൽഡിംഗ് പ്ലാൻ കൂടി ഹാജരാക്കേണ്ടതാണ്. പണി പൂർത്തിയായതിനു ശേഷം റൂൾ 4 പ്രകാരം ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിയും വാങ്ങേണ്ടതാണ്.

ബിൽഡിംഗ് പ്ലാൻ നഗരസഭയിൽ നിന്നും അംഗീകരിച്ച് ലഭിക്കാത്ത സാഹചര്യത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും അനുമതി ലഭിക്കാത്ത സാഹചര്യമാണുള്ളത്. കെട്ടിടത്തിന്റെ നിലവിലെ വൈദ്യുതി സംവിധാനത്തിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും എനർജൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. ഫയർ NOC യും ലഭിച്ചിട്ടില്ല.

ലിഫ്റ്റ് സ്ഥാപിക്കുന്നതിന് പി.ഡബ്ളിയു.ഡി യിൽ 30 ലക്ഷം രൂപ നിക്ഷേപിച്ചതു കൂടാതെ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള സിവിൽ വർക്കുകൾ പൂർത്തിയാക്കാൻ തനതു ഫണ്ടിൽ നിന്നും 2,46,887/- രൂപ ചെലവഴിക്കുകയും ചെയ്തു. ഫയർ NOC ലഭിക്കുന്നതിന് കൺസൾട്ടന്റിന് 53,100/- രൂപ നൽകുകയും ചെയ്തു. NBC-2016 പ്രകാരമുള്ള നിർമാണങ്ങൾ നടത്തേണ്ടതിനാൽ നിലവിലുള്ള നിർമാണ പ്രവൃത്തികൾ അടിസ്ഥാനമാക്കി ഫയർ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയതിന് കൺസൾട്ടന്റിന് നൽകിയ ടി തുക പാഴ്ചെലവാകുകയും ചെയ്തു.

ഇത്രയധികം തുക ചെലവഴിച്ചിട്ടും ലിഫ്റ്റ് സ്ഥാപിച്ച് നാളിതു വരെയായും പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല. ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്താത്തതു മൂലം ആശുപത്രി കെട്ടിടത്തിലെ മുകളിലെ മൂന്നു നിലകൾ നിലവിൽ ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കാതെയാണ് പി.ഡബ്ളിയു.ഡി ക്ക് ലിഫ്റ്റ് നിർമാണത്തിനായി 2017ൽ തുക നൽകിയത്. ലിഫ്റ്റ് സ്ഥാപിച്ച് ഉപയുക്തമാക്കുന്നതിന് ത്വരിത ഗതിയിലുള്ള നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ഹാജരാക്കുവാനും പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 69/09.12.19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 13.12.19 ൽ മറുപടി ഹാജരാക്കി. അംഗീകൃത ലൈസൻസി തയ്യാറാക്കിയ ബിൽഡിംഗ് പ്ലാൻ നിലവിൽ കൊച്ചി നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ട് എന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തി എത്രയും വേഗം ലിഫ്റ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനു് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-48. ആലുവ ജില്ലാ ആശുപത്രി-കേടായ വാട്ടർ മീറ്റർ മാറ്റി പുതിയത് വെയ്ക്കാത്തതു മൂലം വെള്ളക്കരത്തിന് സർചാർജ്

ഫയൽ നമ്പർ-DP-13- 1501/18

ആലുവ ജില്ലാ ആശുപത്രിയിലെ കേടായ വാട്ടർ മീറ്റർ മാറ്റി പുതിയത് വെക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് വാട്ടർ അതോറിറ്റി 23.7.18 ൽ ആശുപത്രി സൂപ്രണ്ടിന് നോട്ടീസ്

നൽകിയെങ്കിലും പുതിയ വാട്ടർ മീറ്റർ സ്ഥാപിച്ചത് 18.01.19ൽ മാത്രമാണ്. കേരള വാട്ടർ അതോറിറ്റി വാട്ടർ സപ്ലൈ റഗുലേഷൻസ്, 1991പ്രകാരം നോട്ടീസ് ലഭിച്ച് 30 ദിവസത്തിനുള്ളിൽ ഉപഭോക്താവ് സ്വന്തം ചെലവിൽ വാട്ടർ മീറ്റർ മാറ്റി വെക്കേണ്ടതാണ്. അല്ലാത്ത പക്ഷം പിന്നീടുള്ള മാസങ്ങളിലെ വെള്ളക്കരത്തിന് സർചാർജ് ചുമത്തുന്നതാണ്.

വാട്ടർ മീറ്റർ മാറ്റി പുതിയതു സ്ഥാപിക്കാത്തതു മൂലം 2018 ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള കാലയളവിലെ ബില്ലിൽ വാട്ടർ അതോറിറ്റി 86,795/- രൂപ സർചാർജ് ചുമത്തുകയും സർചാർജ് അടക്കമുള്ള ബിൽതുക 4,33,979/-രൂപ ആശുപത്രി സൂപ്രണ്ട് എച്ച്.എം.സി ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റിയിൽ അടവാക്കുകയും ചെയ്തു. സർചാർജ് ഒഴികെയുള്ള തുക 3,47,184/- രൂപ സൂപ്രണ്ടിന് ജില്ലാപഞ്ചായത്ത് തിരികെ നൽകി.

സർചാർജ് അടവാക്കേണ്ടി വന്നിട്ടു പോലും മീറ്റർ മാറ്റി വെക്കുന്നതിന് സൂപ്രണ്ട് നടപടി സ്വീകരിച്ചില്ല. മീറ്റർ മാറ്റി വെച്ച തീയതിയായ 18.01.19 ന് 2018 നവംബർ, ഡിസംബർ, 2019 ജനുവരി മാസങ്ങളിലെ വെള്ളക്കരം 5,20,776/- രൂപയും സർചാർജ് 1,30,193/-രൂപയും ചേർത്ത് ആകെ 6,50,969/-രൂപയുടെ ബിൽ വാട്ടർ അതോറിറ്റി നൽകുകയും സർചാർജ് ഒഴികെയുള്ള തുക 06.3.19 ന് സൂപ്രണ്ട് അടവാക്കുകയും ചെയ്തു. അടവാക്കിയ തുക 5,20,776/-രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും സൂപ്രണ്ടിന് അനുവദിച്ചു നൽകുകയും ചെയ്തു.

സർചാർജ് തുക 1,30,193/-രൂപ 16.02.19നു മുൻപ് അടവാക്കാതിരുന്നതിനാൽ തുകയ്ക്ക് പ്രതിമാസം 2% നിരക്കിൽ പലിശ ചുമത്തുന്നതാണെന്ന് അറിയിച്ചു കൊണ്ട് വാട്ടർ അതോറിറ്റി ആലുവ പി.എച്ച് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എൻജിനീയർ 16.3.19 ന് ആശുപത്രി സൂപ്രണ്ടിന് കത്തു നൽകി.

പലിശയടക്കം സർചാർജ് തുക വലിയൊരു സംഖ്യയായി മാറി ജില്ലാ പഞ്ചായത്തിന്റെ ബാദ്ധ്യതയായി മാറുകയും ഭാവിയിൽ പഞ്ചായത്തിനുള്ള പദ്ധതി വിഹിതത്തിൽ നിന്നും തുക കുറവു ചെയ്യാനിടയാകുന്നതാണ്. സർചാർജ് ചുമത്തപ്പെട്ട തുക, വാട്ടർ മീറ്റർ യഥാസമയം മാറ്റി വെക്കാൻ നടപടി സ്വീകരിക്കാതിരുന്ന ആശുപത്രി സൂപ്രണ്ടിന്റെ മാത്രം വ്യക്തിപരമായ ബാദ്ധ്യതയാണ്. എന്നാൽ സൂപ്രണ്ടിനോട് വിശദീകരണം ചോദിക്കുകയും വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ സർചാർജ് തുക അനുവദിക്കേണ്ടതില്ലെന്നു തീരുമാനിക്കുക മാത്രമാണ് പഞ്ചായത്ത് ചെയ്തത്.

സർചാർജ് തുക നിലവിൽ എത്ര രൂപയായി വർദ്ധിച്ചുവെന്ന് അറിയിക്കുവാനും ബാദ്ധ്യത ഒഴിവാക്കുന്നതിന് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 19/18.11.19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 16.12.19 ൽ മറുപടി ഹാജരാക്കി.27.9.19 ലെ വാട്ടർ ബില്ലിൽ കുടിശിക 3,07,449/-രൂപയായി വർദ്ധിച്ചതായും വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എൻജിനീയറുടെ 04.12.19 ലെ PHC/CHN/A1/35/17/Revenue/Settlement നമ്പർ കത്തു പ്രകാരം ആലുവ ജില്ലാ ആശുപത്രി അധികൃതരുടെ മനപ്പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി ഉത്തരവായതായും ടി മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.ടി വിഷയം സംബന്ധിച്ച് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശിക പൂർണ്ണമായും ഒഴിവാക്കി ഉത്തരവ് ലഭിക്കുന്നതിനായുള്ള തുടർ നടപടികൾ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതും ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-49. ലൈബ്രറികൾക്ക് ബുക്ക് ഷെൽഫുകളും പുസ്തകങ്ങളും വാങ്ങി നൽകി-പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ചുമതലയല്ല

പ്രൊജക്ട് നമ്പർ 1624/19 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 20,22,678/- രൂപ വകയിരുത്തി 27 ഡിവിഷനുകളിലെ 63 ലൈബ്രറികൾക്ക് ബുക്ക് മാർക്കിൽ നിന്നു

പുസ്തകങ്ങളും സിഡ്കോയിൽ നിന്നും സ്റ്റീൽ ബുക്ക് ഷെൽഫുകളും വാങ്ങി നൽകി. ബുക്ക് മാർക്കിന് ട്രഷറി ബിൽ നമ്പർ 290/19 തീ.20.3.19 പ്രകാരം നൽകിയ 12,60,000/- യാണ് 2018-19 വർഷം ഈ പ്രൊജക്ടിലെ ചെലവ്. ഓരോ ലൈബ്രറിക്കും 20,000/-രൂപയ്ക്കുള്ള പുസ്തകങ്ങൾ വാങ്ങി നൽകി. സിഡ്കോ ഫർണിച്ചർ വിതരണം 2018-19 വർഷം പൂർത്തിയാക്കിയെങ്കിലും തുക നൽകിയത് 2019-20 ലാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അഞ്ചാം പട്ടിക പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെട്ടതല്ല ലൈബ്രറികളുടെ പരിപാലനവും സേവനം മെച്ചപ്പെടുത്തലും. മൂന്നാം പട്ടിക പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെട്ടതാണിത്. ഗ്രാമപഞ്ചായത്തുകൾ ലൈബ്രറികൾക്കുള്ള പുസ്തകങ്ങളും ഫർണിച്ചറുകളും ഓരോ ലൈബ്രറിയുടെയും ആവശ്യകതയനുസരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി നൽകാറുണ്ട്.

പ്രൊജക്ട് രൂപീകരണ ഫോറത്തിൽ പറഞ്ഞിരിക്കുന്നത് ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വിതരണം ചെയ്യുമെന്നാണ്. ഓരോ ലൈബ്രറിക്കും ആവശ്യമുള്ള പുസ്തകങ്ങൾ ഏതൊക്കെയാണെന്ന് രേഖാമൂലം ഉറപ്പു വരുത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് പുസ്തകങ്ങൾ വാങ്ങി നൽകേണ്ടത്. എന്നാൽ ഇവിടെ ലൈബ്രറികളുടെ ആവശ്യകത അറിഞ്ഞല്ല പുസ്തകങ്ങൾ വാങ്ങി നൽകിയത്. സ്റ്റോക്കിലുണ്ടായിരുന്ന പുസ്തകങ്ങൾ അതാത് ലൈബ്രറികളിൽ ബുക്ക് മാർക്ക് നേരിട്ട് എത്തിക്കുകയാണ് ചെയ്തത്.

ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തേണ്ട പ്രൊജക്ടുകൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടത്തിയതിനും ആവശ്യകത നിർണ്ണയിക്കാതെ പുസ്തകങ്ങൾ വാങ്ങി നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 40/23.11.19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അഞ്ചാം പട്ടിക പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെട്ട മേഖലകളിലൂന്നി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-50. എ.എം.സി.ആയി നൽകിയിട്ടും ലിഫ്റ്റ് മിക്കപ്പോഴും പ്രവർത്തന രഹിതം

ജില്ലാ പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള OTIS എലവേറ്റർ കമ്പനിയുടെ 6 passenger ലിഫ്റ്റിന് ടി കമ്പനിയുമായി ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെടുകയും AMC തുക 95,404 രൂപ (80851രൂപ +18% ജി.എസ്.ടി.) ചെക്ക് നമ്പർ 5063544 തീ.20.02.19 പ്രകാരം നൽകുകയും ചെയ്തു(AMC കാലയളവ്- 01.10.18-30.9.19). തുടർന്നുള്ള ഒരു വർഷ കാലയളവിലേക്കും AMC പുതുക്കിയിട്ടുണ്ട്. ഭീമമായ തുക AMC ഇനത്തിൽ നൽകിയിട്ടും ലിഫ്റ്റ് മിക്ക ദിവസവും പ്രവർത്തന രഹിതമാണെന്ന് ഓഡിറ്റ് കാലയളവിൽ വ്യക്തമായിട്ടുണ്ട്. ഓരോ തവണയും ലിഫ്റ്റ് പ്രവർത്തനം നിലയ്ക്കുമ്പോൾ ഫോൺ മുഖേന ടെക്നീഷ്യനെ അറിയിക്കുകയും ടെക്നീഷ്യൻ വന്ന് താല്ക്കാലികമായി പ്രശ്നം പരിഹരിക്കുകയും ചെയ്യുന്നുണ്ട്. ഉയർന്ന നിരക്കിൽ AMC തുക നല്കിയിട്ടും സദാസമയവും ലിഫ്റ്റ് പ്രവർത്തന രഹിതമാകുന്ന വിവരം കമ്പനിയിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരെ രേഖാ മൂലം അറിയിക്കുകയോ പരിഹാരം കാണുകയോ ചെയ്തിട്ടില്ല .

01.10.18 ലെ കരാറിലെ clause 2.7 പ്രകാരം ലിഫ്റ്റിന് ഓരോ വർഷവും നോ ലോഡ് സേഫ്റ്റി ടെസ്റ്റ് നടത്തേണ്ടതുണ്ടെങ്കിലും 15.10.16നു ശേഷം ആയത് നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 81/16.12.19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

## 1-51. സെന്റേജ് ചാർജ്ജ് അധികം നൽകി

| ക്രമ നം | 1 | 2 | 3 | 4 |
|---|---|---|---|---|
| പ്രോ.നം/പേര് | 636/19 | 726/19 | 737/19 | 760/19 |

| | തേലത്തുരുത്ത് കുടിവെള്ള പൈപ്പ് എക്സ്റ്റൻഷൻ പുത്തൻവേലിക്കര | മണ്ഡല കോളനി കുടിവെള്ള പദ്ധതി, കരുമാല്ലൂർ പഞ്ചായത്ത് | അയ്യന്താനം കുടിവെള്ള പദ്ധതി പൂർത്തീകരണം, പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് | പാറത്താഴം കുടിവെള്ള പദ്ധതി |
|---|---|---|---|---|
| വർക്കിംഗ് ചാർജ്ജ് | 713007.00 + 39377.80 | 119298.00 | 1327751.18 + 308443.77 | 147816.89 |
| മെററീരിയലുകൾ | 134400.00 | 12480.00 | 65198.52 + 518383.35 | 825287.51 |
| സെന്റേജ് ചാർജസ് @12.5% | 110848.17 | 16472.31 | 277472.10 | 121638.05 |
| Lump sum | 2366.48 | 1749.20 | 2751.08 | 5257.56 |
| മററു ചെലവുകൾ | - | - | - | - |
| ആകെ | 1000000.00 | 150000.00 | 2500000.00 | 1100000.00 |
| അനുവദനീയമായ സെന്റേജ് ചാർജ്ജ് 10% | 88678.48 | 13177.80 | 221977.68 | 97310.44 |
| അധികം അടച്ച സെന്റേജ് ചാർജ്ജ് | 22169.69 | 3294.51 | 55494.42 | 24327.61 |
| തൻവർഷം അടച്ച തുക / റിമാർക്സ് | 1000000.00 ബിൽ നം 91/18/23-10-18 | 1500000.00 ബിൽ നം. 132/18/31-12-18 | 1500000.00 ബിൽ നം. 6/18/ 15-05-18. 10 ലക്ഷം 17-18 ൽ അടച്ചിരുന്നു. | 1100000.00 ബിൽ നം. 7/18/15-05-18 |

നിക്ഷേപ പ്രവൃത്തിയായി ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ച മേൽ പറഞ്ഞിരിയ്ക്കുന്ന പദ്ധതികളുടെ എസ്റ്റിമേറ്റ് പ്രകാരം സെന്റേജ് ചാർജിനത്തിൽ 12.5% നിരക്കിലാണ് തുക കണക്കാക്കി അടവാക്കിയിരിക്കുന്നത്. പി.ഡബ്ല്യു.ഡി മാനുവൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമാണ്. പി.ഡബ്ല്യു.ഡി മാനുവൽ part 2 section 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ഇക്കാര്യം 16-04-18 ലെ സ ഉ (സാധാ) നം.1069/2018/ തസ്വഭവ ഉത്തരവിൽ സ്പഷ്ടമാക്കിയിട്ടുമുണ്ട്. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. സെന്റേജ് ചാർജിനത്തിൽ 2.5% തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം. 17/16-11-19) മറുപടി ലഭ്യമാക്കിയില്ല. കൂടുതലായി അടവാക്കിയ സെന്റേജ് ചാർജ്ജ് 105286.23തിരികെ ഈടാക്കേണ്ടതും പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. വിശദ വിവരം ഖണ്ഡിക 3-27ൽ ചേർത്തിട്ടുണ്ട്.

## 1-52. ജില്ലാ കൃഷിത്തോട്ടം - ഉയിർത്തെഴുന്നേല്പിന്റെ വിജയഗാഥ

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ, നേര്യമംഗലത്ത് പ്രവർത്തിച്ചുവരുന്ന കൃഷിത്തോട്ടം മികവാർന്നതും ചിട്ടയോടെയുമുള്ള പരിപാലനത്തിലൂടെ കൃഷി എങ്ങനെ ആദായകരമാക്കാം എന്നതിന് ഉത്തമോദാഹരണമാണ്. 2018ഓഗസ്റ്റിലുണ്ടായ പ്രളയം മൂലം ഏകദേശം 4 കോടി രൂപയുടെ നഷ്ടം ഈ കൃഷിത്തോട്ടത്തിനുണ്ടായതായി കണക്കാക്കുന്നു. എന്നാൽ അതിന് ശേഷമുള്ള കാലയളവിൽ വൈവിധ്യമാർന്ന കൃഷിരീതികളും, ചിട്ടയോടെയുള്ള പ്രവർത്തനങ്ങളും ഏർപ്പെടുത്തുക വഴിയായി നിലവിൽ മികച്ച നേട്ടങ്ങളിലേക്കെത്തുവാൻ ഈ ഫാമിന് കഴിഞ്ഞിട്ടുണ്ട്. 300 ഏക്കറുകളിലായി വ്യാപിച്ചുകിടക്കുന്ന ഈ കൃഷിത്തോട്ടത്തിൽ പ്രളയജലത്തിനൊപ്പം സമീപത്തുകൂടിയൊഴുകുന്ന പെരിയാറിൽ നിന്നും എത്തിയ പൂഴിമണ്ണടിഞ്ഞ് പല കൃഷിയിടങ്ങളും നിരപ്പായി മാറിയെങ്കിലും, ഇത്തരം സ്ഥലങ്ങളിൽ പുതുവിളകളിറക്കിയും, കാടുകയറിക്കിടന്ന, പതിറ്റാണ്ടുകളായി മനുഷ്യസ്പർശമേൽക്കാതിരുന്ന തോട്ടത്തിലെ

പലഭാഗങ്ങളിലും അത്യപൂർവ്വയിനങ്ങളിൽപ്പെട്ട നെൽകൃഷി നടത്തിയും ഈ കൃഷിത്തോട്ടം കേരളത്തിനു തന്നെ അഭിമാനാർഹമായ രീതിയിൽ വാർത്തെടുക്കുന്നതിന് അധികൃതകരുടെ ഭാഗത്തുന്നുണ്ടായിരിക്കുന്ന ശ്രമങ്ങൾ അഭിനന്ദനീയമാണ്. ഈ തോട്ടത്തിലെ കൃഷിയിടങ്ങളെ "A" മുതൽ "Q" വരെ ഉൾപ്പെടുന്ന ഓരോവിഭാഗങ്ങളായിത്തിരിച്ച്, അവിടെ ഓരോ തരത്തിലുള്ള വിളകൾ കൃഷിചെയ്യുന്ന രീതിയാണ് അനുവർത്തിട്ടുള്ളത്. അപൂർവ്വയിനങ്ങളിൽപ്പെട്ട നെല്ലിനങ്ങൾക്കും, പഴവർഗ്ഗങ്ങൾക്കും, ഔഷധസസ്യങ്ങൾക്കും, പച്ചക്കറികൾക്കും, പുറമെ സംയോജിത കൃഷിരീതിയുടെ ഭാഗമായി ഇവിടെ പശു, ആട്, കോഴി, താറാവ് , മീൻ എന്നിവയെ വളർത്തുകയും ചെയ്യുന്നുണ്ട്. തികച്ചും ജൈവരീതിയിലുള്ള കൃഷിരീതിയായതിനാൽ വിഷസ്പർശമില്ലാത്ത വിളകൾ ധാരാളമായിവിടെ ലഭിക്കുകയും അവയിൽ നിന്നും ഫാമിലേക്ക് മികച്ച വരുമാനം ലഭിക്കുകയും ചെയ്യുന്നു. എന്നാൽ ഈ കൃഷിത്തോട്ടത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിളകൾ വില്പന നടത്തുന്നതിന് ഇവിടെത്തന്നെ പ്രവർത്തിക്കുന്ന ഒരു വിൽപന കൗണ്ടർ മാത്രമാണ് ആശ്രയം. ജൈവ രീതിയിൽ കൃഷിചെയ്യുന്ന ഉല്പന്നങ്ങൾ സ്വീകാര്യത ഏറിവരുന്ന ഇക്കാലത്ത് ഈ വിളകൾ നഗരവാസികൾക്ക് കൂടി ലഭ്യമാകുന്ന രീതിയിൽ ഒരു വിപണന ശൃംഖല രൂപീകരിച്ചുകൊണ്ട് അതുവഴി കൂടുതൽ ആദായകരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാക്കി ജില്ലാ കൃഷിത്തോട്ടത്തെ മാറ്റിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും. ഇതിന് പുറമെ ജൈവരീതിയിലുള്ള കൃഷിരീതികൾ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള ഫാം ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നത് ഈ തോട്ടത്തെ ഏറെ ആദായകരമാക്കാൻ സഹായിക്കും.

## 1-53. ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 1054/19, നെല്ലിപ്പാമറ്റം പൊട്ടയ്ക്കൽ പീടിക റോഡ് റീടാറിംഗ് (പൂതൃക്ക ഗ്രാമപഞ്ചായത്ത്) |
| നിർവ്വഹണേദ്യോഗസ്ഥ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരന്റെ പേര് | മാത കൺസ്ട്രക്ഷൻസ്,കടയിരുപ്പ് |
| അളവു പുസ്തകം | 483/16-17 |
| ചെലവ് വിവരം | 33/18-19തുക 499855/- |

പൂതൃക്ക ഗ്രാമപഞ്ചായത്തിലെ നെല്ലിപ്പാമറ്റം പൊട്ടയ്ക്കൽ പീടിക റോഡ് റീടാറിംഗിനു വേണ്ടി ആവിഷ്കരിച്ച മേൽ പ്രോജക്ടിൽ ആകെ 4041 കിലോഗ്രാം ബിറ്റുമിൻ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.49/27.11.2019) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ബില്ല് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ബിറ്റുമിൻ ഉപയോഗിച്ച് നടത്തുന്ന റോഡ് ടാറിംഗ് വർക്കുകൾക്ക് ഒറിജിനൽ ബില്ലുകൾ ഹാജരാക്കേണ്ടതാണെന്ന് ജി.ഒ(പി)306/2016 ധനം 15.07.2016 ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ബില്ലുകൾ ഹാജരാക്കാതെ പ്രവൃത്തി നടപ്പാക്കിയെന്ന് വിശദീകരിക്കുന്നത് ശരിയായ നടപടിയല്ല. ആയത് ഹാജരാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-54. കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല

ജില്ലാ പഞ്ചായത്ത് 2018-19 ൽ നിർവ്വഹിച്ച ഏതാനും മരാമത്ത് പ്രവൃത്തികൾ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികൾ കാലാവധി കഴിഞ്ഞ് പൂർത്തിയാക്കുന്ന വേളകളിൽ 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയേക്കണ്ടതാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായിട്ടാണ് കരാറുകാർക്ക് ബിൽ തുക നൽകിയിട്ടുള്ളത്. വിശദവിവരത്തിന് ഖണ്ഡിക 3-22 കാണുക.

## 1-55. എളങ്കുന്നപ്പുഴ ആധുനിക ശ്മശാന നിർമ്മാണം - പ്രവൃത്തിയിൽ ദർഘാസ് വ്യവസ്ഥകളുടെ ലംഘനം

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയാണിത്. 1,11,78,000/- അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ പ്രവൃത്തിക്ക് (പ്രോജക്റ്റ് നമ്പർ 730/19) 2018-19 ൽ 33,06,023/- ചെലവുണ്ട്.

30.03.2017 ലെ സെലക്ഷൻ നോട്ടീസിന്റെ അടിസ്ഥാനത്തിൽ 31.3.17ൽ 339/EE/LSGD/16-17 നമ്പരായി കോൺട്രാക്ടർ ശ്രീ. കെ.പി.ഉസ്മാനുമായി കരാർ ചമച്ചിരുന്നു. എന്നാൽ ഇതിന് ശേഷം 27.6.17 ൽ വർക്ക് സൈറ്റ് വിട്ടുകിട്ടിയിട്ടില്ല എന്നും, സൈറ്റിൽ നിലനില്ക്കുന്ന പഴയ കെട്ടിടം പൊളിച്ചുനീക്കി സൈറ്റ് വിട്ടുകിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കരാറുകാരൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രവൃത്തി നടപ്പാക്കുന്നതിനുള്ള അനുമതി പത്രങ്ങൾ ലഭ്യമാവാത്തതിനാൽ സൈറ്റ് കോൺട്രാക്ടർക്ക് കൈമാറാൻ സാധിച്ചിട്ടില്ല എന്നും, ആയതിന് മേൽ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് 7.8.2017ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകി. ഇതിന് ശേഷം, 20.09.2017ലാണ് ശ്മശാന നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകാൻ തയ്യാറാണെന്ന് എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളത്. വീണ്ടും, 22.11.2017ൽ, പ്രവൃത്തി നടപ്പാക്കുന്നതിനുള്ള അനുമതി പത്രങ്ങൾ ലഭ്യമാവാത്തതിനാൽ പ്രവൃത്തി തുടങ്ങാനാവുന്നില്ല എന്നും, തുടർ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ഇതിന് ശേഷം 04.12.2017 ലാണ് സൈറ്റ് കരാറുകാരന് കൈമാറിയത്. കരാർ വ്യവസ്ഥകൾ പ്രകാരം കരാറുടമ്പടി വച്ച് 10 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി നടപ്പാക്കുന്നതിനായി സ്ഥലം കരാറുകാരൻ ഏറ്റുവാങ്ങേണ്ടതും, അതിനുശേഷം 10 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും, നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരക്കേണ്ടതാണെന്നും നിഷ്കർഷയുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ കരാർ തീയതിക്ക് ശേഷം 11മാസങ്ങൾ കഴിഞ്ഞാണ് പ്രവൃത്തിക്കായി സ്ഥലം കരാറുകാരന് കൈമാറിയിട്ടുള്ളത്. പ്രവൃത്തി ആരംഭിക്കുന്നതിന് യാതൊരു മുന്നൊരുക്കവും ഇല്ലാതെ ടെണ്ടർ നടപടികൾ സ്വീകരിച്ച്, കരാറുകാരനെ സെലക്റ്റ് ചെയ്യുകയും പിന്നീട് പ്രവൃത്തിക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതും ശരിയായ പ്രവണതയല്ല. ദർഘാസ് വ്യവസ്ഥകളനുസരിച്ച് മാത്രം പ്രവൃത്തികളാരംഭിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, 18.03.2018ൽ പ്രവൃത്തി പൂർത്തിയാക്കിയതായി കാണുന്നു. എന്നാൽ ഈ ശ്മശാനത്തിൽ ഫർണസ് സ്ഥാപിച്ചതിന്റെ വിവരങ്ങൾ നിലവിലും ഓഡിറ്റിന് ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 60) മറുപടി ലഭ്യമാക്കിയില്ല. 33,06,023/- ചെലവിട്ട് നടത്തിയ ഈ പ്രവൃത്തി ഇപ്പോഴും ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല എന്നത് ഇതിൽ നിന്ന് വ്യക്തമാണ്. 2016-17 ൽ ആരംഭിച്ച പ്രവൃത്തി 2019 അവസാനമായിട്ടും ഫലപ്രാപ്തിയിൽ എത്തിയില്ല എന്നത് അത്യന്തം ശോചനീയമാണ്. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ അവയുടെ ഉദ്ദേശ്യസാക്ഷാത്കാരം കാലതാമസം കൂടാതെ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

## 1-56. എക്സസ് കോസ്റ്റ് അനുവദിച്ചത്

മുള്ളംകുഴി ഡോൺ ബോസ്കോ റോഡ്- കീഴ്മാട് ഗ്രാമ പഞ്ചായത്ത് (S01340/19,) എന്ന പ്രൊജക്ടിന്

ബിറ്റുമിന്റെ വില വ്യത്യാസം ജി.ഒ.(ആർ.ടി.) നം. 9386/ 2018/ Fin dt. 13.11.2018 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവു പ്രകാരം date of closing tender and the date of invoice (invoice date on or after 1.11.2018) തമ്മിലുള്ള വില വ്യത്യാസം അനുവദിക്കാവുന്നതാണ്. ഇപ്രകാരം വില വ്യത്യാസം അനുവദിച്ചപ്പോൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ വില പരിഗണിക്കാത്തതിനാൽ കരാറുകാരൻ ബിറ്റുമിന് വേണ്ടി ചെലവഴിച്ച തുകയേക്കാൾ അധിക തുക നൽകാനിടയായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3- 6 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-57. ഭിത്തി കെട്ടിയപ്പോൾ വാതിലുകളുടേയും ജനലുകളുടേയും അളവുകൾ കുറവ് ചെയ്തില്ല

പെൺകുട്ടികൾക്ക് വിശ്രമ മുറി കൗൺസലിംഗ് മുറി, കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് (1107/19), എന്ന പ്രൊജക്ട് നടപ്പാക്കിയപ്പോൾ ആകെ അളവിൽ നിന്നും വാതിലുകളുടേയും ജനലുകളുടേയും അളവുകൾ കുറവ് ചെയ്യാത്തത് മൂലം അധിക തുക നൽകിയിട്ടുണ്ട്.

അളവു പുസ്തകം ഇനം 1.07 പ്രകാരം solid masonry using pre cast solid blocks (factory made 0 of size 30 x 20 x15 cm or nearest size………………...with thick ness 15 cm in CM 1:6 etc. complete (item code 50.6.2.2) ചെയ്തതിന് 1,31,592.16/-( 24.44 അളവ് 23.44m3 ൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. 23.44 m3 x 5614.00/m3) രൂപ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം രണ്ട് വതിലുകളും എട്ട് ജനലുകളും ഉൾപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ അളവ് കുറവ് വരുത്തുന്നതായും കാണിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ അളവിൽ വാതിലുകളുടേയും ജനലുകളുടേയും ഏരിയ കുറവ് വരുത്തിയിട്ടില്ല. ഐറ്റം നം. 14 പ്രകാരമുള്ള ഭിത്തി പ്ലാസ്റ്ററിംഗ് ഇനത്തിൽ രണ്ടു വാതിലുകളുടേയും ജനലുകളുടേയും അളവ് കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട് (അളവു പുസ്തകം പേജ് 53). വിശദാംശങ്ങൾക്ക് ഭാഗം മൂന്നിലെ ഖണ്ഡിക 3-25 കാണുക.

## 1-58. മരാമത്ത് പ്രവൃത്തിയ്ക്ക് അധികം തുക നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കീഴ്മാട് ഗ്രാമപഞ്ചായത്തിലെ മഠത്തിലകം എസ് സി കോളനി നവീകരണം എന്ന പ്രവൃത്തിയിൽ കാന നിർമ്മിക്കുന്നതിന്റെ ഭാഗമായി ഇനം മൂന്നായി ചെയ്തിട്ടുള്ള കാനയുടെ സൈഡ് വാളിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSRഡാറ്റ 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. കാനയുടെ സൈഡ് വാളിന് വേണ്ടി നടത്തിയ ഈ പ്രവൃത്തിയ്ക്ക് ബാധകമായ DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. കൂടാതെ ശരാശരി 1 മീറ്റർ മാത്രമാണ് കാനയുടെ ഉയരം വരുന്നത്. 4.3.2 പ്രകാരമുള്ള ഡാറ്റയിൽ ഈ പ്രവൃത്തിക്ക് 1 മീറ്റർ ഉയരമാണ് കാണിച്ചിട്ടുള്ളത്. ഇപ്രകാരം തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതു കാരണം കരാറുകാരന് അധികമായി നൽകിയ തുകയുടെ വിശദാംശം ഭാഗം മൂന്നിലെ ഖണ്ഡിക 3-7ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-59. ഹോമിയോ ആശുപത്രി നവീകരണം-അധിക നിരക്ക് നൽകി

ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന് മുകളിൽ റൂഫിംഗ് നടത്തിയിട്ടുണ്ട്. പ്രവൃത്തിയിൽ ചെയ്ത 1992.275 Kg വരുന്ന സ്റ്റീൽ വർക്ക് പ്രവൃത്തികളിൽ പർലിൻ പ്രവൃത്തികൾക്ക് (405.60Kg) ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 150/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 50.10.1). എന്നാൽ ഈ പ്രവൃത്തിയിൽ മുഴുവൻ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണ്. Common Rafter,Wall plate, എന്നിവയ്ക്ക് സിംഗിൾ സെക്ഷന്റെ നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പർലിൻ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് DSR 10.16.1 കോഡ് പ്രകാരമുള്ള 131.84/kg രൂപയാണ്.

ആയതിനാൽ കരാറുകാരന് അധികമായി തുക നൽകിയിട്ടുണ്ട്. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-8ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-60. അലോപ്പതി ആശുപത്രി കെട്ടിടം പുതുക്കി പണിയാൻ അധിക നിരക്ക് നൽകി

എടവനക്കാട് ഗ്രാമപഞ്ചായത്തിലെ അലോപ്പതി ആശുപത്രിയിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അൽഷിമേഴ്സ് രോഗികൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടം പുതുക്കി പണിയുന്നതിനായി ആവിഷ്കരിച്ചിട്ടുള ളതാണ് മേൽ പ്രോജക്ട്. പ്രവൃത്തിയിൽ 11-ാം ഇനമായി ചെയ്തിട്ടുള്ള 3217.51 Kg വരുന്ന സ്റ്റീൽ വർക്ക് പ്രവൃത്തിയിൽ 125.56/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.25.2). എന്നാൽ ഈ പ്രോജക്ടിൽ Steel work welded in built up sections /framed work, including cutting, hoisting, fixing in position and applying a priming coat of approved steel primer using structural steel….In gratings, frames, guard bar, ladder, railings, brackets, gates and similar works എന്ന പ്രവൃത്തിയിൽ DSR CODE 10.25.1ൽ ഉൾപ്പെട്ട നിരക്കാണ് അനുവദനീയം. അധിക നിരക്ക് നൽകിയത് കാരണം കരാറുകാരന് കൂടുതൽ തുക നൽകിയിട്ടുണ്ട്. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-9ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-61. ചന്ദ്രത്തിൽ കടവ് റോഡ് റീടാറിംഗ്- അധിക തുക നൽകി

കുന്നുകര ഗ്രാമപഞ്ചായത്തിലെ കുറ്റിപ്പുഴ ജെ.ബി.എസ്.ചന്ദ്രത്തിൽ കടവ് റോഡ് റീടാറിംഗ് നടത്തുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. ഈ പ്രവൃത്തിയിലെ ഒന്നാം ഇനമായി ചെയ്തിട്ടുള്ള മണ്ണ് കുഴിച്ചെടുക്കൽ എന്നതിൽ 37.898m3 മണ്ണ് ലഭിച്ചതായി അളവ് പുസ്തകത്തിലെ പേജ് നമ്പർ 2 ൽ വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് അളവ് പുസ്തകം പേജ് 20 ൽ ആകെ തുകയായ 999375.00 രൂപയിൽ നിന്നും മണ്ണിന്റെ വിലയായ 8830/- രൂപ കുറവ് ചെയ്ത് 990545/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ തുകയാണ് പേജ് 21 ൽ പാസ്സാക്കിയതും. എന്നാൽ അടുത്ത പേജിൽ തുക കുറവ് ചെയ്തത് പരിഗണിക്കാതെ കരാറുകാരന് 999375.00 രൂപ നൽകി. ആയതിനാൽ തുക അധികമായി നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശം ഭാഗം മൂന്നിലെ ഖണ്ഡിക 3-10ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-62. കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു കാരണം അധിക ചെലവ്

2017-18 വർഷത്തിൽ പൂർത്തീകരിച്ച താഴെപ്പറയുന്ന സ്പിൽ ഓവർ പ്രവൃത്തിയിൽ, ടെണ്ടർ സ്വീകരിച്ചതും കരാർ വച്ചതും 2017 ഒക്ടോബർ മാസത്തിന് ശേഷമാണ്. 2017 ഒക്ടോബർ മാസത്തിന് മുമ്പ് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേല്പറഞ്ഞ എല്ലാ പ്രവൃത്തികളുടേയും എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 01.04.2017 മുതൽ പ്രാബല്യത്തിലുള്ള 49.02% നിരക്കിലുള്ള കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത്. എന്നാൽ 01.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 46.08% ആയി കുറഞ്ഞിരുന്നു. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികളെല്ലാം ടെണ്ടർ നടത്തി ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തിയില്ല. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ 1.97% ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടാകുകയും, എസ് എൻ ഡി പി മാട്ടുപുറം റോഡ് (കരുമാലൂർ ഗ്രാമ പഞ്ചായത്ത്) എന്ന പ്രവൃത്തിയുടെ കാര്യത്തിൽ അത്രയും തുകയുടെ അധിക ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-63. ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയതിലെ അപാകത

പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽ വെരുമാഞ്ചിറ ചിറക്കടവ് റോഡ് നിർമ്മാണത്തിനായി

ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. ഈ പ്രോജക്ടിൽ റീടാറിംഗും, ഇന്റർലോക്ക് ടൈൽ വിരിയ്ക്കുന്നതിനും, പാർശ്വഭിത്തി നിർമ്മിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്. കരാറുകാരന് ആകെ തുക നൽകിയപ്പോൾ പ്രവൃത്തി മൂല്യം കണക്കിലെടുക്കാതെ അധിക തുക നൽകിയിട്ടുണ്ട്. വിശദാംശം ഭാഗം മൂന്നിലെ ഖണ്ഡിക 3-12ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-64. കമ്മ്യൂണിറ്റി ഹാൾ നവീകരണം-പഴയ വസ്തുക്കൾ ലേലം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | S 1556/19, ചന്തപ്പറമ്പ് എസ്.സി. കമ്മ്യൂണിറ്റി ഹാൾ നവീകരണം (ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത്) |
| നിർവ്വഹണം | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ.ഷമ്മി കുര്യാക്കോസ് |
| അളവ് പുസ്തകം | 457/17-18 |
| ചെലവ് വിവരം | 360107/-,375/18-19, 31.03.19 |

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ ചന്തപ്പറമ്പ് എസ് സി കമ്മ്യൂണിറ്റി ഹാൾ നവീകരിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ആയതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും നേരത്തെ ഈ ഹാളിലുണ്ടായിരുന്ന ഫാൾസ് സീലിംഗ് നീക്കം ചെയ്യുകയും (179.475 m2) പുതിയ ഫാൾസ് സീലിംഗ് സ്ഥാപിക്കുകയും (185.34m2) ചെയ്തിട്ടുണ്ട്. എന്നാൽ നീക്കം ചെയ്ത ഫാൾസ് സീലിംഗിലെ പഴയ അലുമിനിയം നീക്കം ചെയ്തതിന്റെ വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.33/23.11.19 നൽകിയെങ്കിലും ലേല നടത്തിപ്പിന് സെക്രട്ടറിയ്ക്ക് സാധനസാമഗ്രികൾ കൈമാറി എന്ന വിവരമാണ് ലഭ്യമായത്. അലൂമിനിയം ഉൾപ്പെടെയുള്ള പഴയ വസ്തുക്കൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-65. കാന നിർമ്മാണം-എസ്റ്റിമേറ്റിലും അധികരിച്ച അളവിൽ നിർമ്മിച്ചതിനാൽ അധിക ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്. 0324/18, പട്ടണത്തുകാട് റോഡ് കാനനിർമ്മാണം, വാർഡ്-15 ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | ഇ.വി.ഉണ്ണികൃഷ്ണൻ |
| അടങ്കൽ | 800000 (ഐറ്റം നിരക്ക്) കോസ്റ്റ് ഇൻഡക്സ് (49.02%) |
| ചെലവ് | 721169.06 (ബിൽ നം.10/17-18 തീയതി 31.01.2018 ) |
| അളവ് പുസ്തകം | 989/15-16 |

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ പട്ടണത്തുക്കാട് റോഡിൽ എസ്റ്റിമേറ്റ് പ്രകാരം കാന നിർമ്മിക്കേണ്ടത 162 മീറ്റർ നീളത്തിലും 80 സെ.മീ വീതിയിലും 70 സെ.മീ ഉയരത്തില്ലുമാണ് . ഇതിന് വേണ്ടി 165.5 മീറ്റർ നീളത്തിലും 80 സെ.മീ വീതിയിലും 70 സെ.മീ താഴ്ചയിലും മണ്ണ് നീക്കം

ചെയ്ത് 10 സെ.മീ കനത്തിൽ കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട് (അളവ് പുസ്തകം പേജ് 5). ഇതിൽ 150.8 മീറ്റർ നീളത്തിൽ ശരാശരി 72 സെ.മീറ്റർ ഉയരത്തിൽ കാനയുടെ സൈഡ് വാൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 14.70 മീറ്റർ നീളത്തിൽ 1.12 .മീറ്റർ ഉയരത്തിലാണ് കാനയുടെ സൈഡ് വാൾ നിർമ്മിച്ചിരിക്കുന്നത്. 70 സെ.മീ താഴ്ചയിൽ മണ്ണ് എടുക്കുകയും 10 സെ.മീ കനത്തിൽ ഫൗണ്ടേഷൻ കോൺക്രീറ്റിംഗ് നടത്തുകയും ചെയ്തതിനാൽ വരുന്ന പാർശ്വ ഭിത്തിയുടെ ഉയരം 60 സെ.മീ ആയിരിക്കെ ഈ ഭാഗത്ത് 1.12 മീറ്റർ ഉയരത്തിൽ പാർശ്വ ഭിത്തി നിർമ്മിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് (എസ്റ്റിമേറ്റിലെ ഇനം 3 പ്രകാരം പാർശ്വഭിത്തി നിർമ്മിക്കേണ്ടത് 0.70 മീറ്റർ ഉയരത്തിലാണ്).

| | |
|---|---|
| 14.70 മീറ്റർ നീളത്തിൽ 1.12 മീറ്റർ ഉയരത്തിലാണ് കാനയുടെ സൈഡ് വാൾ നിർമ്മിച്ചിരിക്കുന്ന അളവ് 1:2.5:5 അളവ് പുസ്തകം പേജ്-17 | 2x14.70x.20x1.12 = 6.59 എം3 |
| യഥാർത്ഥത്തിൽ വരാവുന്ന അളവ് | 2x14.70x.20x.72 = 4.23 |
| അധികം വരുന്ന അളവ് | 2.36 എം3 (6.59-4.23) |
| അധികം ചെലവഴിക്കേണ്ടി വന്ന തുക (കരാറുകാരൻ കോട്ട് ചെയ്ത നിരക്ക് 7000 രൂ) | 2.36X7000 = 16520 |

## 1-66. പട്ടികജാതി തൊഴിൽ ദായക പദ്ധതി - സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രോജക്ട് ഓഫീസർ തുക കൈപ്പറ്റി വിതരണം ചെയ്തു

| | |
|---|---|
| പ്രോജക്ട് നം, പേര് | S762/18-19, മൂന്നു കേന്ദ്രങ്ങളിൽ പട്ടികജാതി തൊഴിൽദായക പദ്ധതി |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി) - 401382/- |
| ചെലവ് | ബിൽ നം.02/18-19- 13.08.2018, 215563/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ |

വെട്ടൂർ, പിണർമുണ്ട, കുട്ട എന്നീ പട്ടിക ജാതികോളനികളിൽ ഖാദി സ്പിന്നിംഗ് മിൽ പ്രവർത്തിപ്പിച്ച് കോളനിയിലെ ഗുണഭോക്താക്കൾക്ക് ടെക്നിക്കൽ ഗൈഡൻസ് നൽകുന്നതിനായി പ്രോജക്ട് ഓഫീസർ 1,92,000/-രൂപ കൈപ്പറ്റിയിട്ടുണ്ട്. 16.11.17 ലെ സർക്കാർ ഉത്തരവ് നമ്പർ 147/2017/ധന പ്രകാരം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് തുക കൈമാറേണ്ടതാണ്. സേവനം നൽകുന്നയാളിന്റെ അക്കൗണ്ടിലേക്ക് അല്ലെങ്കിൽ സപ്ലൈറുടെ അക്കൗണ്ടിലേക്കാണ് സർക്കാർ ഉത്തരവ് പ്രകാരം തുക കൈമാറേണ്ടത്. സർക്കാർ ഉത്തരവിന് വിരുദ്ധമായിട്ടാണ് പ്രോജക്ട് ഓഫീസർ തുക കൈപ്പറ്റി വിതരണം ചെയ്തത്. ഭാവിയിൽ ഇപ്രകാരമുള്ള ന്യൂനതകൾ ഒഴിവാക്കേണ്ടതാണ്.

## 1-67. DR masonaryയിൽ സംരക്ഷണഭിത്തി നിർമ്മാണം- സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധികച്ചെലവ്

**എ)** ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സൌത്ത് വാഴക്കുളം GHSSന്റെ ചുറ്റുമതിൽ

നിർമ്മിക്കുന്നതിന്റെ ഭാഗമായി DR masonaryയിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിൽ ബെൽറ്റ് നൽകിരിക്കുന്നത് 1:2:4 RCCയിലാണ്. സാങ്കേതിക വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ സർക്കുലർ നമ്പർ 87/2016 തീയതി 18.11.16 ലെ നിർദ്ദേശം അനുസരിച്ച് DR masonaryയിൽ സംരക്ഷണഭിത്തി നിർമ്മിക്കുമ്പോൾ ബെൽറ്റ് PCC 1:3:6 with nominal reinforcement, (8mm സ്റ്റീൽ ബാർ) നൽകുവാനാണ് നിർദ്ദേശിക്കുന്നത്.മേൽ പ്രവൃത്തിയിൽ ബെൽറ്റ് നൽകിയിരിക്കുന്നതിന് ഉയർന്ന ഗ്രേഡിലുള്ള കോൺക്രീറ്റിംഗും 10mm കമ്പി ഉപയോഗിച്ചതും അധികച്ചെലവിനിടയാക്കി വിവരം ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വാഴക്കുളം സ്കൂൾ ചുറ്റുമതിൽ |
| പ്രോജക്ട് നമ്പർ | S1273/19 |
| ചെലവു വിവരം | ഉത്തരവ് നമ്പർ DP9/3407/18 തീയതി 27-09-18 രൂപ 554985/- (തനത് ഫണ്ട്) |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനിയർ |
| അളവുപുസ്തകം | MB 949/15-16 |
| കരാറുകാരൻ | പി.റ്റി.ബിനോയി |
| 1:2:4 RCC യിൽ ബെൽറ്റ് നിർമ്മിച്ച തിന് നൽകിയ തുക | 4.389m3 @ 8432/m3 =37008 |
| അനുവദനീയം (PCC 1:3:6 ന് കരാറുകാരൻ ക്വോട്ടു ചെയ്ത നിരക്ക് അനസരിച്ച് | 4.389m @ 7197/m3 = 31588 |
| കോൺക്രീറ്റിംഗിൽഅധികം ചെലവഴിച്ചത് | 37008 – 31588 = 5420 |
| അനുവദിച്ച റീ ഇൻഫോഴ്സ് മെന്റ് | 10mm 14x26.55x0.617 = 229.339 kg<br>8mm 162 x2.34 x 0.395 = 149.757<br>379.096 |
| അനുവദനീയം8mm | 14x26.55x 0.395 = 146.822kg<br>162 x2.34 x 0.395 = 149.757<br>296.579 |
| റീ ഇൻഫോഴ്സ് മെന്റിൽ അധികം ചെലവഴിച്ചത് | 82.517 kg @ 80.78 = 6666 |
| ആകെ അധികം ചെലവഴിച്ചത് | 5420 +6666 =12086 |

**ബി)** പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ഇല്ലിച്ചുവട് -പോത്തൻ ചീനി റോഡിന്റെ വശങ്ങളിൽ DR masonaryയിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിൽ ബെൽറ്റ് നൽകിരിക്കുന്നത് 1:1.5:3 RCCയിലാണ്. സാങ്കേതിക വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ സർക്കുലർ നമ്പർ 87/2016 തീയതി 18.11.16 ലെ നിർദ്ദേശം അനുസരിച്ച് DR masonaryയിൽ സംരക്ഷണഭിത്തി നിർമ്മിക്കുമ്പോൾ ബെൽറ്റ് PCC 1:3:6 with nominal reinforcement, (8mm സ്റ്റീൽ ബാർ) നൽകുവാനാണ് നിർദ്ദേശിക്കുന്നത്.മേൽ പ്രവൃത്തിയിൽ ബെൽറ്റ് നൽകിയിരിക്കുന്നതിന് ഉയർന്ന ഗ്രേഡിലുള്ള കോൺക്രീറ്റിംഗും 10mm കമ്പി ഉപയോഗിച്ചതും അധികച്ചെലവിനിടയാക്കി വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഇല്ലിച്ചുവട് -പോത്തൻ ചീനി റോഡ് -പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S0022/19 |

| | |
|---|---|
| ചെലവു വിവരം | ബിൽ നം -286/20-03-19 രൂപ 1300455/- |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അളവുപുസ്തകം | MB 640/17-18 |
| കരാറുകാരൻ | സജി .കെ .കോയ (12.99%കുറവ്) |
| 1:1.5:3 RCC യിൽ ബെൽറ്റ് നിർമ്മിച്ച തിന് മാത്രം നൽകിയ തുക | 20.946m3 @ 7899.36/m3 = 165460/- |
| അനുവദനീയം (PCC 1:3:6) 7197.35/m3 - 934.94 (ടെണ്ടർ വ്യതിയാനം) = 6262.41/m3 നിരക്ക് അനസരിച്ച് | 20.946m3 @ 6262.41/m3 =131172/- |
| കോൺക്രീറ്റിംഗിൽ അധികം ചെലവഴിച്ചത് | 165460 – 131172 = 34288 |
| 113.70 മീറ്റർ നീളത്തിൽ മിഡിൽ ബെൽറ്റ് നിർമ്മിച്ചപ്പോൾ അനുവദിച്ച് റീ ഇൻഫോഴ്സ് മെന്റ് | 10mm 5x46.85x0.617 = 144.532 kg<br>154x0.85x0.617 = 80.765<br>4x23x0.617 = 56.764<br>78x0.60x0.617 = 28.88<br>310.941<br>5x43.95 x0.617 = 135.59<br>146x1.00x0.617 = 90.082<br>225.672<br>ആകെ - 536.613 |
| അനുവദനീയം8mm | 5x46.85x0.395 = 92.53 kg<br>154x0.85x0.395 = 51.70<br>4x23x0.395 =36.34<br>78x0.60x0.395 = 18.49<br>199.06<br>5x43.95 x0.395 = 86.80<br>146x1.00x0.395 = 57.67<br>144.47<br>ആകെ - 343.53 |
| റീ ഇൻഫോഴ്സ് മെന്റിൽ അധികം ചെലവഴിച്ചത് | 193.083 kg @ 71.93 = 13888 |
| ആകെഅധികം ചെലവഴിച്ചത് | 34288 + 13888 = 48176 |

സാങ്കേതിക സർക്കുലറിലെ നിബന്ധനകൾ പാലിക്കുവാനും അധികച്ചെലവ് ഉണ്ടാകാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ നമ്പർ ഓഡിറ്റ് എൻക്വയറിക്ക് (നം.22/19.11.19) മറുപടി നൽകിയിട്ടില്ല.

## 1-68. സംരക്ഷണഭിത്തി നിർമ്മാണം - സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധികച്ചെലവ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മിത്രക്കുൽ റോഡ് മെയിന്റനൻസ് -എടത്തല ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S0879/19 |
| ചെലവു വിവരം | ബിൽ നം 11/20-12-18 1406532/-രൂപ |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | |
|---|---|
| | എഞ്ചിനീയർ |
| അളവുപുസ്തകം | MB 659/17-18 |
| കരാറുകാരൻ | ലൈജു ദേവസി |
| കോട്ട് ചെയ്ത തുക | 15722246.40/- (17.15% കുറവ്) |

എടത്തല ഗ്രാമപഞ്ചയത്തിലെ മിത്രക്കൽ റോഡ് മെയിന്റൻസ് - പ്രവൃത്തിയിൽ സംരക്ഷണഭിത്തി നിർമ്മിച്ചിരിക്കുന്നത് 1:2:4 RCCയിലാണ്.(അളവുപുസ്തകം പേജ്-12). ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ 78/2016/fin dt19-09-16-ാം നമ്പർ സർക്കുലറിൽ സിമന്റ് കോണക്രീറ്റിംഗിലുള്ള സംരക്ഷണ ഭിത്തി M10 ഗ്രേഡിൽ (1:3:6) നിർമ്മിക്കുന്നതിനു പകരം 1:2:4 ഗ്രേഡിൽ നിർമ്മിക്കുന്നത് അധികച്ചെലവാണെന്നും അത് പൊതു പണത്തിന്റെ ദുരുപയോഗമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധികച്ചെലവിനിടയായി. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-28ൽ ചേർത്തിട്ടുണ്ട്.

## 1-69. കട്ട് ചെയ്ത 220.48 m3 മണ്ണിന്റെ വിവരം ലഭ്യമല്ല, പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകിയതിന് ഫൈൻ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മങ്ങാട്ടുപടി -പരുത്തുമാലി റോഡ് കവളങ്ങാട് ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S0779/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | ഏലിയാസ് കെ.വി |
| അളവുപുസ്തകം | MB398/16-17, 210/17-18 ,219/17-18 |
| ചെലവു വിവരം | ബിൽ നമ്പർ 118 /22.02.18 രൂപ 1711159/-<br>ബിൽ നമ്പർ 213 /22.03.19 രൂപ 2168110/- |

**എ)** കവളങ്ങാട് ഗ്രാമപഞ്ചയത്തിലെ മങ്ങാട്ടുപടി – പരുത്തുമാലി റോഡ് പ്രവൃത്തിക്കായി ശ്രീ.ഏലിയാസ് കെ.വി 13-11-17 ൽ കരാർ വെച്ച് സൈറ്റ് ഏറ്റെടുത്തിട്ടുണ്ട്. കരാർ പ്രകാരം പൂർത്തീകരണ കാലാവധി 31-03-18ആണ്. മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 4 തവണ യായി 30-03-19 വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട് (30-06-18, 30-09-18, 31-12-18, 30-03-19 വരെ). കരാറുകാരന്റെ പേരിലുള്ള ലെറ്റർപാഡിൽ തീയതി വെക്കാത്ത അപേക്ഷയിൽ സ്ഥലം വിട്ടുകിട്ടാത്തതും മൺസൂൺ ആരംഭിച്ചതിനാലും പ്രവൃത്തി പൂർത്തീകരിക്കുവാൻ 3മാസം കൂടി നീട്ടിത്തരണമെന്ന് ആവശ്യപ്പെട്ടതിനാൽ 30.06.18 വരെ ആദ്യ പ്രാവശ്യം സമയം നീട്ടികൊടുത്തു. തീയതി വെക്കാത്ത അപേക്ഷയിൽ പിന്നീടുള്ള ഓരോ തവണയും സ്ഥലം വിട്ടുകിട്ടാത്തതാണ് കാരണമായി അറിയിച്ചിട്ടുള്ളത്. ടി പ്രവൃത്തിയിൽ റീടാറിംഗും,സംരക്ഷണ ഭിത്തി നിർമ്മാണവും,കൾവർട്ടു നിർമ്മാണവുമാണ് ചെയ്യേണ്ടിയിരുന്നത്. റോഡ് ടാറിംഗ് ചെയ്തിരിക്കുന്നത് 3.40മീറ്റർ വീതിയിലാണ്. റോഡിന് 6മീറ്റർ വീതിയുണ്ടെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നതിനാൽ ടി പ്രവൃത്തിക്ക് സ്ഥലം വിട്ടുകിട്ടുന്നില്ല എന്നത് ഇതിന് ബാധകമല്ല. സംരക്ഷണ ഭിത്തി, കൾവർട്ട് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടാണ് സ്ഥലം വിട്ടു നൽകുവാൻ തർക്കം ഉണ്ടാകാനിടയാകുക. എന്നാൽ ഈ രണ്ടിനവും 11.05.18 ൽ തന്നെ പൂർത്തിയാക്കിയിട്ടുണ്ട് (അളവു പുസ്തകം 398 പേജ് 79). അതിനാൽ സ്ഥലം വിട്ടു കിട്ടിയില്ലെന്ന കാരണത്താൽ ഫൈൻ ഇല്ലാതെ TOC, 3 തവണ കൂടി ദീർഘിപ്പിച്ചു നൽകിയത് ശരിയായ നടപടിയല്ല. ഫയൽ പരിശോധിച്ചതിൽ നാലാം തവണയായി 31.03.19 വരെ സമയം ദീർഘിപ്പിച്ചു നൽകുന്നതിന് 1% ഫൈൻ ഈടാക്കുവാൻ ഡിവിഷണൽ

അക്കൌണ്ടന്റ് ശുപാർശ ചെയ്തത് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ ഫയൽ നോട്ട് വീണ്ടും എഴുതി ഫൈൻ ശുപാർശ ഒഴിവാക്കിയാണ് സമയം ദീർഘിപ്പിച്ചു നൽകിയത്.

പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം ദീർഘീകരണത്തിന്,കാലാവധി തീരുന്നതിന് മുമ്പായി കരാറുകാരൻ അപേക്ഷ നൽകേണ്ടതാണ്. എന്നാൽ തീയതി രേഖപ്പെടുത്താതെയുള്ള അപേക്ഷയും നാലു തവണയും സമയം ദീർഘിപ്പിച്ചു നൽകിയപ്പോൾ വെച്ചിട്ടുള്ള ഓരോ സപ്ലിമെന്ററി എഗ്രിമെന്റും തയ്യാറാക്കിയിരിക്കുന്നത് 22.03.19 ൽ വാങ്ങിയ മുദ്രപ്പത്രത്തിലാണ്. ഇതിൽ നിന്നും പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 ൽ പറയും പോലെ നിർദ്ദിഷ്ട സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരുന്നില്ല എന്ന് വ്യക്തമാണ്. നാലാം തവണയായി 30.03.19 വരെ സമയം ദീർഘിപ്പിച്ചു നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ ജില്ലാപഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ 1% ഫൈൻ ഈടാക്കി സമയം ദീർഘിപ്പിക്കുന്നതിന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നതിനാൽ 1% ഫൈൻ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഈടാക്കേണ്ട ഫൈനിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പൂർത്തീകരിച്ച തീയതി | 18.03.19 |
| എഗ്രീഡ് PAC | 3880870 |
| ഈടാക്കേണ്ട ഫൈൻ (1%) | 38808 |

ടി തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്.

**ബി)** സംരക്ഷണഭിത്തി കെട്ടുന്നതിന് ഇനം 2 ആയി 220.48 $m^3$ മണ്ണ് കട്ട് ചെയ്ത് നീക്കിയിട്ടുണ്ട്. (അളവു പുസ്തകം 398 പേജ് 2-11, പേജ് 64-66 ) എന്നാൽ കട്ട് ചെയ്ത മണ്ണിന്റെ വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 220.48 $m^3$ മണ്ണിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ നമ്പർ ഓഡിറ്റ് എൻക്വയറിക്ക് (നം.51/29.11.2019) മറുപടി നൽകിയിട്ടില്ല.

## 1-70. കാലി ബാരലിന്റെ വില ഈടാക്കിയത് - ജി.എസ്.റ്റി.ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 309/19 ആന്റോപുരം കൊട്ടുവേലിപ്പട്ടി റോഡ് മെയിന്റനൻസ് - ഒക്കൽ ഗ്രാമപഞ്ചായത്ത് |
| കരാറുകാരൻ | കെ.വി.ഏലിയാസ് |
| അടങ്കൽ | 600000/- |
| നൽകിയ തുക | 527624/- |
| ബിൽ നം/ തീയതി | 22/18-19,29.6.18 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിന്റെ തുക കരാറുകാരന് നൽകിയപ്പോൾ 23 ബാരൽ ബിറ്റുമിന്റെ കാലി ബാരലിന്റെ വിലയിനത്തിൽ ബാരൽ ഒന്നിന് 238/- രൂപ നിരക്കിൽ 5474/-രൂപ ഈടാക്കി. എന്നാൽ ഇതിന്റെ ജി.എസ്.റ്റി ഇനത്തിൽ 18% തുകയായി 985.32 കൂടി ഈടാക്കേണ്ടിയിരുന്നു. 01.11.2017ലെ സ.ഉ.(അച്ചടി) നം. 87/2017 ത.സ്വ.ഭ.വ. പ്രകാരം ജി.എസ്.റ്റി ജനറൽ രജിസ്ട്രേഷൻ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒന്ന് എന്ന നിലയ്ക്ക് എടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി രജിസ്ട്രേഷൻ എടുക്കുന്നതിന് താമസിച്ചതിനാലാണ് ഈ പ്രവൃത്തിയിൽ കാലിബാരലിന്റെ

ജി.എസ്.റ്റി. ഈടാക്കാതിരുന്നത് എന്ന മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ജി.എസ്.റ്റി. ഇനത്തിൽ ഈടാക്കേണ്ട തുക കിഴിച്ച് ബാക്കി തുകയ്ക്ക് മാത്രമേ കരാറുകാരന് അർഹതയുള്ളൂ എന്നിരിക്കെ, പദ്ധതിയുടെ മതിപ്പ് ചെലവ് (Value of work done) ₹532954ൽ നിന്നും കാലിബാരലിന്റെ വിലയായി ₹5474, ഇൻകം ടാക്സ് ഇനത്തിൽ (1%) ₹5330, കെട്ടിട നിർമ്മാണ ക്ഷേമനിധി വിഹിതം ഇനത്തിൽ (1%) ₹5330 എന്നിവ മാത്രം ഈടാക്കി ബാക്കി തുക ₹516820/- [532954 - (5330X2)+5474] കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 19100200000049) ട്രാൻസ്ഫർ ചെയ്ത നടപടി ശരിയല്ല. ജി.എസ്.റ്റി ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-71. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക സമയബന്ധിതമായി അടക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികൾ കരാറുകാരെ ഏല്പിക്കുന്നതിന്റെ ഭാഗമായി, തെരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ പഞ്ചായത്തിൽ നിന്നും അയയ്ക്കുന്ന സെലക്ഷൻ നോട്ടീസ് കൈപ്പറ്റുന്ന തീയതി മുതൽ 14 ദിവസത്തിനുള്ളിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി എസ്റ്റിമേറ്റിന്റെ 5% വരുന്ന തുക കെട്ടിവയ്ക്കേണ്ടതുണ്ട്. സമയ പരിധിക്ക് ശേഷം 10 ദിവസം കഴിഞ്ഞിട്ടും തുക കെട്ടിവയ്ക്കാത്ത കരാറുകാരിൽ നിന്നും അടങ്കലിന്റെ 1% പിഴ ഈടാക്കേണ്ടതാണ്. (PWD Manual 2012- clause 2009.6 ). 24 ദിവസത്തിനുള്ളിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കി എഗ്രിമെന്റ് വക്കാത്ത പക്ഷം EMD തുക പിടിച്ചുവയ്ക്കുകയും കരാർ റദ്ദുചെയ്ത് അടുത്ത ലോവസ്റ്റ് ടെണ്ടർ ക്വാട്ട് ചെയ്ത കരാറുകാരനെ പ്രവൃത്തി ഏൽപിക്കുകയും ചെയ്യാമെന്ന് നിർദ്ദേശമുണ്ട്. ഇത്തരത്തിൽ അടുത്ത കരാറുകാരനെ കണ്ടെത്തി പ്രവൃത്തി ഏല്പിക്കുന്നതു വരെയുള്ള ചെലവുകൾ ആദ്യ കരാറുകാരനിൽ നിന്ന് ഈടാക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, താഴെ പറയുന്ന കരാറുകാരൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കെട്ടിവയ്ക്കാതിരുന്നിട്ടും കരാറുകാരനെതിരെ യാതൊരുനടപടിയും സ്വീകരിക്കാതെ പ്രവൃത്തി ഏല്പിച്ചുകൊടുത്തിട്ടുണ്ട്. വിശദവിവരം തൊഴെ ചേർക്കുന്നു.

| പ്രോജക്റ്റി ന്റെ പേര് | എസ്റ്റിമേറ്റ് തുക | PAC | കരാറു കാരന്റെ പേര് | സെല ക്ഷൻ നോട്ടീസ് തീയതി | സെല ക്ഷൻ നോട്ടീസ് കരാറു കാരന് ഡെസ്പാച്ച് ചെയ്ത തീയതി | കരാർ നമ്പർ/ തീയതി | സെക്യൂരിറ്റി ഡെപ്പോ സിറ്റ് തുക |
|---|---|---|---|---|---|---|---|
| കർദ്ദിനാൾ ചേരും കവല റോഡ്- തുറവൂർ പഞ്ചായത്ത് | 700000/ | 515664.71 | കെ.കെ. യാക്കൂബ് | 4.12.17 | 8.12.17 | 532/AEE/LSGD/17-18 dt. 2.2.18 | 25800 |

8 ആഴ്ച വൈകി കരാർ വെച്ചിട്ടും പിഴ ഈടാക്കാതെ കരാറുകാരനെ പ്രവൃത്തിയേൽപ്പിച്ചതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം. 45) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി നടത്തിപ്പിലെ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-72. സ്റ്റീൽ ബാറിന്റെ ഭാരം കണക്കാക്കിയതിൽ വന്ന തെറ്റ് അധികം നൽകാനിടയാക്കി

കോട്ടുവള്ളി ഗ്രാമപഞ്ചയത്തിലെ തത്തപ്പിള്ളി GHSS കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിയിൽ അളവുപുസ്തകം 241/16-17 പേജ് 37ൽ കോളം നിർമ്മിക്കുന്നതിന് റീ ഇൻഫോഴ്സ്മെന്റിന് 16mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് ഭാരം കണക്കാക്കുന്നതിന് coefficient 1.578/kg എന്നതിന് പകരം 2.469 /kg എന്നാണ് എടുത്തിരിക്കുന്നത്. ഇത് അധിക തുക നൽകാനിടയാക്കി. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-13 ൽ ചേർത്തിട്ടുണ്ട്.

## 1-73. കൺവീനർക്ക് അധിക നിരക്കിൽ തുക നൽകി

പുളിക്കമാലി GHS മെയിൻ്റനൻസ് എന്ന പ്രവൃത്തി കൺവീനർ വർക്കായിട്ടാണ് ചെയ്തത്. എന്നാൽ കൺവിനർക്ക് തുക അനുവദിച്ചപ്പോൾ അധിക നിരക്ക് അനുവദിച്ചതിനാൽ അധിക തുക നൽകാനിടയായി. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-25 ആയി ചേർത്തിട്ടുണ്ട്.

## 1-74. ശരാശരി കുറവ് വരുത്താതെ നിരക്ക് നൽകി

1) ജി.എച്ച്.എസ്. ചേരാനല്ലൂർ, കൂവപ്പടി എന്നിവയുടെ കൾച്ചറൽ റൂം, ലൈബ്രറി റൂം, സയൻസ് ലാബ് നിർമ്മാണം എന്ന പ്രോജക്ടിലെ ഇനം1 ആയി ചെയ്ത Earth work Excavation പ്രവൃത്തി പ്രകാരം 150.65 $m^3$ മണ്ണ് കട്ട് ചെയ്ത് മാറ്റിയതിന് 26631/- രൂപ നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിൽ തന്നെ Extra item ആയി കരാറുകാരൻ്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയതിന് DSR 50.2.26.1 പ്രകാരം 101.88 $m^3$ ന് 244.85/$m^3$ നിരക്കിൽ 24945.32 രൂപ അനുവദിച്ചിരുന്നു. എം ബുക്ക് പ്രകാരം കുഴിച്ചെടുത്തതിൽ ആകെ 150.65 $m^3$ മണ്ണിൽ 45.92 $m^3$ മണ്ണ് മാത്രമാണ് ബേസ് മെൻ്റ് ഫില്ലിംഗ് നടത്തിയതിന് ഉപയോഗിച്ചത്.

2) റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉള്ള എക്സ്ട്രാ ഇനമായി ചെയ്ത രണ്ട് പ്രവൃത്തികളിലെ നിരക്കുകളിൽ നിന്നും ശരാശരി ടെണ്ടർ കുറവ് 10.01% വരുത്താതെ തുക അനുവദിച്ചതിനാൽ കരാറുകാരന് അധിക തുക അനുവദിക്കാനിടയായി. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-14 ൽ ചേർത്തിട്ടുണ്ട്.

## 1-75. ഫില്ലിംഗ് ഏരിയ കണ്ടെത്തിയതിലെ അപാകം

സർക്കാർ ഉത്തരവ് (സാധാ) നം 1505/18/തസ്വഭവ തീയതി 31.05.18 പ്രകാരം കടമക്കുടി ഗ്രാമപഞ്ചായത്തിലെ വലിയ കടമക്കുടി റോഡിൻ്റെ പുനരുദ്ധാരണത്തിന് ഫസ്റ്റ് മെറ്റലിംഗ് ഉൾപ്പെടെയുള്ള ഇനങ്ങളാണ് ചെയ്തിട്ടുള്ളത്. ടി പ്രവൃത്തിയുടെ 3-ാം ഇനമായി WMM ചെയ്തതിന് ഫൈനൽ ലെവൽസ് പ്രകാരം 462.665 $m^3$ അളവിന് @3173.04/$m^3$ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. ഫൈനൽ ലെവൽസ് പരിശോധിച്ചതിൽ ചെയിനേജ് 920 മീറ്ററിൽ വരുന്ന ഏരിയ 0.459$m^2$ (0.234 +0.225)എന്നതിന് പകരം 0.959 $m^2$ എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഫില്ലിംഗ് ഏരിയ കണ്ടെത്തിയതിൽ തെറ്റുവന്നിട്ടുള്ളതിനാൽ അധികം നൽകാനിടയായി. വിശദവിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-15 ൽ ചേർത്തിട്ടുണ്ട്.

## 1-76. ലിൻ്റൽ നിർമ്മിച്ചതിൻ്റെ അളവ് കൂടുതലായി രേഖപ്പെടുത്തി തുക അനുവദിച്ചു

അകനാട് സ്കൂൾ പാചകപ്പുര ഡൈനിംഗ് ഹാൾ പാചകപ്പുര നിർമ്മിക്കുന്നതിന് ഭിത്തി നിർമ്മിച്ചതിൻ്റെ നീളത്തെക്കാൾ കൂടുതലായി ലിൻ്റൽ നിർമ്മിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചു. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-16ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-77. തുരുത്തൂർ കല്ലുങ്കൽ കടവ് റോഡ്-കല്ലേപ്പറമ്പ് റോഡ് റീ ഇൻഫോഴ്സ്മെൻ്റ് കൂടുതലായി അനുവദിച്ചത് അധികം നൽകാനിടയാക്കി

പുത്തൻവേലിക്കര ഗ്രാമപഞ്ചയത്തിലെ തുരുത്തൂർ കല്ലുങ്കൽ കടവ് റോഡ് -കല്ലേപ്പറമ്പ് റോഡ് നിർമ്മാണ പ്രവൃത്തിയിൽ ടാറിംഗും, കാനയും -കൾവർട്ടും നിർമ്മിച്ചിട്ടുണ്ട്. അളവു പുസ്തകം പേജ് 6 &7 ൽ സൈഡ് വാൾ നിർമ്മിക്കുന്നതിന് റീ ഇൻഫോഴ്സ്മെൻ്റ് നൽകിയതിന് 102.48 kg ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയിൽ RCC യിൽ സൈഡ് വാൾ നിർമ്മിച്ചിട്ടില്ല. കവറിംഗ് സ്ലാബും പാരപ്പറ്റുമാണ് RCC യിൽ നിർമ്മിക്കുവാനും (ഇനം 5)

അതിനുള്ള റീ ഇൻഫോഴ്സ്മെന്റുമാണ് (ഇനം6) എസ്റ്റിമേററിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. RCCയിൽ സൈഡ് വാൾ നിർമ്മിച്ചിട്ടില്ലാത്തതിനാലും എസ്റ്റിമേററിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും ഇതിനായി കാണിച്ചിരിക്കുന്ന 102.48 kg കമ്പിയുടെ വില ഓഡിറ്റിൽ അനുവദിക്കുന്നില്ല. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-18ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-78. മുണ്ടങ്ങാമറ്റം-വേദാർ കോളനി റോഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വ്യത്യസ്തമായി ഇന്റർലോക്കിംഗ് കട്ട വിരിക്കുവാൻ ഉയർന്ന നിരക്ക് അനുവദിച്ചു

മേൽ പ്രവൃത്തിയിൽ റോഡിന്റെ വശങ്ങൾ സംരക്ഷിക്കുന്നതിന് 6mm മെറ്റൽ **50mm** കനത്തിൽ വിരിച്ചതിന് പുറമേ M30ഗ്രേഡിലുള്ള 80mm ഇന്റർലോക്കിംഗ് കട്ട, വിരിക്കുവാൻ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു. എന്നാൽ വിശദമായ എസ്റ്റിമേറ്റിൽ Interlocking concrete block pavement എന്ന ഇനം ഉൾപ്പെടുത്തി നിരക്ക് കാണിച്ചിരിക്കുന്നത് 929.67/m2 എന്നാണ്. ഇത് 6mm മെറ്റൽ **75mm** കനത്തിൽ വിരിച്ചതിന് പുറമേ M30ഗ്രേഡിലുള്ള 80mm ഇന്റർലോക്കിംഗ് കട്ട, വിരിക്കുന്നതിനുള്ള നിരക്കാണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിർദ്ദേശിക്കും വിധമുള്ള കട്ട വിരിക്കലിന് DSR 2016 കോസ്റ്റ് ഇൻഡക്സ് 46.08 പ്രകാരമുള്ള നിരക്ക് 870.25/m2 ആണ്. എന്നാൽ മേൽ നിരക്ക് കാണിക്കാതെ ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-19 ൽ ചേർത്തിട്ടുണ്ട്.

## 1-79. ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരൻ എടുത്ത മണ്ണിന്റെ വില കുറവു ചെയ്തില്ല

മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിലെ കൊറ്റമം ചർച്ച് റോഡിൽ ഇന്റർ ലോക്കിംഗ് കട്ട വിരിക്കുന്ന പ്രവൃത്തിയിൽ എർത്ത് എക്സവേഷൻ (earth cutting in soil) 121.391$m^3$ ചെയ്തപ്പോൾ ഉപയോഗ യോഗ്യമായ 84$m^3$ മണ്ണ് ലഭിച്ചതായി അളവു പുസ്തകം പേജ്-9ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും താഴ്ന്ന ഭാഗങ്ങൾ ലെവൽ ചെയ്യുന്നതിന് ഉപയോഗിച്ചതിന്റെ ബാക്കി കരാറുകാരൻ എടുത്തതായും അളവു പുസ്തകം പേജ് -9 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അളവു പുസ്തകം പേജ് -23 ൽ 50$m^3$ മണ്ണ് കരാറുകാരൻ എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ മണ്ണിന്റെ വില കുറവു ചെയ്തില്ല. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-20ൽ ചേർത്തിട്ടുണ്ട്.

## 1-80. GST ഒഴിവാക്കിയതിനാൽ 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചത് ഗുണഭോക്തൃസമിതിക്ക് അധികം തുക നൽകാനിടയാക്കി

അശമന്നൂർ ഗ്രാമപഞ്ചായത്തിലെ കല്ലിൽ GHSS ൽ ആർട്ട് & കൾച്ചർ റൂം നിർമ്മിക്കുക എന്ന പ്രവൃത്തി ഗുണഭോക്തൃസമിതിയാണ് ചെയ്തിട്ടുള്ളത്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ നിരക്കിൽ 7.5% ഓവർഹെഡ് ചാർജ്ജാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുമ്പോൾ നികുതികൾ ഗുണഭോക്തൃസമിതിയിൽ നിന്നും ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. (സർക്കാർ ഉത്തരവ് (പ്രിന്റിംഗ്) നം -30/2016/ fin/29-02-16)നികുതികളും മറ്റും (GST, KCWWF etc) കണ്ടെത്തുന്നതിനാണ് സാധാരണ ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത്. കൂടാതെ സർക്കുലർ നമ്പർ 1/1659/2010/സി.ഇ/തസ്വഭവ തീയതി 18-11-2014 പ്രകാരം ഗുണഭോക്തൃസമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ കുറവ് ഏതാണോ അതായിരിക്കും.
മേൽ പ്രവൃത്തിയിൽ GST ഒഴിവാക്കി ഫൈനൽ ബില്ലിൽ നിന്നും1% നിരക്കിൽ തൊഴിലാളി

ക്ഷേമനിധി വിഹിതവും 2% നിരക്കിൽ ആദായ നികുതിയുമാണ് ഈടാക്കിയിട്ടുള്ളത്. യഥാർത്ഥ ചെലവ് വന്നിരിക്കുന്നത് തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിലും ആദായ നികുതിയിലുമാണ്. അതിനാൽ 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയ നിരക്ക് അനുവദിച്ചപ്പോൾ ഗുണഭോക്തൃസമിതിക്ക് അധികം തുക നൽകാനിടയാക്കി. വിശദവിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-21 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-81. വൈറ്റില കോക്കനട്ട് നേഴ്സറിയിലെ വിത്ത് വാങ്ങൽ - അപാകതകൾ

വൈറ്റില കോക്കനട്ട് നേഴ്സറി, നെട്ടൂരിൽ കൃഷിവകുപ്പ് നടത്തുന്ന ആന്താരാഷ്ട്ര മാർക്കറ്റിനു സമീപം വളരെ പരിമിതമായ സൗകര്യങ്ങളോടെ 20 സെന്റ് വരുന്ന വാടകസ്ഥലത്ത് പ്രവർത്തിക്കുന്നു. പരിമിതികൾക്കിടയിലും വിപുലമായ രീതിയിൽ വിത്തുൽപാദനവും വിതരണവും ഊർജ്ജസ്വലമായി നടത്തിവരുന്ന നേഴ്സറിയിലെ വിത്ത് വാങ്ങലിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ഭാഗം മൂന്നിലെ ഖണ്ഡിക 3-23ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-82 നക്ഷത്രതടാകം - കാർണിവൽ 2018- സർക്കാർ അനുമതിയില്ലാതെ ഏറ്റെടുത്ത് നടത്തി- നടത്തിപ്പിൽ ഗുരുതര അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 195/19 |
| നിർവ്വഹണം | സെക്രട്ടറി |
| ആകെ അടങ്കൽ | 1000000/- |
| ആകെ ചെലവ് | 400000/- രൂപ (250000തനത് ഫണ്ട്+ 150000 ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെക്ക് നമ്പർ, തീയതി | 596089/5-12-18<br>596095/20-12-18<br>2289053/15-3-19 |

മലയാറ്റൂർ ഗ്രാമപഞ്ചായത്ത്, മലയാറ്റൂർ ജനകീയവികസനസമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ മലയാറ്റൂർ മെഗാ കാർണിവൽ 2018 - നക്ഷത്ര തടാകം എന്ന ഒരു പരിപാടി ഓഡിറ്റ് വർഷത്തിൽ സംഘടിപ്പിച്ചിട്ടുള്ളതായി കാണുന്നു. എറണാകുളം ജില്ലാ പഞ്ചായത്ത്, അങ്കമാലി ബ്ലോക്ക്പഞ്ചായത്ത്, കെ.റ്റി.ഡി.സി.(ഡി.റ്റി.പി.സി.), ഡോ.വർഗീസ് മൂലൻ ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് ഈ പരിപാടി നടപ്പാക്കിയിട്ടുള്ളത്. നാളിതുവരെ ജനകീയവികസനസമിതി നടത്തിവന്നിരുന്ന ഈ പരിപാടി 2018-19 വർഷത്തിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയായിരുന്നു. (തീരുമാനം നമ്പർ 1,2,3,4,5,6, & 7 തീയതി 4-12-2018). ഈ പരിപാടിയുടെ നടത്തിപ്പിലേക്കായി മലയാറ്റൂർ ഗ്രാമപഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നതായി കാണുന്നു. പഞ്ചായത്തിന്റെ തനത് ഫണ്ട് വിഹിതമായി 250000/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 250000/- രൂപയും ബ്ലോക്ക്പഞ്ചായത്ത് വിഹിതം 250000/-രൂപ ഉൾപ്പെടെ മറ്റുള്ള ഫണ്ട് 750000/-രൂപയും വകയിരുത്തിയിരുന്നു. ഇത്തരത്തിൽ ആകെ 1000000/- രൂപയാണ് പദ്ധതിയുടെ ആകെ അടങ്കൽ. തനത് ഫണ്ട് രണ്ടര ലക്ഷം രൂപയും (250000/-) ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിഹിതമായ 1.5 ലക്ഷം രൂപയും ഉൾപ്പെടെ നാല് ലക്ഷം രൂപ കൈമാറിയതായി സുലേഖ പദ്ധതി ചെലവ് റിപ്പോർട്ട്, വാർഷികകണക്കുകൾ എന്നിവ പ്രകാരം ബോധ്യപ്പെടുന്നു.മേൽ തുക കാർണിവലിനായി പ്രത്യേകം ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. പദ്ധതിക്കായി പഞ്ചായത്തിൽ നിന്നുള്ള ഫണ്ട് ഓർഗനൈസിംഗ് കമ്മിറ്റി പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിലാണ്

കൈമാറിയിട്ടുള്ളത്. ബ്ളോക്ക് പഞ്ചായത്തിൽ നിന്ന് പദ്ധതിപ്രകാരം 2.5 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും ലഭ്യമായിട്ടില്ല. പഞ്ചായത്ത് പ്രസിഡന്റ് ജനറൽ കൺവീനർ ആയും വിവിധ വാർഡ് മെംബർമാർ സബ്കമ്മിറ്റി കൺവീനർമാരായും സെക്രട്ടറി ട്രഷററായും ആണ് കാർണിവൽ ഓർഗനൈസിംഗ് കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ളത് എന്ന് കാർണിവൽ ബ്രോഷറിൽ രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതി നടത്തിപ്പിൽ താഴെ ചേർത്തിട്ടുള്ള ഗുരുതരമായ അപാകതകൾ സംഭവിച്ചതായി കാണുന്നു.

1.ഗവൺമെന്റ് അനുമതിയില്ലാതെ മെഗാ കാർണിവൽ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നതിനും പദ്ധതിപ്പണം കൈമാറുന്നതിനും തീരുമാനമെടുത്ത കമ്മിറ്റി മീറ്റിംഗുകളിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയുണ്ടായില്ല.

2. പ്രാദേശികമായ ഒരു ജനകീയ വികസനസമിതി നടത്തിവന്നിരുന്ന ഒരു കാർണിവൽ ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തുന്നതിനു മുൻപ് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. ആയത് ലഭ്യമാക്കാതെ പദ്ധതി രൂപീകരിച്ച് ഗ്രാമ/ ജില്ലാ പഞ്ചായത്തുകളുടെ ഫണ്ട് കൈമാറിയത് ഗുരുതരമായ അപാകതയാണ്. പ്രളയം മൂലമുണ്ടായ കെടുതികളിൽ നിന്ന് കരേറും മുൻപാണ്, ഇനിയും നിരവധി വികസനപ്രവർത്തനങ്ങൾ ആവശ്യമുള്ള പഞ്ചായത്തിൽ 5ദിവസം മാത്രമുള്ള ആഘോഷങ്ങൾക്കായി പദ്ധതി രൂപീകരിച്ചത് .പഞ്ചായത്തിന്റെ ഉത്തമ താത്പര്യങ്ങൾ സംരക്ഷിക്കേണ്ട ഭരണസമിതിയും,സെക്രട്ടറിയും പദ്ധതി മാർഗ്ഗരേഖ തെറ്റായി വ്യാഖ്യാനം ചെയ്താണ് ഈ ആഘോഷത്തിനായി പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങിയത്.

3. മലയാറ്റൂർ ജനകീയ വികസന സമിതി, മൂലൻസ് ട്രസ്റ്റ് തുടങ്ങിയ നോൺ ഗവൺമെന്റൽ ഏജൻസികൾ കൂടി ഉൾപ്പെട്ട ഒരു കാർണിവലിൽ പഞ്ചായത്ത് സെക്രട്ടറി ഗവൺമെന്റ് അനുമതിയില്ലാതെ ഓർഗനൈസിംഗ് കമ്മിറ്റിയുടെ ട്രഷറർ എന്ന നിലയിൽ പ്രവർത്തിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

4. നക്ഷത്രതടാകം-കാർണിവൽ എന്നിവയുടെ നടത്തിപ്പിനായി പ്രസിഡന്റ്,സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്തഅക്കൗണ്ട് ആരംഭിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. എന്നാൽ നക്ഷത്രത്തടാകം എന്നതിന്റെ ചുരുക്കപ്പേരായി NTMNG എന്ന പേരിലാണ് അക്കൗണ്ട് ആരംഭിച്ചത്. (അക്കൗണ്ട് നമ്പർ 50100262483542, HDFC,Kalady).

5. സംഭാവനകൾ പിരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ രസീത്ബുക്കുകൾ അച്ചടിച്ചിട്ടുണ്ട്. എന്നാൽ എത്ര രസീത് ബുക്കുകൾ അടിച്ചു എന്ന് വ്യക്തമാക്കുന്ന ബിൽ, രസീത്ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവയില്ല. ആർക്കൊക്കെ രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തു എന്ന രേഖപ്പെടുത്തലുകൾ ഇല്ല. ഒരു രസീത് ബുക്ക് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബുക്ക് നമ്പർ ഇല്ലാത്ത 40 ലീഫുകൾ ഉള്ള ഈ രസീത് ബുക്കിൽ നിന്ന് 16 എണ്ണം ഉപയോഗിച്ച് 472500/-രൂപ പിരിച്ചിട്ടുണ്ട്. രസീതുകൾ കൗണ്ടർ ഫോയിൽ രീതിയിലാണ് പ്രിന്റ് ചെയ്തിരിക്കുന്നത്. സംഭാവനകൾ സ്വീകരിക്കുമ്പോൾ ഒറിജിനൽ രസീത് സംഭാവന നല്കിയ ആൾക്ക് നല്കുകയും കൗണ്ടർ ഫോയിൽ പഞ്ചായത്ത് സൂക്ഷിക്കുകയുമാണ് ചെയ്തിരിക്കുന്നത്. എന്നാൽ ഈ കൗണ്ടർ ഫോയിലിൽ, ലഭിച്ച തുക രേഖപ്പെടുത്താൻ ഉള്ള ഭാഗം ഉൾകൊള്ളിച്ചിട്ടില്ല. പേര്, ഫോൺ നമ്പർ എന്നീ രണ്ട് കോളങ്ങൾ മാത്രമാണ് ഉള്ളത്. അതിൽ ഫോൺ നമ്പറിന്റെ കോളത്തിലാണ് പിരിച്ച തുകകൾ രേഖപ്പെടുത്തിയിട്ടുള്ളത്.ഇത് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിങ്ങ് )ചട്ടങ്ങളിലെ ചട്ടം 20 (സി) പ്രകാരം പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് വിരുദ്ധമാണ്. ചട്ടം 20(സി) പ്രകാരം കൈയ്യെഴുത്ത് സമ്പ്രദായത്തിൽ നല്കുന്ന രസീതുകൾ മെഷീൻ നമ്പർ നല്കിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ളിക്കേറ്റ് പണം നല്കിയ ആൾക്ക് നൽകേണ്ടതുമാണ്. ഈ ചട്ടം പാലിച്ചുകൊണ്ടുള്ള രസീത് ബുക്ക് അല്ല ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ കൗണ്ടർഫോയിലിൽ രേഖപ്പെടുത്തിയ തുകകൾ തന്നെയാണോ യഥാർത്ഥ വരവ് എന്ന് ഉറപ്പ് വരുത്താൻ കഴിയില്ല. കൗണ്ടർ ഫോയിലുകൾക്ക് പുറമേ, ഉപയോഗിക്കാതെ അവശേഷിച്ച ക്യാൻസൽ ചെയ്ത രസീതുകളും ഈ ബുക്കിലുണ്ട്. മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്ത് നക്ഷത്ര തടാകം മെഗാ

കാർണിവൽ 2018 റസീപ്റ്റ് എന്നാണ് കൺവീനറുടെ പേരിൽ അച്ചടിച്ചിട്ടുള്ള ഈ രസീത് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ രസീത് ബുക്കിന് പുറമേ ഇത്തരത്തിൽ ഒരു രസീത് ബുക്ക് ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നേടേണ്ടിയിരുന്നു. ആയത് ചെയ്തിട്ടില്ല.മാത്രമല്ല രസീത് ബുക്കുകൾ എത്രയെണ്ണം പ്രിന്റ് ചെയ്തു,ആരെല്ലാം ഇതുപയോഗിച്ച് പിരിവ് നടത്തി എന്നും വ്യക്തമല്ല.

6. രസീത് ബുക്കിലെ ഉപയോഗിച്ച ലീഫുകളുടെ കൗണ്ടർ ഫോയിലുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭാവനകളുടെ ആകെ മൂല്യം 472500/- രൂപയാണ്. എന്നാൽ കാർണിവലിനായുള്ള ബാങ്ക് അക്കൗണ്ടിൽ സംഭാവനയിനത്തിൽ വരവ് വന്നിട്ടുള്ളത് 304000/- രൂപ മാത്രമാണ്. അതായത് 168500/- രൂപ (472500-304000)കുറവായാണ് ബാങ്കിൽ വരവ് വന്നിട്ടുള്ളത്.

7. രസീത് ബുക്ക് പ്രകാരം മൂലൻസ് എന്ന പേരിലുള്ള സംഭാവന 50000/- രൂപയാണ്. എന്നാൽ ബാങ്ക് അക്കൗണ്ട് പ്രകാരം മൂലൻസ് എന്ന പേരിൽ 100000/- രൂപ വരവുണ്ട്. രസീത് എഴുതാതെയും തുകകൾ വരവ് വന്നിട്ടുണ്ട് എന്ന് ഇത് വ്യക്തമാക്കുന്നു.

8. 28-10-2019 ലെ 2(1) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പാസ്സാക്കിയ കാർണിവൽ വരവ് - ചെലവ് കണക്കുകൾ പ്രകാരം ആകെ വരവ് 1806684/- രൂപയാണ്. എന്നാൽ പാസ്ബുക്ക് പ്രകാരമുള്ള ആകെ വരവ് 1356134 രൂപ മാത്രമാണ്.നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിൽ ചേർത്തിട്ടുമില്ല.

9. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച കണക്കുകളിലെ ഒരു വരവിനമാണ് ട്രേഡ് ഫെയർ വരവ്. ഇത് 232050 രൂപയാണ്. എന്നാൽ ഇത്തരത്തിൽ ഒരു ഇനവും തുകയും ബാങ്ക് അക്കൗണ്ട് പ്രകാരം വരവ് വന്നിട്ടില്ല.

10. വിവിധ സബ്കമ്മിറ്റികൾ മുഖേനയാണ് കാർണിവലിനായി ചെലവ് നടത്തിയിട്ടുള്ളത്. ഈ കമ്മിറ്റികളാണ് സേവനദാതാക്കളിൽ നിന്ന് ക്വട്ടേഷനുകൾ സ്വീകരിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. ഭൂരിഭാഗം കമ്മിറ്റികൾക്കും ബാങ്ക് അക്കൗണ്ടിൽ നിന്ന് സെക്രട്ടറി മുൻകൂറുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ചില സബ്കമ്മിറ്റികൾ തങ്ങൾക്ക് ലഭിച്ച സംഭാവനതുകകൾ ഉപയോഗിച്ച് നേരിട്ട് ചെലവ് നടത്തിയതായും ശ്രദ്ധയിൽപെട്ടു.

11. സബ്കമ്മിറ്റികൾ ക്വട്ടേഷനുകൾ സ്വീകരിച്ചാണ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. സ്റ്റേജ്, ഫ്ലോട്ടിംഗ് സ്റ്റാർ,ലൈറ്റ് ആന്റ് സൗണ്ട്,നക്ഷത്രം,പപ്പാനി എന്നീ ഇനങ്ങളെല്ലാം ഒരു ലക്ഷം രൂപയിലധികം തുക ചെലവ് വന്ന ഇനങ്ങളാണ്.പഞ്ചായത്തിന് ബാധകമായ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം ഇവ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിച്ച് ചെയ്യേണ്ടിയിരുന്ന പ്രവൃത്തികളായിരുന്നു. 5 ലക്ഷത്തിലധികമായി വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല.

12. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച കണക്കുകൾ പ്രകാരം ആകെ ചെലവ് 1791179 രൂപയാണ്. എന്നാൽ ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം ആകെ 1460227 രൂപയുടെ ചെലവ് മാത്രമാണ് നടന്നിട്ടുള്ളത്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കുന്നു എന്ന കമ്മിറ്റി തീരുമാനമെടുത്ത് നടപ്പാക്കിയ ഈ പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. പദ്ധതിതുക കൈമാറിയത് മാത്രമാണ് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

13. വൗച്ചറുകളോടൊപ്പം ചേർത്തിരിക്കുന്ന പല ബില്ലുകളും ആധികാരികമല്ല. ഉദാ.നക്ഷത്രങ്ങൾ വാങ്ങിയ ബില്ല്.വാങ്ങുന്നവയിൽ വീണ്ടും ഉപയോഗിക്കാവുന്നവ പോലും സ്റ്റോക്കിൽ ചേർക്കുന്നില്ല.പ്ലാസ്റ്റിക്ക് നക്ഷത്രങ്ങളാണ് ഉപയോഗിക്കുന്നത്,മുൻവർഷങ്ങളിലേത് വൃത്തിയാക്കി ഉപയോഗിക്കുന്നതിനായി തൊഴിലാളികൾക്ക് കൂലി നൽകിയിട്ടുണ്ട്. എന്നാൽ ഇവ എത്രയെണ്ണം ഉണ്ടെന്ന് രേഖപ്പെടുത്തുകയോ,പുതിയതായി വാങ്ങിയ 3000 നക്ഷത്രങ്ങൾ ഉൾപ്പെടെ ആകെ നക്ഷത്രങ്ങൾ സ്റ്റോക്കിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

പരിശോധന ആരംഭിച്ച ആദ്യഘട്ടത്തിൽ തന്നെ പദ്ധതി സംബന്ധിച്ച ഫയൽ അപൂർണ്ണമാണെന്ന് ബോധ്യപ്പെടുകയും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറി

നല്കുകയുമാണുണ്ടായത്. ഫയലിൽ പദ്ധതിവിഹിതം കൈമാറിയത് സംബന്ധിച്ച രേഖമാത്രമാണുണ്ടായിരുന്നത്. ഓഡിറ്റ് അവസാനിക്കുന്ന ദിവസം എക്സിറ്റ് കോൺഫറൻസ് വേളയിലാണ് ഇത് സംബന്ധിച്ച രസീത് ബുക്ക്, പാസ്ബുക്ക്, വൗച്ചറുകൾ ഉൾപ്പെടെയുള്ള പ്രധാനരേഖകളെല്ലാം ഹാജരാക്കിയത്.

ഈ സാഹചര്യത്തിൽ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത്, മലായാറ്റൂർ ജനകീയസമിതി എന്നിവയുടെ നേതൃത്വത്തിൽ നടപ്പാക്കിയ നക്ഷത്ര തടാകം-മെഗാകാർണിവൽ 2018 എന്ന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ഭരണവകുപ്പ് വിശദമായ അന്വേഷണം നടത്തേണ്ടതാണ് എന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ടിട്ടില്ലാത്ത ഒരു പദ്ധതി സർക്കാർ അനുമതി ഇല്ലാതെ ഏറ്റെടുത്ത് നടപ്പാക്കിയതിനാൽ പദ്ധതി പ്രകാരം ചെലവ് ചെയ്ത നാല് ലക്ഷം രൂപ (400000/- രൂപ) തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 രസീത് പ്രകാരമുള്ള കളക്ഷൻ തുക ബാങ്കിൽ അടവാക്കിയില്ല-1,11,287/- രൂപ നഷ്ടം

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ സെയിൽസ് കൗണ്ടറിൽ വിവിധ കാർഷികോല്പന്നങ്ങളുടെ വില്പനയിലൂടെ ക്യാഷായി ലഭിക്കുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നില്ല. ഞായർ ഒഴികെ എല്ലാ ദിവസവും കൗണ്ടർ വഴി വില്പന നടക്കുന്നുണ്ടെങ്കിലും ശരാശരി ഓരോ മാസവും ഏഴോ എട്ടോ തവണ മാത്രമേ തുക ബാങ്കിൽ അടവാക്കുന്നുള്ളൂ. ഓരോ തവണയും ബാങ്കിൽ അടവാക്കുന്ന തുക ഏതൊക്കെ ദിവസങ്ങളിലെ വരവാണെന്ന് വ്യക്തമല്ല. രസീത് മുഖേനയുള്ള വരവ് രേഖപ്പെടുത്തുന്ന റവന്യൂ ഡിപ്പോസിറ്റ് രജിസ്റ്ററിൽ ബാങ്കിൽ അടവാക്കുന്ന തുകകളെ സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തുന്നില്ല.

2018-19 വർഷം സെയിൽസ് കൌണ്ടർ മുഖേനയുള്ള വില്പനയിലൂടെ ലഭിച്ച വരവ് റവന്യൂ ഡിപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.ജില്ലാ പഞ്ചായത്തിൽ നിന്നും നൽകിയ രസീത് ബുക്കുകൾ പ്രകാരം വരവ് വന്ന തുകകളാണ് ടി രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

| **മാസം** | **വരവ്** |
|---|---|
| ഏപ്രിൽ -2018 | 1,52,550 |
| മെയ് -2018 | 3,06,477 |
| ജൂൺ -2018 | 2,64,099 |
| ജൂലയ് -2018 | 3,82,815 |
| ഓഗസ്റ്റ് -2018 | 59,292 |
| സെപ്തംബർ -2018 | 71,850 |
| ഒക്ടോബർ -2018 | 1,10,353 |
| നവംബർ-2018 | 1,28,380 |
| ഡിസംബർ -2018 | 2,06,515 |
| ജനുവരി -2019 | 1,86,205 |
| ഫെബ്രുവരി-2019 | 2,75,743 |
| മാർച്ച് - 2019 | 2,31,700 |
| **ആകെ വരവ്** | **23,75,979** |

2018-19 വർഷം സെയിൽസ് കൗണ്ടർ മുഖേന ലഭിച്ച വരവ് ഫാം സൂപ്രണ്ടിന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, നേര്യമംഗലം ബ്രാഞ്ചിലുള്ള 67195947904 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (ബാങ്ക് സ്റ്റേറ്റ്മെന്റ് /പേ-ഇൻ-സ്ളിപ്പ് കൗണ്ടർഫോയിൽ പ്രകാരം).

| **മാസം** | **അടവാക്കിയ തുക** |
|---|---|
| ഏപ്രിൽ-2018 | 38,273 |
| മെയ്-2018 | 3,83,696 |
| ജൂൺ-2018 | 3,04,792 |
| ജൂലായ് -2018 | 3,26,465 |
| ഓഗസ്റ്റ്-2018 | 35,181 |
| സെപ്തംബർ-2018 | 56,087 |
| ഒക്ടോബർ-2018 | 1,07,448 |
| നവംബർ-2018 | 1,26,785 |
| ഡിസംബർ-2018 | 2,03,539 |
| ജനുവരി-2019 | 1,82,268 |
| ഫെബ്രുവരി-2019 | 2,87,537 |
| മാർച്ച്-2019 | 2,12,621 |
| **ആകെ തുക** | **22,64,692** |

ഉല്പന്നങ്ങളുടെ വില്പനയിലൂടെ ഇപ്രകാരം 23,75,979/- രൂപ ലഭിച്ചെങ്കിലും 22,64,692/- രൂപ മാത്രമേ ബാങ്കിൽ അടവാക്കിയിട്ടുള്ളൂ. 1,11,287/- രൂപ അടവാക്കിയിട്ടില്ലെന്ന് വ്യക്തമാണ്. തുക വരവ് വന്നതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ തുക ബാങ്കിൽ അടവാക്കണമെന്നിരിക്കെ അപ്രകാരം ചെയ്യാതെ വലിയൊരു തുക കൈവശം സൂക്ഷിച്ചത് ഗുരുതരമായ കൃത്യവിലോപമാണ്. തുക പലിശ സഹിതം ജില്ലാപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ തുടരന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

വിവിധ കൃഷി ഭവനുകൾക്ക് നൽകുന്ന തൈകൾ മുതലായവയുടെ വില NEFTമുഖേന അക്കൗണ്ടിൽ വരവു വരുന്നുണ്ട്. SBI യുടെ മറ്റു ബ്രാഞ്ചുകൾ മുഖേനയും വിവിധ കൃഷി ഭവനുകൾ തുക നിക്ഷേപിക്കുന്നുണ്ട്. ഈ തുകകളും പ്രതിമാസ കൗണ്ടർ കളക്ഷനൊപ്പം ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജില്ലാ പഞ്ചായത്തിനു നൽകാതെ തുക അക്കൗണ്ടിൽ നിലനിർത്തുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ പ്രകാരമുള്ള വരവ് തുകകൾ കൃത്യമായി തിട്ടപ്പെടുത്തി ജില്ലാപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. സെയിൽസ് കൗണ്ടർ മുഖേനയുള്ള മുഴുവൻ വരവും തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കേണ്ടതും രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 80/16.12.2019) മറുപടി ലഭ്യമാക്കിയില്ല.

## 2-2. റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്തില്ല, -നഷ്ടം 38,02,500/-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കോന്നാനിക്കാട് -പുന്നമറ്റത്തിൽത്താഴം റോഡ് ആരക്കുഴ ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S0022/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | |
|---|---|
| | എഞ്ചിനീയർ |
| കരാറുകാരൻ | കെ.വി പോൾ |
| ഫയൽ നമ്പർ | A1-222/17-18 |

ആരക്കുഴ ഗ്രാമപഞ്ചായത്തിലെ കോന്നാനിക്കാട് -പുന്നമറ്റത്തിൽത്താഴം റോഡ് 1090 മീറ്റർ നീളത്തിൽ 3മീറ്റർ വീതിയിൽ റീടാറിംഗ് ചെയ്യുന്നതിനും 60 മീറ്റർ നീളത്തിൽ 3മീറ്റർ വീതിയിൽ ഇന്റർലോക്കിംഗ് കട്ട വിരിക്കുന്നതിനും ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനും 15 ലക്ഷം രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നു. കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത ശ്രീ.കെ.വി പോൾ മേൽ പ്രവൃത്തിക്ക് കരാർ വെച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനായി മെറ്റീരിയൽസ് നിർദ്ദിഷ്ട സ്ഥലത്ത് സംഭരിക്കുകയും ടൈൽ നിരത്തുന്നതിനുള്ള മൺവേലകളും ടാറിംഗിനായി റോഡ് ക്ലീനിംഗും പൂർത്തീകരിച്ചിരുന്നു. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ടിട്ടുള്ള മേൽ റോഡിന്റെ മധ്യഭാഗത്തുകൂടി കേരള വാട്ടർ അതോറിറ്റിയിൽ (പിറവം പ്രോജക്ട് ഡിവിഷൻ) നിന്നും ഏർപ്പെടുത്തിയ പ്രവൃത്തിയുടെ ഭാഗമായി രണ്ട് മീറ്റർ വീതിയിലും ഒന്നര മീറ്റർ ആഴത്തിലും റോഡ് വെട്ടിപ്പൊളിച്ച് കുടി വെള്ള പദ്ധതിക്കായി പൈപ്പ് ഇട്ടിട്ടുള്ളതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ. LSGD സബ് ഡിവിഷൻ, മൂവാറ്റുപുഴ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി റോഡിന്റെ പുനരുദ്ധാരണത്തിനായി 51.58 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ ഒടുക്കണമെന്ന് കാണിച്ചു കൊണ്ട് LSGD ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിരുന്നു. (07.03.18ലെ A1 -222/17-ാം നമ്പർ കത്ത് )

51.58 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ ഒടുക്കണമെന്ന് കാണിച്ചു കൊണ്ടുള്ള എസ്റ്റിമേറ്റ്പരിശോധിച്ചതിൽ 2 മീറ്റർ വീതിയും 2000 മീറ്റർ നീളവും പരിഗണിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും ടാർ റോഡ് ഏറ്റവും കുറവ് (1.20 മീറ്റർ) മുറിക്കുന്ന വീതിയിൽ 1250 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും 14.03.18 ൽ കേരള വാട്ടർ അതോറിറ്റി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറെ അറിയിച്ചിട്ടുണ്ട്. (14.03.18 ലെ EE/PD/PVM/458/2016 കത്ത്). ആയതിനാൽ എസ്റ്റിമേറ്റ് പുനപരിശോധിച്ച് തുക പുനർ നിർണ്ണയിച്ചു നൽകണമെന്നും തുക ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മേൽ കത്തിൽ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.76/12.12.19)

ഇതനുസരിച്ച് 1150 മീറ്റർ നീളത്തിൽ റോഡ് പുനർ നിർമ്മിക്കുന്നതിന് 44ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആരക്കുഴ LSGDഅസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ PWD(R&B) TVM ചീഫ് എഞ്ചിനിയറുടെ സർക്കുലർ നമ്പർ CE/R&B/GL/6682/06 dtd 18.03.13 പ്രകാരം റെസ്റ്റോറേഷൻ ചാർജ്ജായി 34,98,300/- രൂപയും കണക്കാക്കിയിട്ടുണ്ട്. (1150x2=2300m$^2$ @1521 )

08.03.18 ൽ LSGD സബ്ഡിവിഷൻ, മൂവാറ്റുപുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് നൽകിയ കത്തിൽ ഏകദേശം 2 കി.മീ ദൂരം 2 മീറ്റർ വീതിയിലും 1.5 മീറ്റർ ആഴത്തിലും കുഴിയെടുത്ത് (trenching) വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കത്തിൽ 1250 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും 1.20 മീറ്റർ വീതിയിലാണ് റോഡ് മുറിക്കുന്നതെന്നും അറിയിച്ചിട്ടുള്ളതിനാൽ ജി.ഒ (ആർ.ടി)30/2018/PWD dtd 05.01.18 ഉത്തരവ് പ്രകാരമുള്ള ഗൈഡ് ലൈൻസ് അനുസരിച്ച് റെസ്റ്റോറേഷൻ വീതി 1.8 (1.2x1.5) മീറ്ററാണ് വരുന്നത്. എന്നാൽ റോഡിന്റെ മധ്യഭാഗത്തുകൂടി 2 മീറ്റർ വീതിയിൽ കട്ട് ചെയ്തിട്ടുണ്ടെന്ന് LSGD സബ്ഡിവിഷൻ, മൂവാറ്റുപുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും 1250 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കത്തിൽ അറിയിച്ചിട്ടുള്ളതിനാലും ജില്ലാപഞ്ചായത്തിൽ ഒടുക്കേണ്ട റെസ്റ്റോറേഷൻ ചാർജ്ജ് ചുവടെ കൊടുക്കുന്നു.

1250 x2 = 2500 m2 @1521 = 38,02,500/-രൂപ

റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്തതായി കാണുന്നില്ല, വാർഷിക കണക്കുകൾ പരിശോധിച്ചതിൽ മേൽ ഇനത്തിൽ തുക വരവുള്ളതായോ

കിട്ടാനുള്ളതായോ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ടി തുക ഡിമാന്റ് ചെയ്ത് ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1. എസ്.റ്റി വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനം- പ്രോജക്ടിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം., പേര് | S0065/19, എസ്.റ്റി വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനം |
| അടങ്കൽ | വികസന ഫണ്ട് (റ്റി.എസ്.പി)- 1,08,190 |
| ചെലവ് | 03/18-19/29.10.18- 18,000<br>04/18-19/29.10.18- 6,000<br>06/18-19/17.11.18- 30,500<br>08/18-19/17.12.18- 28,500<br>13/18-19/ 19.01.19- 4,000<br>15/18-19/06.02.19 – 18,500<br>19/18-19/08.03.19- 2,688<br>**ആകെ 1,08,188/- രൂപ** |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെവലപ്പ്മെന്റ് ഓഫീസർ, ട്രൈബൽ |

പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ നൈപുണ്യ വികസനത്തിനായി രണ്ട് കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെയും, ഒരു ചിത്ര രചന അദ്ധ്യാപകനെയും ഒരു പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് ഇൻസ്ട്രക്ടറെയും നിയമിച്ചിരുന്നു. കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെയും, ചിത്ര രചന അദ്ധ്യാപകനെയും വോക്ക് ഇൻ ഇന്റർവ്യുവിൽ ലഭിച്ച മാർക്കുകളുടെ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. എന്നാൽ പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് ഇൻസ്ട്രക്ടറായ ശ്രീ. ജിജോ ജോസഫിനെ ഏന്തടിസ്ഥാനത്തിലാണ് നിയമിച്ചതെന്ന് ലഭ്യമാക്കിയ രേഖകളിൽ നിന്ന് വ്യക്തമല്ല. ക്ലാസ് ഒന്നിന് 1500/- രൂപ നിരക്കിലാണ് ശ്രീ ജിജോ ജോസഫിനെ നിയമിച്ചിട്ടുള്ളത്. ശ്രീ ജിജോ ജോസഫിനെ നിയമിച്ചതിന്റെ അടിസ്ഥാനം അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടിയായി സർവ്വശിക്ഷാ അഭിയാനിലെ കോതമംഗലം ബ്ലോക്ക് റിസോഴ്സ് പേഴ്സന്റെ നിർദ്ദേശ പ്രകാരമാണ് ഇദ്ദേഹത്തെ നിയമിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. ജിജോ ജേക്കബ് എൻജിനീയറിംഗ് മേഖലയിൽ വിദ്യാഭ്യാസ യോഗ്യതയുള്ള ആളാണെങ്കിലും വ്യക്തി വികസനസം സംബന്ധിച്ച് പരിശീലനം നടത്തുവാൻ യോഗ്യത നേടിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും യോഗ്യത സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ ഈ പ്രോജക്ട് നടപ്പാക്കുന്നുണ്ടെങ്കിൽ അപേക്ഷ ക്ഷണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തേണ്ടതാണ്.

ശ്രീ. ജിജോ ജോസഫ്, പിണവൂർക്കുടി പ്രീ മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് 2018 സെപ്തംബർ മാസം രണ്ടു ദിവസം ക്ലാസ്സ് എടുത്തിട്ടുണ്ട് (20.09.18,30.09.18). ഇതിന് പ്രതിഫലം മനൽകിയിട്ടുണ്ട് (ബിൽ നം.03/18-19/29.10.18- 18,000/-). 2018 ഒക്ടോബർ മാസം (14.10.18) ഒരു ദിവസം മാത്രമേ ക്ലാസ്സ് എടുത്തിട്ടുള്ളുവെങ്കിലും മൂന്നു ദിവസത്തെ പ്രതിഫലം നൽകിയിട്ടുണ്ട് (ബിൽ നം 06/18-19/17.11.18-30,500/-). രണ്ട് ദിവസത്തെ അധിക പ്രതിഫലം 3000/- രൂപ നൽകിയതിന്

വിശദീകരണം നൽകിയിട്ടില്ല. അധികം നൽകിയ 3000/- രൂപ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി അറിയിക്കേണ്ടതാണ്.

## 3-2. ഒരു നെല്ലും ഒരു ചെമ്മീനും പദ്ധതി- ആനുപാതികമായല്ലാതെ അധിക ധനസഹായം നൽകി

| | |
|---|---|
| പ്രോജക്ട് നം, പേര | S0141/19 പൊക്കാളി പാടത്തെ ഒരു നെല്ലും ഒരു ചെമ്മീനും പദ്ധതി |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം-38,00,000/- മറ്റുള്ളവ 38,00,000 ആകെ 76,00,000/- |
| ചെലവ് | ബിൽ നം.07/18-19/12.03.19- തുക 19,94,782/- ബിൽ നം. 08/18-19 / 12.03.19 – തുക 13,54,500 ബിൽ നം.09/18-19/ 16.03.19- തുക 4,50,718/- ആകെ 38,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |

പദ്ധതി നടത്തിപ്പിനുള്ള ധനസഹായം പരമാവധി രണ്ട് ഹെക്ടറിന് മൂന്ന് ലക്ഷം രൂപയായി യൂണിറ്റ് കോസ്റ്റ് നിജപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ 50% വികസന ഫണ്ടിൽ നിന്ന് നൽകാനും, ബാക്കി 50% ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ താഴെപ്പറയുന്ന കർഷർക്ക് അവർക്ക് ഉടമസ്ഥാവകാശമുള്ള/ കൈവശാവകാശമുള്ള ഭൂമിയ്ക്ക് ആനുപാതികമായല്ല ധനസഹായം നൽകിയിരിക്കുന്നത്. വിശദാംശം താഴെച്ചേർക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | സർവ്വേ നമ്പർ | ഉടമസ്ഥാവകാശമുള്ള/ കൈവശാവകാശമുള്ള ഭൂമി | വികസന ഫണ്ടിൽ നിന്ന് നൽകാവുന്ന ധന സഹായം | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| 1 | റ്റി.ജി. സുബ്രഹ്മണ്യൻ തെരുവിൽ പറമ്പ് | 33/1 | 71.63 ആർ X2.471= 177 സെന്റ് | 177 x 300000/500 x 2 | 53,100 | 64,500 | 11,400 |
| 2 | മാധവൻ.റ്റി തോട്ടായി പ്പിള്ളി കൈതാരം കോട്ടുവള്ളി | 239/2 239/2A1 239/2A2 239/2B2 239/3-3 | 1.21 17.81 07.69 09.3 12.95 48.96 ആർ x2.471 =121 സെന്റ് | 121x 300000/ 500x2 | 36,300 | 75,000 | 38,700 |
| 3 | ദിലീപ്.കെ.റ്റി കുറുന്തറ വള്ളുവള്ളി | 76/01 84/01 84/02 | 1.21 78.25 12.14 91.6 ആർ X2.471 = 226.34 സെന്റ് | 226.34 X 300000 / 500 x2 | 67,902 | 96,000 | 28,098 |
| 4 | എ.റ്റി. ജോസഫ് അമ്പാട്ട് ചിരിയം തുരുത്ത് | 178/2-2 178/2-3 188/5 | 14.98 40.06 19.3 74.34 ആർ X 2.471= 184 | 184 X 300000 / 500 x 2 | 55200 | 58782 | 3582 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വരാപ്പുഴ | | സെന്റർ | | | | |
| | | | | | | **ആകെ** | **81780** |

അധികം നൽകിയ 81780/- രൂപ കർഷകരിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/21.11.19) മറുപടി ലഭിച്ചില്ല.

## 3-3. മത്സ്യതൊഴിലാളി വനിതകൾക്ക് പരിശീലന പരിപാടി- യാത്രക്കൂലി നൽകിയത് അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം., പേര് | S0331/19<br>മത്സ്യതൊഴിലാളി വനിതകൾക്ക് മൂല്യവർദ്ധിത മത്സ്യ ഉത്പന്നങ്ങളുടെ നിർമാണ പരിശീലനവും യൂണിറ്റ് സ്ഥാപിക്കലും |
| അടങ്കൽ | 17,00,000/-<br>1) 9,50,000/- (വികസന ഫണ്ട്)<br>2) 7,50,000/- (ഗുണഭോക്തൃവിഹിതം) |
| ചെലവ് | **9,21,700/-** (വികസന ഫണ്ട്)<br>1) Rs- 171700/- (ബിൽ നം-3/18,19 തീയതി- 25.11.18)<br>2) Rs-3,00,000/- (ബിൽ നം-27/18.19 തീയതി- 26.03.19)<br>3) Rs- 4,50,000/- (ബിൽ നം-28/18.19 തീയതി- 26.03.19) |
| നിർവഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) |

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 3 പേരടങ്ങുന്ന 5 മത്സ്യതൊഴിലാളി വനിത ഗ്രൂപ്പുകൾക്ക് കേരള കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസി മുഖേന (KSCADC, ശക്തികുളങ്ങര, കൊല്ലം) വിവിധ മത്സ്യോൽപ്പന്നങ്ങളുടെ നിർമാണ പരിശീലനവും തുടർന്ന് വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്ക് യൂണിറ്റ് ഒന്നിന് 3 ലക്ഷം രൂപ ചിലവഴിച്ചതിന്റെ അംഗീകൃത ബില്ല് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പൊന്നിന് 1.5 ലക്ഷം രൂപ വീതം 5 ഗ്രൂപ്പുകൾക്കായി ആകെ 7,50,000/- രൂപ സബ്സിഡിയും വികസന ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.
പദ്ധതി നിർവഹണത്തിലുണ്ടായ അപാകതകൾക്ക് എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും (35/23.11.19) മറുപടി നൽകിയില്ല.

പദ്ധതിയിലുൾപ്പെടുന്ന 15 ഗുണഭോക്താക്കൾക്ക് 2019 ജനുവരി 21 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ പരിശീലനം നൽകുിയതിനും മറ്റനുബന്ധ ചെലവ് വഹിച്ചതിനും KSCADC ക്ക് ആകെ 1,71,700/- രൂപ നൽകിയിട്ടുണ്ട്. ജനുവരി 22 മുതൽ 24 വരെയുള്ള തീയതികളിൽ കൊച്ചി NIPHAT ലും (National Institute of Fisheries Post Harvest Technology And Training) 21, 25 തീയതികളിൽ KSCADC കൊല്ലം FPCയിലുമാണ് ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയത്. പരിശീലനത്തോടനുബന്ധിച്ച് ഗുണഭോക്താക്കൾക്ക് വേണ്ടി മാത്രം താഴെപ്പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെല വഴിച്ച | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | ആകെ തുക | (ഇനവും എണ്ണവും തിരിച്ച്) | |
| TA | 22,500/- | @Rs 300 x15x5 | 3ദിവസത്തെ NIPHAT പരിശീലനത്തിലും 2 ദിവസത്തെ FPC പരിശീലനത്തിലും പങ്കെടു ത്തതിന് ഗുണഭോക്താക്കൾക്ക് നൽകിയ യാത്രക്കൂലി |
| FOOD | 21,000/- | ബ്രേക്ക്ഫാസ്റ്റ് = 4500/- (@Rs 60x15x5)<br>ലഞ്ച് = 9000/- (@ Rs 120 x15x5)<br>സ്നാക്ക്സ്/ചായ= 3000/- (@Rs 40x15x5)<br>ഡിന്നർ= 4500/- (@Rs 60x15x5) | NIPHATലും FPC യിലും പരിശീലനത്തിനായി ചെലവഴിച്ച 5 ദിവസങ്ങളിലെ ഭക്ഷണച്ചെലവ് |
| Accommodation | 9000/- | @Rs 300x15x2 | FPCയിലെ പരിശീലനത്തിൽ പങ്കെടുക്കുവാൻ രണ്ട് ദിവസം കൊല്ലത്ത് താമസിച്ചതിന്റെ ചെലവ് |
| Transportation | 26,000/- | Ekm- Kollam =13000/- Kollam -Ekm= 13000/- | രണ്ട് ദിവസങ്ങളിലായി നടന്ന FPC പരിശീലനത്തിൽ പങ്കെടുക്കുവാൻ എറണാകുളത്ത് നിന്നും കൊല്ലത്തേക്കും തിരിച്ചും ഗുണഭോക്താക്കളെ എത്തിച്ചതിന്റെ വാഹന വാടക |

സ്വയം തൊഴിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്ക് പരിശീലന പരിപാടികൾ ഏറ്റെടുക്കാമെങ്കിലും പരിശീലനാർത്ഥികൾക്ക് യാത്രപ്പടി അനുവദനീയമല്ലായെന്ന് സബ്സിഡി മാർഗരേഖയിൽ (അനുബന്ധവിഷയങ്ങൾ - ഖണ്ഡിക 8.5) നിഷ്ക്കർഷിക്കുന്നു. മാർഗരേഖ നിർദ്ദേശത്തിന് വിരുദ്ധമായി യാത്രപ്പടിയിനത്തിൽ 22,500/- രൂപ ഗുണഭോക്താക്കൾക്ക് നൽകി ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4. പ്രോ ട്രാൻസ്ഫോർമർ പൈലറ്റ് പ്രോജക്ട്-ഇലക്ട്രിഫിക്കേഷൻ നടത്തിയതിൽ 3845/- രൂപ അധികം നൽകി.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0324/18 |
| പ്രോജക്ടിന്റെ പേര് | എസ്.0477/19, പ്രോ ട്രാൻസ്ഫോർമർ പൈലറ്റ് പ്രോജക്ട് |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സാമൂഹിക നീതി ഓഫീസർ |
| അടങ്കൽ | 10,00,000/- |
| ചെലവ് | 10,00,000 (ബിൽ നം. 12/18-19 തീ -18.03.2019) |

1) സാമൂഹിക നീതി ഓഫീസർ 2018-19 വർഷം നിർവ്വഹണം നടത്തിയ പ്രോ ട്രാൻസ്ജെന്ററർ പൈലറ്റ് പ്രോജക്ട് എന്ന പദ്ധതിയിൽ, മുദ്ര ചാരിറ്റബിൾ സൊസൈറ്റിക്ക് റെസ്റ്റോറന്റ് നിർമ്മിച്ച് നൽകിയതിൽ,റെസ്റ്റോറന്റിന്റെ ഇന്റീരിയൽ പ്രവൃത്തികൾ ചെയ്ത വകയിൽ 98000/- രൂപ എസ്.ഡി. വുഡ് ഇൻഡസ്ട്രീസ് കനിമംഗലം എന്ന സ്ഥാപനത്തിന് ബിൽ നമ്പർ ഇല്ലാത്ത ഇൻവോയിസ് തീയതി 12.02.2019 മാത്രമുള്ള ബിൽ പ്രകാരം 98000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ഇൻവോയ്സ് ജി.എസ്.ടി. പ്രകാരമുള്ളതല്ലാത്തതിനാൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) മേൽ റെസ്റ്റോറന്റിൽ ഇലക്ട്രിക്കൽ വർക്ക് ചെയ്തതിന് രണ്ട് ബിൽ പ്രകാരം (തീയതി 23.03.2019) 50455/- (32130+18325) രൂപ ആൽഫ ഇലക്ട്രിക്കൽ & പ്ലംബിംഗ് വർക്സ് എന്ന സ്ഥാപനത്തിന് മുദ്ര ചാരിറ്റബൾ സൊസൈറ്റി നൽകിയിരുന്നു. ഇതിന് വേണ്ടി മിനാർ ഇലക്ട്രിക്കൽസ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 20813/-രൂപയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഇലക്ട്രിക്കൽ സാധനങ്ങളുടെ എണ്ണവും ആൽഫാ ഇലക്ട്രിക്കൽസ് ഫിറ്റ് ചെയ്ത സാധനങ്ങളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപകരണങ്ങൾ | മിനാർ ഇലക്ട്രിക്കൽസിൽ നിന്നും വാങ്ങിയ ഫാൻ, ട്യൂബ്, അനുബന്ധ ഫിറ്റിംഗ്സ് | ആൽഫ ഇലക്ട്രിക്കൽ & പ്ലംബിംഗ് വർക്സ് ലഭ്യമാക്കിയ ബില്ല് പ്രകാരം ഫിറ്റ് ചെയ്ത ഉപകരണങ്ങൾ | ഫിറ്റിംഗ് ചാർജ്ജ് ഇനത്തിലുള്ള വ്യത്യാസം |
|---|---|---|---|---|
| 1 | സീലിംഗ് ഫാൻ ഫിറ്റിംഗ് ചാർജ്ജ്-345 | 5എണ്ണം | 6എണ്ണം | 1x345 = 345 |
| 2 | ട്യൂബ് ലൈറ്റ് ഫിറ്റിംഗ് ചാർജ്ജ്-120 | 13എണ്ണം | 15എണ്ണം | 2x120 = 240 |
| 3 | ഫ്ലഡ് ലാമ്പ് 20 W ഫിറ്റിംഗ് ചാർജ്ജ്-460 | 1എണ്ണം | 2എണ്ണം | 1x460 = 460 |
| 4 | എൽ.ഇ.ഡി ഫാൻസി ഫിറ്റിംഗ് ചാർജ്ജ്-200 | ഇല്ല | 14എണ്ണം | 14x200=2800 |
| | | | **ആകെ** | **3845** |

റെസ്റ്റോറന്റിൽ ഇലക്ട്രിക്കൽ വർക്ക് ചെയ്തതിൽ വാങ്ങിയതിലും കൂടുതൽ ഉപകരണങ്ങൾ ഫിറ്റ് ചെയ്തുവെന്നുള്ള ഇൻവോയ്സ് അംഗീകരിക്കാവുന്നതല്ല. മേൽ അപാകതകൾ വിശദീകരിക്കുവാൻ 72/12.12.2019ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. നഷ്ട തുക 3845/-രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-5. കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത്-പെൺകുട്ടികൾക്ക് വിശ്രമ മുറി, കൗൺസലിംഗ് മുറി-ഭിത്തിയുടെ ആകെ അളവിൽ

## നിന്നും വാതിലുകളുടേയും ജനലുകളുടേയും അളവുകൾ കുറവ് ചെയ്തില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | S01107/19, പെൺകുട്ടികൾക്ക് വിശ്രമ മുറി കൗൺസലിംഗ് മുറി, കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് |
| ചെലവ് | 2017-18 = 500000/-<br>19/28.12.2018 = 592629/- |
| അടങ്കൽ | 15,00,000/- |
| അളവു പുസ്തകം | 49/16-17 |
| കരാറുകാരന്റെ പേര് | ശ്രീ മുഹമ്മദ് പി.എ. (1223714.04 ഐറ്റം റേറ്റ്) |

അളവു പുസ്തകം ഇനം 1.07 പ്രകാരം solid masonry using pre cast solid blocks (factory made 0 of size 30 x 20 x15 cm or nearest size………………...with thick ness 15 cm in CM 1:6 etc. complete (item code 50.6.2.2) ചെയ്തതിന് 1,31,592.16 രൂപ നൽകിയിട്ടുണ്ട് (ആകെ ചെയ്ത 24.44 അളവിൽ 23.44$m^3$ ൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. 23.44 $m^3$ x 5614.00/$m^3$). എസ്റ്റിമേറ്റ് പ്രകാരം രണ്ട് വാതിലുകളും എട്ട് ജനലുകളും ഉൾപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ അളവ് കുറവ് വരുത്തുന്നതായും കാണിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ അളവിൽ വാതിലുകളുടേയും ജനലുകളുടേയും ഏരിയ കുറവ് വരുത്തിയിട്ടില്ല. ഐറ്റം നം.14 പ്രകാരമുള്ള ഭിത്തി പ്ലാസ്റ്ററിംഗ് ഇനത്തിൽ രണ്ടു വാതിലുകളുടേയും ആറ് ജനലുകളുടേയും അളവ് കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട് (അളവു പുസ്തകം പേജ് 53). വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അളവു പുസ്തകം പേജ് 79 ,ഇനം 1.07 പ്രകാരം solid masonry using pre cast solid blocks (factory made 0 of size 30 x 20 x15 cm or nearest size………………...with thick ness 15 cm in CM 1:6 etc. complete (item code 50.6.2.2) ആകെ ചെയ്ത അളവ് | 24.97 m3 |
| (-) വാതിൽ 2 x 2.100x 0.200 x 1.000 | 0.84 |
| (-) ജനൽ 6 x 1.500 x0.200 x 1.500 | 2.700 |
| ആകെ അനുവദനീയമായ അളവ് | 21.43m3 |
| നൽകാവുന്ന തുക | 120308.02 രൂപ (21.43m3 x 5614.00/m3) |
| നൽകിയത് | 131592.16 രൂപ (23.44m3 x 5614.00/m3) |
| അധികം നൽകിയ തുക | 11284/- |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/ 31.10.2019) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക 11284/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-6. കീഴ്മാട് ഗ്രാമ പഞ്ചായത്ത്-മുള്ളംകുഴി ബോസ്കോ റോഡ് ബിറ്റുമിന് അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | |
|---|---|
| പ്രൊജക്ട് നം., പേര് | S01340/19, മുള്ളംകുഴി ഡോൺ ബോസ്കോ റോഡ്- കീഴ്മാട് ഗ്രാമ പഞ്ചായത്ത് |
| ചെലവ് | 935047/- ബിൽ നം. (Sl.No.89 , bill book vol. II) |
| അടങ്കൽ | 10,00,000/- |
| അളവു പുസ്തകം | 663/17-18 |
| കരാറുകാരന്റെ പേര് | ശ്രീ കെ.എം യൂസഫ് (938296.25 ഐറ്റം റേറ്റ്) |

ഈ പ്രവൃത്തിക്ക് ബിറ്റുമിന്റെ വില വ്യത്യാസം ജി.ഒ.(ആർ.ടി.) നം. 9386/ 2018/ Fin dt. 13.11.2018 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവു പ്രകാരം date of closing tender and the date of invoice( invoice date on or after 1.11.2018) തമ്മിലുള്ള വില വ്യത്യാസം അനുവദിക്കാവുന്നതാണ്. ഇപ്രകാരം വില വ്യത്യാസം അനുവദിച്ചപ്പോൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ വില പരിഗണിക്കാത്തതിനാൽ കരാറുകാരൻ ബിറ്റുമിന് വേണ്ടി ചെലവഴിച്ച തുകയേക്കാൾ അധിക തുക നൽകാനിടയായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ബിറ്റുമിന്റെ അധിക ത്തുക പഞ്ചായത്ത് കണക്കാക്കി നൽകിയതിന്റെ വിവരം

| ക്രമ നം. | ഇനം | ഇൻവോയ്സ് തുക ( ബിറ്റുമിന്റെ വില 39.87/kg) | 12.09.2018 ലെ നിരക്ക് പ്രകാരമുള്ള തുക (ബിറ്റുമിന്റെ വില 33.96/kg,എമൽഷന്റെ വില 33.21/kg) | വ്യത്യാസം (തുക ) |
|---|---|---|---|---|
| 1 | VG 30 (total usage of bitumen 7304.18 kg) | 291218/- (310986 x 7304.18 /7800 ) | 248050/- (33960 x7304.18 /1000 ) | 43168 |
| 2 | RS 15 emulsion (total usage 678.713 kg) | 25608 /- (27467 x 678.713/ 728 ) | 22540/- ( 33210x 678.713/ 1000) | 3068 |
| | | | എക്സസ് കോസ്റ്റിനത്തിൽ ആകെ നൽകിയ തുക | 46236 |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ബിറ്റുമിന്റെ വിലയായി 36.24/ kg (36237.80/tonne) രൂപയും ഇമൾഷന് 37.23/kg (37229.00/ tonne) രൂപയുമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ അധിക തുക കണക്കാക്കിയപ്പോൾ എസ്റ്റിമേറ്റിലെ തുക കണക്കിലെടുത്തില്ല. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുക പ്രകാരം അനുവദിക്കാവുന്ന തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ഇൻവോയ്സ് തുക (ബിറ്റുമിന്റെ വില 39.87/kg) | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്ക് പ്രകാരമുള്ള തുക (ബിറ്റുമിന്റെ വില 36.24/ kg ഇമൾഷൻ 37.23/kg) | വ്യത്യാസം (തുക ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | VG 30 (total usage of bitumen 7304.18 kg) | 291218/- (310986 x 7304.18 / 7800 ) | 264703.48 (7304.18 X 36.24/ kg) | 26514.52 |
| 2 | RS 15 emulsion (total usage 678.713kg) | 25608 /- (27467 x 678.713/ 728) | 25268.48 (678.713 x 37.23/kg) | 340.00 |
| | | | ആകെ നൽകാവുന്ന തുക | 26854.52 |
| | | | നൽകിയ തുക | 46236 |
| കരാറുകാരൻ ബിറ്റുമിന് വേണ്ടി ചെലവഴിച്ചതിനേക്കാൾ കൂടുതൽ നൽകിയ തുക | | | | 19381/- (46236-26855) |

എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ യഥാർത്ഥ ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്താതിരുന്നതിന്റെ കാരണവും വ്യക്തമാക്കിയില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/14.11.2019) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7. എസ്.സി കോളനി നവീകരണം-മരാമത്ത് പ്രവൃത്തിയ്ക്ക് അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S 0644/19, മഠത്തിലകം എസ് സി കോളനി നവീകരണം, കീഴ്മാട് ഗ്രാമപഞ്ചായത്ത് |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ.ഹനീഫ എം എ |
| അളവ് പുസ്തകം | 310/17-18 |
| കരാറുകാരന് നൽകിയ തുക, ബിൽ നമ്പർ | 964251, 155/18-19, 27.03.2019 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ചുവടെ കാണിച്ചിട്ടുള്ള പ്രവൃത്തിയിൽ കാന നിർമ്മിക്കുന്നതിന്റെ ഭാഗമായി ഇനം മൂന്നായി ചെയ്തിട്ടുള്ള കാനയുടെ സൈഡ് വാളിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSRഡാറ്റ 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. കാനയുടെ സൈഡ് വാളിന് വേണ്ടി നടത്തിയ ഈ പ്രവൃത്തിയ്ക്ക് ബാധകമായ DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. കൂടാതെ ശരാശരി 1 മീറ്റർ മാത്രമാണ് ഇവയുടെ ഉയരം വരുന്നത്. 4.3.2 പ്രകാരമുള്ള ഡാറ്റയിൽ ഈ പ്രവൃത്തിക്ക് 1 മീറ്റർ ഉയരമാണ് കാണിച്ചിട്ടുള്ളത്.

| പ്രവൃത്തി | അളവ് പുസ്തകം പ്രകാരം അളവ് | നൽകിയ തുക (ഡി.എസ്.ആർ. 4.3.2 പ്രകാരം നിരക്ക് 553.06/$m^2$) | നൽകാവുന്ന തുക (ഡി.എസ്. ആർ.4.3.1 പ്രകാരം നിരക്ക് 283.32/$m^2$) | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 644/19മത്തിലകം എസ് സി കോളനി നവീകരണം. കീഴാട് ഗ്രാമ പഞ്ചായത്ത്. (കോസ്റ്റ് ഇൻഡക്സ് 46.08%) | 284.685m² | 157448 | 80657 | 76791 |
| **ആകെ** | | | | **76791** |

എസ്റ്റിമേറ്റ് ഇപ്രകാരം തയ്യാറാക്കിയതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.2/31.10.19) നൽകിയെങ്കിലും മറുപടി നൽകിയില്ല. ആയതിനാൽ കരാറുകാരന് അധികമായി നൽകിയ തുക 76791/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-8. ജില്ലാ ഹോമിയോ ആശുപത്രി നവീകരണം-അധിക നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നം., പേര് | S1585/19, ജില്ലാ ഹോമിയോ ആശുപത്രി നവീകരണം, |
| നിർവ്വഹണം | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ ഷെജിൻ കെ കെ |
| അടങ്കൽ തുക | 1200000 |
| കോസ്റ്റ് ഇൻഡക്സ് | 46.08% |
| അളവ് പുസ്തകം | 599/16-17 |
| ചെലവ് വിവരം | 1112293/- (ബിൽ നം./ തീയതി-248/18-19, 29.03.2019) |

ജില്ലാ ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന് മുകളിൽ റൂഫിംഗ് നടത്തിയിട്ടുണ്ട്. പ്രവൃത്തിയിൽ ചെയ്ത 1992.275 Kg വരുന്ന സ്റ്റീൽ വർക്ക് പ്രവൃത്തികളിൽ പർലിൻ പ്രവൃത്തികൾക്ക് (405.60Kg) ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 150/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 50.10.1). എന്നാൽ ഈ പ്രവൃത്തിയിൽ മുഴുവൻ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണ്. Common Rafter,Wall plate, എന്നിവക്ക് സിംഗിൾ സെക്ഷന്റെ നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പർലിൻ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് DSR 10.16.1 കോഡ് പ്രകാരമുള്ള 131.84/kg രൂപയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 3 | 405.60 kg x 150/kg = 60840 | 405.60 kg x 131.84/kg = 53474 | 7366 |

അധിക നിരക്ക് നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.61/04.12.19) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി നൽകിയ തുക 7366/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-9. അൽഷിമേഴ്സ് സെന്റർ നവീകരണം-എടവനക്കാട്

## ഗ്രാമപഞ്ചായത്ത് അധിക നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നം. പേര | S0709/19, എടവനക്കാട് അൽഷിമേഴ്സ് സെന്റർ നവീകരണം, |
| നിർവ്വഹണം | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ കെ സി മുരുകൻ |
| അടങ്കൽ തുക | 3000000 |
| കോസ്റ്റ് ഇൻഡക്സ് | 46.08% |
| അളവു പുസ്തകം | 373/16-17,581/17-18 |
| ചെലവ് വിവരം | 854274/- (ബിൽ നം./ തീയതി-314/18-19, 25.03.2019) |

എടവനക്കാട് ഗ്രാമപഞ്ചായത്തിലെ അലോപ്പതി ആശുപത്രിയിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അൽഷിമേഴ്സ് രോഗികൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടം പുതുക്കി പണിയുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള ളതാണ് മേൽ പ്രോജക്ട്. പ്രവൃത്തിയിൽ 11-ാം ഇനമായി ചെയ്തിട്ടുള്ള 3217.51 Kg വരുന്ന സ്റ്റീൽ വർക്ക് പ്രവൃത്തിയിൽ 125.56/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.25.2). എന്നാൽ ഈ പ്രോജക്ടിൽ Steel work welded in built up sections /framed work, including cutting, hoisting, fixing in position and applying a priming coat of approved steel primer using structural steel….In gratings, frames, guard bar, ladder, railings, brackets, gates and similar works എന്ന പ്രവൃത്തിയിൽ DSR CODE 10.25.1ൽ ഉൾപ്പെട്ട നിരക്കാണ് അനുവദനീയം. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 3217.51 kg x125.56/kg = 403990.56 | 3217.51 kg x 96.12/kg = 309267 | 94724 |

അധിക നിരക്ക് നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.63/04.12.19) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി നൽകിയ തുക 94724/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-10. ചന്ദ്രത്തിൽ കടവ് റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയിൽ അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | S0394/19, കുറ്റിപ്പുഴ ജെ.ബി.എസ്. ചന്ദ്രത്തിൽ കടവ് റോഡ് റീടാറിംഗ് |
| നിർവ്വഹണം | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ വി.ഒ.ജോസ് |
| അടങ്കൽ | 10,00,000/- |
| അളവ് പുസ്തകം | 346/17-18 |
| ചെലവ് വിവരം ബിൽ നം. | 346/18-19 /27.03.19 (vol.2) തുക 999375.00 |

കുന്നുകര ഗ്രാമപഞ്ചായത്തിലെ കുറ്റിപ്പുഴ ജെ.ബി.എസ്.ചന്ദ്രത്തിൽ കടവ് റോഡ് റീടാറിംഗ് നടത്തുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്റ്റ്. ഈ പ്രവൃത്തിയിലെ ഒന്നാം ഇനമായി ചെയ്തിട്ടുള്ള മണ്ണ് കുഴിച്ചെടുക്കൽ എന്നതിൽ 37.898m3 മണ്ണ് ലഭിച്ചതായി അളവ് പുസ്തകത്തിലെ പേജ് നമ്പർ 2 ൽ വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് അളവ് പുസ്തകം പേജ് 20 ൽ ആകെ തുകയായ 999375.00 രൂപയിൽ നിന്നും മണ്ണിന്റെ വിലയായ 8830/- രൂപ കുറവ് ചെയ്ത് 990545 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ തുകയാണ് പേജ് 21 ൽ പാസ്സാക്കിയതും. എന്നാൽ അടുത്ത പേജിൽ തുക കുറവ് ചെയ്തത് പരിഗണിക്കാതെ കരാറുകാരന് 999375.00 രൂപ നൽകി. 8830/- രൂപ തുക അധികം നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.18/16.11.19) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയില്ല. ആയതിനാൽ അധികമായി നൽകിയ തുക 8830/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-11 കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു കാരണം അധിക ചെലവ്

2017-18 വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ താഴെപ്പറയുന്ന പ്രവൃത്തിയിൽ, ടെണ്ടർ സ്വീകരിച്ചതും കരാർ വച്ചതും 2017 ഒക്ടോബർ മാസത്തിന് ശേഷമാണ്. 2017 ഒക്ടോബർ മാസത്തിന് മുമ്പ് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേല്പറഞ്ഞ എല്ലാ പ്രവൃത്തികളുടേയും എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 01.04.2017 മുതൽ പ്രാബല്യത്തിലുള്ള 49.02% നിരക്കിലുള്ള കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത്. എന്നാൽ 01.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 46.08% ആയി കുറഞ്ഞിരുന്നു. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികളെല്ലാം ടെണ്ടർ നടത്തി ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തിയില്ല. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ 1.97% ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടാകുകയും, താഴെപ്പറയുന്ന പ്രവൃത്തിയുടെ കാര്യത്തിൽ അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു.

| | |
|---|---|
| പ്രോജക്ട് നം/പേര് | 935/19,എസ് എൻ ഡി പി മാട്ടുപുറം റോഡ് |
| ആകെ ചെലവ് | 603531/- |
| 10% O.H കുറയ്ക്കുക | (-)603531x100/110=548665 |
| 10% C.P കുറയ്ക്കുക | (-)548665x100/110=498786 |
| 49.02% cost index കുറയ്ക്കുക | (-)498786x100/149.02=334711 |
| അടിസ്ഥാന മൂല്യം | 334711 |
| (+)46.08% cost index കൂട്ടുക | (+)334711x146.08%=488946 |
| (+)10% C.P കൂട്ടുക | (+)488946x110%=537841 |
| (+) 10% O.H കൂട്ടുക | (+)537841x110%=591625 |
| കരാറുകാരന് അർഹതപ്പെട്ട തുക | 591625 |
| അധികം നൽകിയത് | 603531-591625=11906 |
| അധികം നൽ കിയ ശതമാനം | 11906x100/603531=1.97% |

| പ്രോജക്റ്റ്, പ്രോജക്റ്റ് നം, കരാറുകാരൻ | കരാർ തീയതി | ആകെ ചെലവ് | ബിൽ നം തീയതി | 1.97% നിരക്കിൽ അധിക ച്ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 935/19 എസ് എൻ ഡി പി മാട്ടുപ്പുറം റോഡ് (കരുമാലൂർ ഗ്രാമ പഞ്ചായത്ത്), ശ്രീ എം എം ദിലീപ് | 03.11.2017 | 603531 | 14/18-19, 14.08.18 | 11906/- |

ഓഡിറ്റ് വർഷം നടപ്പാക്കിയ മേൽ പ്രവൃത്തിയ്ക്ക് അധിക തുക നൽകിയത് വിശദീകരിക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (34/23.11.19) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികം അനുവദിച്ച 11906/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-12. വെരുമാഞ്ചിറ ചിറക്കടവ് റോഡ് നിർമ്മാണം-പാമ്പാക്കുട ഗ്രാമപഞ്ചായത്ത്-ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയതിൽ അപാകത

| | |
|---|---|
| പ്രോജക്ട് നം., പേര് | 968/2019, വെരുമാഞ്ചിറ ചിറക്കടവു റോഡ് നിർമ്മാണം (പാമ്പാക്കുട ഗ്രാമപഞ്ചായത്ത്) |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ ബേസിൽ പോൾ |
| അളവ് പുസ്തകം | 561/17-18 |
| അടങ്കൽ | 2000000 |
| ചെലവ് വിവരം | 1911810/-, ബിൽ നം.392/18-19,31.03.19 |

പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽ വെരുമാഞ്ചിറ ചിറക്കടവ് റോഡ് നിർമ്മാണത്തിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ഈ പ്രോജക്ടിൽ റീടാറിംഗും, ഇന്റർലോക്ക് ടൈൽ വിരിയ്ക്കുന്നതിനും, പാർശ്വഭിത്തി നിർമ്മിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്. കരാറുകാരന് ആകെ തുക നൽകിയപ്പോൾ പ്രവൃത്തി മൂല്യം കണക്കിലെടുക്കാതെ അധിക തുക നൽകിയിട്ടുണ്ട്. ആകെ പ്രവൃത്തി മൂല്യം 1907626.34/-രൂപയാണ്. എന്നാൽ അളവ് പുസ്തകം പേജ് 57ൽ ആകെ തുക നിർണ്ണയിച്ചിരിക്കുന്നത് 1911809.76/-രൂപയാണ്. കരാറുകാരന് അധികമായി 4184/-രൂപ നൽകിയിട്ടുണ്ട്. ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.66/06.12.19) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി നൽകിയ തുക 4184/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-13. തത്തപ്പിള്ളി GHSS കെട്ടിടനിർമ്മാണം - കോട്ടുവള്ളി ഗ്രാമ പഞ്ചായത്ത്-സ്റ്റീൽ ബാറിന്റെ ഭാരം കണക്കാക്കിയതിൽ വന്ന തെറ്റ് അധിക തുക നൽകാനിടയാക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തത്തപ്പിള്ളി GHSS കെട്ടിടനിർമ്മാണം - കോട്ടുവള്ളി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S1698/19 |
| ചെലവു | ചെക്ക് നം 5881814/13.05.19 |

| | |
|---|---|
| വിവരം | 5812000/-രൂപ |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| അളവുപുസ്തകം | MB 241/16-17, 299/15-16 |
| കരാറുകാരൻ | മനോജ്. കെ.എം |

കോട്ടുവള്ളിഗ്രാമപഞ്ചയത്തിലെ തത്തപ്പിള്ളി GHSS കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിയിൽ അളവുപുസ്തകം 241/16-17 പേജ് 37ൽ കോളം നിർമ്മിക്കുന്നതിന് റീ ഇൻഫോഴ്സ്മെന്റിന് 16mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് ഭാരം കണക്കാക്കുന്നതിന് coefficient 1.578/kg എന്നതിന് പകരം 2.469 /kg എന്നാണ് എടുത്തിരിക്കുന്നത്. ഇത് അധികം തുക നൽകാനിടയാക്കി. അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ച 16mm സ്റ്റീൽ ബാറിന്റെ അളവ് | 4X20x2.5 @ 2.469 = 493.80 kg |
| ശരിയായ അളവ് | 4X20x2.5 @ 1.578 = 315.60 kg |
| അധികം | 178.20kg ( 493.80 - 315.60) |
| അധികം നൽകിയ തുക (ക്വോട്ടു ചെയ്ത നിരക്ക് @69.78/kg) | 178.20 @69.78 = 12435 |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിന്നും ഈടാക്കേണ്ടതാണ്.

.

## 3-14. ചേരാനല്ലൂർ സ്ക്കൂൾ,കൾച്ചറൽ റൂം, ലൈബ്രറി റൂം, സയൻസ് ലാബ് നിർമ്മാണം-ശരാശരി കുറവ് വരുത്താതെ നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | S 1308/2017-18,S 0909/19 ജി.എച്ച്.എസ്. ചേരാനല്ലൂർ, കൂവപ്പടി എന്നിവയുടെ കൾച്ചറൽ റൂം, ലൈബ്രറി റൂം, സയൻസ് ലാബ് നിർമ്മാണം |
| അടങ്കൽ | 2373000 |
| ചെലവ് | ഐറ്റം നിരക്ക്- ശരാശരി 10.01%കുറവ്),1812946 (തനത് ഫണ്ട്) ചെക്ക് നമ്പർ;SB/xy5063241/28.03.19 |
| അളവ് പുസ്തകം | 288/17-18 |
| കരാറുകാരൻ | ബിനു.എം.എ |

1) അസി.എക്സിക്യൂട്ടിവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ ജി.എച്ച്.എസ്. ചേരാനല്ലൂർ, കൂവപ്പടി എന്നിവയുടെ കൾച്ചറൽ റൂം, ലൈബ്രറി റൂം, സയൻസ് ലാബ് നിർമ്മാണം എന്ന പ്രോജക്ടിലെ ഇനം1 ആയി ചെയ്ത Earth work Excavation പ്രവൃത്തി പ്രകാരം 150.65 m3 മണ്ണ് കട്ട് ചെയ്ത് മാറ്റിയതിന് 26631 രൂപ നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിൽ തന്നെ Extra item ആയി കരാറുകാരന്റെ

സ്വന്തം മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയതിന് DSR 50.2.26.1 പ്രകാരം 101.88 m3 ന് 244.85/m3 നിരക്കിൽ 24945.32 രൂപ അനുവദിച്ചിരുന്നു. എം ബുക്ക് പ്രകാരം കുഴിച്ചെടുത്തതിൽ ആകെ 150.65 m3 മണ്ണിൽ 45.92 m3 മണ്ണ് മാത്രമാണ് ബേസ് മെന്റ് ഫില്ലിംഗ് നടത്തിയതിന് ഉപയോഗിച്ചത്. ബേസ് മെന്റ് ഫില്ലിംഗ് നടത്തിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ഏരിയ | മണ്ണിന്റെ അളവ് | തുക |
|---|---|---|
| ബേസ് മെന്റ് ഫില്ലിംഗ് നടത്തിയതിന് ആവശ്യമായ മണ്ണ് | 168.59 | |
| കോളം , പ്ലിന്ത് ബീം, ക്രോസ് ബീം കുറച്ചത് | -4.37 | |
| ബാക്കി | 164.22 | |
| 10% അമരൽ | -16.42 | |
| കുറവ് ചെയ്ത മണ്ണ് | -45.92 | |
| ബാക്കി | 101.88m$^3$ | 24945.32 രൂപ |

ബേസ് മെന്റ് ഫില്ലിംഗ് നടത്തിയതിന് ഉപയോഗിച്ച മണ്ണ് കഴിച്ചുള്ള 104.73m3 (150.65 m3-45.92m3) മണ്ണിന്റെ വില കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ 25643/-രൂപ (104.73 m3x244.85) ഈടാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം.29/21.11.19)

2) റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉള്ള എക്സ്ട്രാ ഇനമായി ചെയ്ത രണ്ട് പ്രവൃത്തികളിലെ നിരക്കുകളിൽ നിന്നും ശരാശരി ടെണ്ടർ കുറവ് 10.01% വരുത്താതെ തുക അനുവദിച്ചതിനാൽ കരാറുകാരന് അധിക തുക അനുവദിക്കാനിടയായി. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | അനുവദിച്ച തുക |
|---|---|---|
| 1 | Dry rubble masonry without concrete levelling course | 12.590x2358.510 = 29693.641 |
| 2 | Filling with contractors own earth in open | 101.880x244.850 = 24945.318 |
| | ആകെ | 54638.96 |
| | 10.01% | 5469 |

10.01% കുറവ് വരുത്താതെ നിരക്ക് അനുവദിച്ചതിനാൽ 5469/-രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്. മേൽ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-15. വലിയ കടമക്കുടി റോഡ്-ഫില്ലിംഗ് ഏരിയ കണ്ടെത്തിയതിലെ അപാകം അധികം നൽകാനിടയാക്കി നഷ്ടം 15865/-

| പ്രോജക്ടിന്റെ പേര് | വലിയ കടമക്കുടി റോഡ് – കടമക്കുടി ഗ്രാമപഞ്ചായത്ത് |
|---|---|
| പ്രോജക്ട് നമ്പർ | S0933/19 |
| ചെലവു വിവരം | ബിൽ നം 39/19.02.19 രൂപ 2633696/- |
| നിർവ്വഹണം | എക്സിക്യൂട്ടീവ് |

| | |
|---|---|
| | എഞ്ചിനിയർ |
| അളവുപുസ്തകം | MB 600/16-17 |
| കരാറുകാരൻ | ജീസ് മോൻ |

സർക്കാർ ഉത്തരവ് (സാധാ) നം 1505/18/തസ്വഭവ തീയതി 31.05.18 പ്രകാരം കടമക്കുടി ഗ്രാമപഞ്ചായത്തിലെ വലിയ കടമക്കുടി റോഡിന്റെ പുനരുദ്ധാരണത്തിന് ഫസ്റ്റ് മെറ്റലിംഗ് ഉൾപ്പെടെയുള്ള ഇനങ്ങളാണ് ചെയ്തിട്ടുള്ളത്. ടി പ്രവൃത്തിയുടെ 3-ാം ഇനമായി WMM ചെയ്തതിന് ഫൈനൽ ലെവൽസ് പ്രകാരം 462.665$m^3$ അളവിന് @3173.04/$m^3$ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. ഫൈനൽ ലെവൽസ് പരിശോധിച്ചതിൽ ചെയിനേജ് 920 മീറ്ററിൽ വരുന്ന ഏരിയ 0.459$m^2$ (0.234 +0.225)എന്നതിന് പകരം 0.959 $m^2$ എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഫില്ലിംഗ് ഏരിയ കണ്ടെത്തിയതിൽ തെറ്റുവന്നിട്ടുള്ളതിനാൽ അധികം നൽകാനിടയായി.വിശദവിവരം ചുവടെ കൊടുക്കുന്നു.

അനുവദിച്ചത് (ചെയിനേജ് 910 - 930)

| ചെയിനേജ് | ദൂരം (മീ) | ഏരിയ ($m^2$) | ശരാശരി ഏരിയ($m^2$) | ഫില്ലിംഗ് അളവ് ($m^3$) |
|---|---|---|---|---|
| 910 | 10 | 0.519 | 0.496 | 4.955 |
| 920 | 10 | **0.959** | 0.739 | 7.390 |
| 930 | 10 | 0.488 | 0.724 | 7.235 |
| ആകെ | | | | 19.58 $m^3$ |

യഥാർത്ഥത്തിൽ വരുന്നത്

| ചെയിനേജ് | ദൂരം (മീ) | ഏരിയ ($m^2$) | ശരാശരി ഏരിയ($m^2$) | ഫില്ലിംഗ് അളവ് ($m^3$) |
|---|---|---|---|---|
| 910 | 10 | 0.519 | 0.496 | 4.955 |
| 920 | 10 | **0.459** | 0.489 | 4.890 |
| 930 | 10 | 0.488 | 0.4735 | 4.735 |
| ആകെ | | | | 14.58 $m^3$ |

ചെയിനേജ് 910 –930ൽ അധികം അനുവദിച്ച അളവ് 19.58 -14.58 = 5$m^3$

അധികം നൽകിയ തുക ---- 5 x @3173.04/$m^3$ = 15865/-

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ നമ്പർ ഓഡിറ്റ് എൻക്വയറിക്ക് (നം.55/29.11.19) മറുപടി നൽകിയിട്ടില്ല.

## 3-16. സ്കൂൾ പാചകപ്പുര ഡൈനിംഗ് ഹാൾ - മുടക്കുഴ ഗ്രാമ പഞ്ചായത്ത്-ലിന്റൽ നിർമ്മിച്ചതിന്റെ അളവ് കൂടുതലായി രേഖപ്പെടുത്തി തുക അനുവദിച്ചു നഷ്ടം - 4423/-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അകനാട് സ്കൂൾ പാചകപ്പുര ഡൈനിംഗ് ഹാൾ - മുടക്കുഴ ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S0883/19 |

| | |
|---|---|
| ചെലവു വിവരം | ബിൽ നമ്പർ 18/27-12-18 രൂപ 694912/- |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനിയർ |
| അളവുപുസ്തകം | MB 319/16-17 ,320/16-17 |
| കരാറുകാരൻ | ജിൻസ് ജോയ് |

പാചകപ്പുര നിർമ്മിക്കുന്നതിന് ഭിത്തി നിർമ്മിച്ചതിന്റെ നീളത്തെക്കാൾ കൂടുതലായി ലിന്റൽ നിർമ്മിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഭിത്തിനിർമ്മിച്ച അളവ് | ലിന്റൽ നിർമ്മിച്ചതിന് രേഖപ്പെടുത്തിയിരിക്കുന്ന അളവ്--- RCC (1:1.5:3) | യഥാർത്ഥത്തിൽ വരുന്ന അളവ് |
|---|---|---|
| 2x6.40x0.20x2.10 | 6x6.00x0.20x0.15=1.008m3 | 3x6.00x0.20x0.15 = 0.54 m3 |
| 1x6.00x0.20x2.10 | 4x5.94x0.20x0.15 = 0.71 | 2x5.94x0.20x0.15 = 0.3564 |
| 2x5.54x0.20x2.10 | 2x2.34x0.20x0.15 = 0.14 | 1x2.34x0.20x0.15 = 0.0702 |
| 1x2.34x.20x2.10 | | |
| | ആകെ 1.93 $m^3$ | ആകെ 0.9666 $m^3$ |

പ്രവൃത്തിയിലെ എല്ലാ RCC ഇനങ്ങൾക്കുമായി 10.73 $m^3$ ചെയ്തിട്ടുണ്ടെങ്കിലും ഫൈനൽ ബിൽ പ്രകാരം 10.258$m^3$ ൽ ക്ലിപ്തപ്പെടുത്തിയാണ് @9000/- നിരക്കിൽ തുക നൽകിയിരിക്കുന്നത്. അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത അളവ് | 10.73 $m^3$ |
| (-) തെറ്റായി രേഖപ്പെടുത്തിയ അളവ് | 1.93 |
| ആകെ അളവ് | 8.80 $m^3$ |
| (+)യഥാർത്ഥത്തിൽ വരുന്ന അളവ് | 0.9666 |
| ആകെ | 9.7666$m^3$ |
| തുക നൽകിയ അളവ് | 10.258 $m^3$ |
| അധികം (10.258 - 9.7666) | 0.4914 $m^3$ @ 9000 = 4423/- |

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്നും തുക ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-17. എ.സി വാങ്ങൽ ജില്ലാ ആശുപത്രി-കരാറുകാരൻ കോട്ട് ചെയ്ത തുകയിലും അധിക തുക നൽകിയതു മൂലം നഷ്ടം

| | |
|---|---|
| പ്രോജക്ട് നം, പേര | S1410/18-19, ഹീമോഫീലിയാ വിഭാഗത്തിൽ എ.സി. വാങ്ങൽ |
| അടങ്കൽ | തനത് ഫണ്ട് -2,25,2000/- |
| ചെലവ് | ചെക്ക് നം. 422397 തീയതി 24.01.19 -2,14,500/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ , ജില്ലാ |

| | |
|---|---|
| | ഹോസ്പിറ്റൽ, എറണാകുളം (അലോപ്പതി) |

ഹീമോഫീലിയാ വിഭാഗത്തിന് അഞ്ച് എ.സി. വാങ്ങി നൽകുന്നതിനായി എയർകോൾ എന്ററർപ്രൈസസിന് 2,14,500/- രൂപ നൽകിയിട്ടുണ്ട്. 06.12.18 ലെ AE-QTN:126-11 നമ്പർ കത്ത് പ്രകാരം എയർകോൾ എന്ററർപ്രൈസസ് കോട്ട് ചെയ്ത തുക 1.5 ടൺ എ.സി. ഒന്നിന് 37,4000/- രൂപയും വി.ഗാർഡ് സ്റ്റെബിലൈസർ (4KVA) ഒന്നിന് 2500 രൂപയുമാണ്. കൂടാതെ The above rate is inclusive of all taxes എന്നും കത്തിൽ ചേർത്തിട്ടുണ്ട്. ആയതിനാൽ അഞ്ച് എ.സി.യ്ക്കും അഞ്ച് സ്റ്റെബിലൈസറിനും കൂടി നൽകേണ്ടതുക (5 x 37400 + 5 x 2500 = 187000 +12500 =199500) 199500/- രൂപയാണ്. ഈ തുകയ്ക്ക് പുറമേ ജി.എസ്.ടി നൽകിയതു മൂലം അധികം നൽകിയ തുക 214500-199500 = 15,000/-രൂപ. തുക എയർകോൾ എന്ററർപ്രൈസസിൽ നിന്നോ ചീഫ് മെഡിക്കൽ ഓഫീസറിൽ നിന്നോ ഈടാക്കി തനത് ഫണ്ടിലൊടുക്കി അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.58/03.12.18) മറുപടി ലഭിച്ചില്ല.

## 3-18. തുരുത്തൂർ കല്ലുങ്കൽ കടവ് റോഡ് -കല്ലേപ്പറമ്പ് റോഡ് - പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്-റീ ഇൻഫോഴ്സ്മെന്റ് കൂടുതലായി അനുവദിച്ചത് അധികം നൽകാനിടയാക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തുരുത്തൂർ കല്ലുങ്കൽ കടവ് റോഡ് -കല്ലേപ്പറമ്പ് റോഡ് - പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S1681/19 |
| ചെലവു വിവരം | ബിൽ നം 29.03.18രൂപ2051703/- ബിൽ നം15.02.19രൂപ127750/- |
| നിർവ്വഹണം | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അളവുപുസ്തകം | MB 896/15-16 |
| കരാറുകാരൻ | ജെയൻ കെ മാത്യു |
| കരാർ നമ്പർ | 344/AEE/LSGD/17-18 /24-11-17 |
| കരാർ തുക | 2452683/- |
| ചെയ്ത വേലയുടെ മൂല്യം | 2179453/- |

പുത്തൻ വേലിക്കര ഗ്രാമപഞ്ചായത്തിലെ തുരുത്തൂർ കല്ലുങ്കൽ കടവ് റോഡ് -കല്ലേപ്പറമ്പ് റോഡ് നിർമ്മാണ പ്രവൃത്തിയിൽ ടാറിംഗും,കാനയും - കൾവർട്ടും നിർമ്മിച്ചിട്ടുണ്ട്.

**<u>റീ ഇൻഫോഴ്സ്മെന്ററിന് അധികം നൽകിയത്</u>**

**എ)** അളവു പുസ്തകം പേജ് 6 &7 ൽ സൈഡ് വാൾ നിർമ്മിക്കുന്നതിന് റീ ഇൻഫോഴ്സ്മെന്റ് നൽകിയതിന് 102.48 kg ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയിൽ RCC യിൽ സൈഡ് വാൾ നിർമ്മിച്ചിട്ടില്ല. കവറിംഗ് സ്ലാബും പാരപ്പറ്റുമാണ് RCC യിൽ നിർമ്മിക്കുവാനും (ഇനം 5) അതിനുള്ള റീ ഇൻഫോഴ്സ്മെന്റുമാണ് (ഇനം 6) എസ്റ്റിമേററിൽ

ഉൾപ്പെടുത്തിയിരിക്കുന്നത്. RCCയിൽ സൈഡ് വാൾ നിർമ്മിച്ചിട്ടില്ലാത്തതിനാലും എസ്റ്റിമേററിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും ഇതിനായി കാണിച്ചിരിക്കുന്ന 102.48 kg കമ്പിയുടെ വില ഓഡിറ്റിൽ അനുവദിക്കുന്നില്ല.

**ബി)** അളവു പുസ്തകം പേജ് 15 ൽ 5 സ്ലാബുകൾ നിർമ്മിക്കുന്നതിന് 180.526 kg കമ്പി ഉപയോഗിച്ചതായി കാണിച്ചിട്ടുണ്ട്.

അളവു പുസ്തകം പേജ് 17 ൽ 3x1.30x0.15 സ്പെസിഫിക്കേഷനിൽ 3സ്ലാബുകൾ നിർമ്മിച്ചതിന് RCC അളവു 1.76 $m^3$ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സ്ലാബുകളുടെ എണ്ണം 3 എന്നത് 5 എന്ന് തിരുത്തിയിട്ടുണ്ടെങ്കിലുംസിമന്റ് കോൺക്രീറ്റിംഗിന്റെ അളവിൽ മാറ്റം വരുത്തിയിട്ടില്ല. മേൽ സ്പെസിഫിക്കേഷനിലുള്ള 3 സ്ലാബുകൾ നിർമ്മിക്കുവാനാണ് എസ്റ്റിമേറ്റിലും കാണിച്ചിട്ടുള്ളത്. അതിനാൽ 3 സ്ലാബുകൾ നിർമ്മിക്കുന്നതിനുള്ള റീ ഇൻഫോഴ്സ്മെന്റിന്റെ അളവു മാത്രമാണ് അനുവദിക്കാവുന്നത് .

അനുവദനീയമായ അളവ് ---- (180.526 x 3 )/5= 108.316

അധികം അനുവദിച്ചത് ---- 180.526 – 108.316 = 72.21 kg

**സി)** അളവു പുസ്തകം പേജ് 17 ൽ 0.60x1.30x0.15 സ്പെസിഫിക്കേഷനിൽ 2സ്ലാബുകൾ നിർമ്മിച്ചതിന് RCC അളവു 0.284 m3 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.അളവു പുസ്തകം പേജ് 16ൽ ഇവ നിർമ്മിക്കുന്നതിന് 67.38 kg കമ്പി ഉപയോഗിച്ചതായി കാണിച്ചിട്ടുണ്ട്.
മേൽ സ്പെസിഫിക്കേഷനിലുള്ള 2 സ്ലാബുകൾ നിർമ്മിക്കുന്നതിനുള്ള റീ ഇൻഫോഴ്സ്മെന്റിന്റെ അളവു ചുവടെ കൊടുക്കുന്നു.

അനുവദനീയമായ അളവ് (10 mm കമ്പി ഉപയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ)

| | |
|---|---|
| 10 mm -- 2x 11x1.40 = 30.80m<br>2x 6 x 2.70 = 32.40 63.20 m | 63.20 m @0.617 = 39 kg |
| അനുവദിച്ചത് | 67.38 kg |
| അധികം | 28.38 kg |

**ഡി)** അളവു പുസ്തകം പേജ് 11 ൽ 0.70x0.50x0.10 മീറ്റർ സ്പെസിഫിക്കേഷനിൽ 16സ്ലാബുകൾ നിർമ്മിച്ചതിന് RCC അളവു 0.56 $m^3$ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് അനുവദിച്ചു നൽകിയ റീ ഇൻഫോഴ്സ്മെന്റിന്റെ അളവും ആവശ്യമായ അളവും ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ചു നൽകിയ റീ ഇൻഫോഴ്സ്മെന്റിന്റെ അളവ് (അളവു പുസ്തകം പേജ് 6) | 10mm – 4x16x0.90 = 57.20 m<br>6x16x0.45 = 43.20<br>ആകെ 100.40 m<br>100.40 m @0.617 = 61.95 kg |
| ആവശ്യമായ അളവ് | 10mm – 4x16x0.65 = 41.6m<br>6x16x0.45 = 43.20<br>ആകെ 84.80 m<br>84.80 m @0.617 = 52.32kg |
| അധികം | 61.95 - 52.32 kg = 9.63kg |

റീ ഇൻഫോഴ്സ്മെന്റിനത്തിൽ ആകെ അധികം നൽകാനിടയായത് ----- 212.70kg (102.48+ 72.21 + 28.38 + 9.63)

കുറയ്ക്കുക (അളവു പുസ്തകം പേജ് 13 ലെ രേഖപ്പെടുത്തൽ പ്രകാരം 10mm കമ്പി 111 മീറ്റർ ഉപയോഗിച്ചതിൽ 11.10 മീറ്റർ മാത്രമാണ് കണക്കിലെടുത്തത്.
വ്യത്യാസം --- 111-11.10 = 99.90 m @0.617 = 61.64 kg)

അധികം നൽകിയ റീ ഇൻഫോഴ്സ്മെന്റ് –151.06 kg( 212.70 - 61.64)

അധികം നൽകിയ തുക – 151.06 @ 79082/ t = 11946/-

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ നമ്പർ ഓഡിറ്റ് എൻക്വയറിക്ക് (നം.36/23.11.19) മറുപടി നൽകിയിട്ടില്ല.

## 3-19. മുണ്ടങ്ങാമറ്റം വേദാർ കോളനി റോഡ് – മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്ത്-എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വ്യത്യസ്തമായി ഇന്റർലോക്കിംഗ് കട്ട വിരിക്കുവാൻ ഉയർന്ന നിരക്ക് അനുവദിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മുണ്ടങ്ങാമറ്റം വേദാർ കോളനി റോഡ് – മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S1215/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | കെ. എസ്. പോളി |
| അളവുപുസ്തകം | MB 431/17-18 |
| PAC | 1499596 |
| എഗ്രീഡ് PAC | 1346774 |
| ടെണ്ടർ വ്യതിയാനം | 10.19 % |
| ചെലവു വിവരം | ബിൽ നം122/ 19.03.19രൂപ1340881/- |

ടി പ്രവൃത്തിയിൽ റോഡിന്റെ വശങ്ങൾ സംരക്ഷിക്കുന്നതിന് 6mm മെറ്റിൽ **50mm** കനത്തിൽ വിരിച്ചതിന് പുറമേ M30 ഗ്രേഡിലുള്ള 80mm ഇന്റർലോക്കിംഗ് കട്ട, വിരിക്കുവാൻ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു. എന്നാൽ വിശദമായ എസ്റ്റിമേറ്റിൽ Interlocking concrete block pavement എന്ന ഇനം ഉൾപ്പെടുത്തി നിരക്ക് കാണിച്ചിരിക്കുന്നത് 929.67/m2 എന്നാണ്. ഇത് 6mm മെറ്റിൽ **75mm** കനത്തിൽ വിരിച്ചതിന് പുറമേ M30ഗ്രേഡിലുള്ള 80mm ഇന്റർലോക്കിംഗ് കട്ട, വിരിക്കുന്നതിനുള്ള നിരക്കാണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിർദ്ദേശിക്കും വിധമുള്ള കട്ട വിരിക്കലിന് DSR 2016 കോസ്റ്റ് ഇൻഡക്സ് 46.08 പ്രകാരമുള്ള നിരക്ക് 870.25/m2 ആണ്. എന്നാൽ മേൽ നിരക്ക് കാണിക്കാതെ ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. (ടെണ്ടർ ഷെഡ്യൂളിലും എം ബുക്കിലും 6mm മെറ്റിൽ ചെയ്തതിന്റെ കനം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല.)

അധികം നൽകാനിടയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| DSR പ്രകാരമുള്ള നിരക്ക് | 870.25/m2 |
| (-) ടെണ്ടർ വ്യതിയാനം 10.19% | 88.68 |
| അനുവദനീയമായ നിരക്ക് | 781.57/m2 |

| | |
|---|---|
| Interlocking concrete block pavement ചെയ്ത അളവ് | 285.648 m2 |
| 6mm മെറ്റിൽ 50mm കനത്തിൽ വിരിച്ചതിന് പുറമേ M30ഗ്രേഡിലുള്ള80mmഇന്റർലോക്കിംഗ്കട്ടവിരിക്കുമ്പോൾ വരുന്ന ചെലവ് | 285.648m2 @781.57/m2 = 223254 |
| നൽകിയ തുക | 285.648 m2 @900 = 257083 |
| അധികം | 33829 |

അധികം നൽകിയ തുക എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/23.11.19) മറുപടി നൽകിയിട്ടില്ല.

## 3-20. കൊറ്റമം ചർച്ച് റോഡ് - മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത്-ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരൻ എടുത്ത മണ്ണിന്റെ വില കുറവു ചെയ്തില്ല -നഷ്ടം 11900/-

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കൊറ്റമം ചർച്ച് റോഡ് - മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത് |
| പ്രോജക്റ്റ് നമ്പർ | S0116/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| കൺവീനർ | വിൽസൺ തോമസ് |
| അളവുപുസ്തകം | MB408/16-17 |
| ചെലവു വിവരം | ബിൽനമ്പർ33/23.02.18 978027/-രൂപ |

മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിലെ കൊറ്റമം ചർച്ച് റോഡിൽ ഇന്റർ ലോക്കിംഗ് കട്ട വിരിക്കുന്ന പ്രവൃത്തിയിൽ എർത്ത് എക്സവേഷൻ (earth cutting in soil ) 121.391 $m^3$ ചെയ്തപ്പോൾ ഉപയോഗയോഗ്യമായ 84$m^3$ മണ്ണ് ലഭിച്ചതായി അളവു പുസ്തകം പേജ് -9 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും താഴ്ന്ന ഭാഗങ്ങൾ ലെവൽ ചെയ്യുന്നതിന് ഉപയോഗിച്ചതിന്റെബാക്കി കരാറുകാരൻ എടുത്തതായും അളവു പുസ്തകം പേജ് -9 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അളവു പുസ്തകം പേജ് -23 ൽ 50 $m^3$ മണ്ണ് കരാറുകാരൻ എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ മണ്ണിന്റെ വില കുറവു ചെയ്തില്ല.

മണ്ണിന്റെ വിലയിനത്തിൽ കുറവു ചെയ്യേണ്ട തുക - 50$m^3$@238 = 11900/- ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.50/29.11.19)മറുപടി നൽകിയിട്ടില്ല.

## 3-21 കല്ലിൽ സ്ക്കൂൾ ആർട്ട് & കൾച്ചർ റൂം അശമന്നൂർ ഗ്രാമപഞ്ചായത്ത്-GST ഒഴിവാക്കിയതിനാൽ 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചത് ഗുണഭോക്തൃസമിതിക്ക് അധിക തുക നൽകാനിടയാക്കി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കല്ലിൽ GHSS ആർട്ട് & കൾച്ചർ റൂം അശമന്നൂർ ഗ്രാമപഞ്ചായത്ത് |

| | |
|---|---|
| പ്രോജക്ട് നമ്പർ | S1293/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കൺവീനർ | സലിം വി.പി |
| അളവുപുസ്തകം | MB 281/17-18 |
| ചെലവു വിവരം | ചെക്ക് നമ്പർ 5030764/22.08.19 483327/- രൂപ |

അശമന്നൂർ ഗ്രാമപഞ്ചായത്തിലെ കല്ലിൽ GHSS ൽ ആർട്ട് & കൾച്ചർ റൂം നിർമ്മിക്കുക എന്ന പ്രവൃത്തി ഗുണഭോക്തൃസമിതിയാണ് ചെയ്തിട്ടുള്ളത്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ നിരക്കിൽ 7.5% ഓവർഹെഡ് ചാർജ്ജാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുമ്പോൾ നികുതികൾ ഗുണഭോക്തൃസമിതിയിൽ നിന്നും ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. (സർക്കാർ ഉത്തരവ് (പ്രിന്റിംഗ്) നം -30/2016/ fin/29-02-16) നികുതികളും മറ്റും (GST, KCWWF etc) കണ്ടെത്തുന്നതിനാണ് സാധാരണ ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത്. കൂടാതെ സർക്കുലർ നമ്പർ 1/1659/2010/സി.ഇ/തസ്വഭവ തീയതി 18-11-2014 പ്രകാരം ഗുണഭോക്തൃസമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ കുറവ് ഏതാണോ അതായിരിക്കും. മേൽ പ്രവൃത്തിയിൽ GST ഒഴിവാക്കി ഫൈനൽ ബില്ലിൽ നിന്നും 1% നിരക്കിൽ തൊഴിലാളി ക്ഷേമനിധി വിഹിതവും 2% നിരക്കിൽ ആദായ നികുതിയുമാണ് ഈടാക്കിയിട്ടുള്ളത്. യഥാർത്ഥ ചെലവ് വന്നിരിക്കുന്നത് തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിലും ആദായ നികുതിയിലുമാണ്. അതിനാൽ 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയ നിരക്ക് അനുവദിച്ചപ്പോൾ ഗുണഭോക്തൃസമിതിക്ക് അധികം നൽകാനിടയാക്കി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത വേലയുടെ മൂല്യം | 498275 |
| 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടാതെയുള്ള മൂല്യം | 463513 |
| (+) 3% (1% KCWWF +2% IT ) | 13905 |
| ആകെ | 477418 |
| (-) KCWWF 1% | 4635 |
| (-) IT 2% | 9270 |
| നൽകാവുന്ന തുക | 463513 |
| നികുതികൾ കഴിച്ച് നൽകിയത് | 483327 |
| അധികം | 19814 |

തൻവർഷം ഫൈനൽ ബിൽ നൽകിയ സമാന പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജ് കുറവു ചെയ്ത് KCWWF ഇനത്തിൽ വന്ന ചെലവ് 1% മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അധികം നൽകാനിടയായ തുക ഗുണഭോക്തൃസമിതിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ( നം.38/23.11.19)മറുപടി നൽകിയിട്ടില്ല.

## 3-22. വിവിധ റോഡ് നിർമ്മാണ പ്രവൃത്തികൾ-യഥാസമയം പണി പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല

| | |
|---|---|
| ചെലവു വിവരം | ബിൽ നം 353/25.03.19 257568/- രൂപ |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അളവുപുസ്തകം | MB 450/16-17 |
| | |

| | |
|---|---|
| കരാറുകാരൻ | എ.എ ജോർജ്ജ് |
| കരാർ നമ്പർ | 344/AEE/LSGD/17-18 /24-11-17 |
| കരാർ തുക | 939977/- |
| പൂർത്തീകരിച്ച തീയതി | 18-03-19 (അളവുപുസ്തകം പേജ് -53) |

കൂവപ്പടി ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരക്കുന്നു – പനങ്കരുത്തോട്ടം റോഡ് മെയിന്റനൻസ് പ്രവൃത്തിക്കായി ശ്രീ.എ.എ ജോർജ്ജ് 24-11-17 ൽ കരാർ വെച്ച് 04-12-17ൽ സൈറ്റ് ഏറ്റെടിത്തിട്ടുണ്ട്. കരാർ പ്രകാരം പൂർത്തീകരണ കാലാവധി 31-03-18ആണ്. മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് റോഡുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ 4 തവണയായി 30-03-19 വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 01-01-19 മുതൽ 30-03-19 വരെയുള്ള ദീർഘീകരണത്തിന് കൂവപ്പടി ഗ്രാമപഞ്ചയത്ത് അസിസ്റ്റന്റ് എഞ്ചിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, LSGD സബ്ഡിവിഷൻ കൂവപ്പടി, എന്നിവർ ഫൈൻ ഇല്ലാതെ ശുപാർശചെയ്തിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥയായ ജില്ലാപഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ 1% ഫൈൻ ഈടാക്കി സമയം ദീർഘിപ്പിക്കുന്നതിന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ പ്രകാരം തുക നൽകിയപ്പോൾ ഫൈൻ ഈടാക്കിയില്ല.

ഈടാക്കേണ്ട ഫൈൻ - കരാർ തുകയുടെ 1% -- 9400/- (939977@1%). ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44/26.11.19) മറുപടി നൽകിയിട്ടില്ല.

2) നമ്പൂതിരിക്കൂപ്പ് പെരുമണ്ണൂർ റോഡ് - കവളങ്ങാട് ഗ്രാമപഞ്ചായത്ത്

നിർവ്വഹണം : അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നം. : S0 901/19

കരാറുകാരൻ : ബൈജു ജോർജ്ജ്.

എം.ബുക്ക് നമ്പർ : 401/17-18

കരാർ നമ്പർ : 375/AEE/LSGD/17-18 dt. 6.12.17

ചെലവ് വിവരം : രൂ. 1407685/- Bill No.189/18-19 തീ. 21.03.2019

2017-18 ൽ ആരംഭിച്ച NCHC-നമ്പൂതിരിക്കൂപ്പ് പെരുമണ്ണൂർ റോഡ് എന്ന പ്രവൃത്തി 31.3.2018 ൽ പൂർത്തീകരിക്കേണ്ടിയിരുന്നതാണ്. സെലക്ഷൻ നോട്ടീസിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി 06.12.2017ൽ സ്ഥലം കൈമാറിയെങ്കിലും 01.12.2018 ൽ മാത്രമാണ് പൂർത്തീകരിച്ചത്. ഫൈനൽ ബിൽ നല്കിയത് 2018-19ലും.

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ പ്രതിവാരം PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

കരാറുകാരൻ രണ്ടു തവണ (ആദ്യ തവണ 06.09.18 രണ്ടാം തവണ 5.12.18ലും) സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിച്ച് സപ്ലിമെന്ററി എഗ്രിമെന്റുകൾ ചമച്ചിട്ടുണ്ട്. പക്ഷേ ഫൈനൽ ബിൽ നൽകിയപ്പോൾ കാലദൈർഘ്യത്തിന് ഫൈൻ ഇനത്തിൽ തുകയൊന്നും ഈടാക്കിയില്ല. 31.3.2018 ന് മുൻപായി പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 01.12.2018 ൽ 34 ആഴ്ച വൈകിയാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഇതു പ്രകാരം താഴെ പറയും പ്രകാരം 68259/-രൂപ ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്നു.

| | |
|---|---|
| അംഗീകൃത PAC | ₹1483895/- |
| കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | |
| 6.9.18 വരെ PAC യുടെ 1% നിരക്കിൽ (31.3.18 to 6.9.18 = 22 ആഴ്ച) | 1483895 X2.2 % = 32646/- |
| 5.12.18 വരെ PAC യുടെ 2% നിരക്കിൽ (7.9.18 to 5.12.18 = 12 ആഴ്ച) | 1483895 X 2.4% = 35613 |
| ഈടാക്കേണ്ട ആകെ തുക | ₹68259/- |

കുറവായി ഈടാക്കിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തു നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

3) GHS ചേരാനല്ലൂർ, കൂവപ്പടി (Art and culture room, Library Room, Additional class room, Science lab) (പ്രോജക്ട് നമ്പർ 909/19) എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമായിട്ടാണ് നിശ്ചയിച്ചിരുന്നത്. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

കരാറുകാരൻ : എം.എ. ബിനു

അടങ്കൽ തുക : ₹ 23,73,000/-

PAC : ₹20,98,710/-

വർക്ക് ഓർഡർ കരാറുകാരൻ കൈപ്പറ്റിയ തീയതി : 11.01.2018

എഗ്രിമെന്റ് നമ്പർ/തീയതി : 499/AEE/ 20.01.2018

പ്രവൃത്തിക്കായി സ്ഥലം കൈമാറിയ തീയതി : 22.01.2018

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി : 21.07.2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 21.02.2019

ബിൽ നമ്പർ & തീയതി : 193/28.03.2019

ബിൽ തുക : ₹ 1856736/-

മേൽ പ്രവൃത്തിയിൽ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കാതിരുന്നതിനാൽ കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ (തീയതി രേഖപ്പെടുത്തിയിട്ടില്ല) സമർപ്പിക്കുകയും സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, പിഴ ഈടാക്കാതെയാണ് കരാർ കാലാവധി നീട്ടിക്കൊടുത്തത്. കൂടാതെ,21.07.2018നകം പൂർത്തിയാക്കേണ്ട പ്രവൃത്തിക്ക് സമയ ദൈർഘ്യത്തിന് സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടുള്ളത് 31.12.2018 എന്ന തീയതി സീൽ ചെയ്തിട്ടുള്ള സ്റ്റാമ്പ് പേപ്പറിൽ, 18.07.2018 തീയതി രേഖപ്പെടുത്തിയാണ്. ഇതിൽ നിന്ന് സമയ ദൈർഘ്യത്തിന് സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടുള്ളത് 31.12.2018ലാണെന്ന് വ്യക്തമാണ്. ഇതു പ്രകാരം താഴെ പറയും പ്രകാരം ₹50000/-രൂപ ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്നു.

| | |
|---|---|
| അംഗീകൃത PAC | ₹20,98,710/- |
| കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | |
| 21.2.18 വരെ PAC യുടെ 1% നിരക്കിൽ(21.7.18 to 21.2.19 = 30 ആഴ്ച) | 20,98,710 X3 % = 62961/- |
| ഈടാക്കേണ്ട ആകെ തുക | ₹68259/- (Limited to 50000/-) |

കുറവായി ഈടാക്കിയ തുക ₹50000/-കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തു നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-23. വൈറ്റില കോക്കനട്ട് നേഴ്സറിയിലെ വിത്ത് വാങ്ങൽ സംബന്ധിച്ച അപാകതകൾ

വൈറ്റില കോക്കനട്ട് നേഴ്സറി, നെട്ടൂരിൽ കൃഷിവകുപ്പ് നടത്തുന്ന അന്താരാഷ്ട്ര മാർക്കറ്റിനു സമീപം വളരെ പരിമിതമായ സൗകര്യങ്ങളോടെ 20സെന്റ് വരുന്ന വാടകസ്ഥലത്ത് പ്രവർത്തിക്കുന്നു. പരിമിതികൾക്കിടയിലും വിപുലമായ രീതിയിൽ വിത്തുൽപാദനവും വിതരണവും ഊർജ്ജസ്വലമായി നടത്തിവരുന്ന നേഴ്സറിയിലെ വിത്ത് വാങ്ങലിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. നേഴ്സറിയിലേക്ക് വിത്ത് വാങ്ങലിനായി ദി ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് മാർക്കറ്റിംഗ് കമ്പനി എന്ന സ്ഥാപനവുമായി കരാറിൽ എർപ്പെട്ടിരിക്കുന്നു. എന്നാൽ ക്വട്ടേഷൻ പ്രകാരമുള്ള വിലയെക്കാൾ കൂടിയ നിരക്കിലാണ് ടി സ്ഥാപനം നേഴ്സറിക്ക് വിത്തുകൾ നൽകിവരുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വിത്തിന്റെ പേര് | ക്വട്ടേഷൻ പ്രകാരമുള്ള വില / ക്വട്ടേഷൻ നമ്പർ | ഇൻവോയ്സ് നമ്പർ / തീയതി | ഈടാക്കിയ നിരക്ക് | ഈടാക്കേണ്ട നിരക്ക് | വ്യത്യാസം |
|---|---|---|---|---|---|
| Tomato NS2535/10 gm FI Hybrid | 350/-FCMC/ SEEQT/112/2017-18, 350/- FCMC/ QT/18/ 2018-19 | C/G/263/05.06.2018 | 435x5 =2175 | 350x5 =1750 | 425 |
| | | C/G/698-08.09.2018 | 420x4= 1680 | 350x4= 1400 | 280 |
| | | C/G/835-02.10.2018 | 425x10= 4250 | 350x10= 3500 | 750 |
| | | C/G/1096-26.12.2018 | 420x2= 840 | 350x2= 700 | 140 |
| | | C/G/1837-23.02.2019 | 530x3= 1590 | 350x3= 1050 | 540 |
| | ആകെ | | | | 2135 |

2. വിത്ത് വാങ്ങിയ ഇനത്തിൽ, ബിൽ തുകയെക്കാളും കൂടുതൽ തുക മേൽ സ്ഥാപനത്തിന് നൽകിയിരിക്കുന്നതായും കാണുന്നു. വ്യത്യാസം 22,380/- ഇതിൽ 12710/- രൂപ 31.07.2018 ൽ കോക്കനട്ട് നേഴ്സറിയുടെ അക്കൗണ്ടിലേക്ക് (ഫെഡറൽബാങ്ക് അക്കൗണ്ട് നം. 20030200000357) ടി സ്ഥാപനം തിരികെ നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

വാങ്ങിയ തുകകൾ

| ക്രമ നം. | തീയതി | ഇൻവോയ്സ് നമ്പർ | തുക | റിക്വിസിഷൻ നമ്പർ |
|---|---|---|---|---|
| 1 | 06.04.2018 | C/G/5 | 11133.00 | CN 3 -18-19 |
| 2 | 28.04.2018 | C/G/99 | 7950.00 | CN 25-18-19 |
| 3 | 14.05.2018 | C/G/153 | 9889.00 | CN29- 18-19 |
| 4 | 05.06.2018 | C/G/263 | 7225.00 | CN 42-18-19 |
| | | | | |

| | | | | |
|---|---|---|---|---|
| 5 | 29.06.2018 | C/G/383 | 4810.00 | CN 51-18-19 |
| 6 | 02.07.2018 | C/G/398 | 2600.00 | CN 51-18-19 |
| 7 | 08.09.2018 | C/G/698 | 16460.00 | CN 74-18-19 |
| 8 | 02.10.2018 | C/G/835 | 42860.00 | CN 80-18-19 |
| 9 | 04.10.2018 | C/G/857 | 13905.00 | CN 81-18-19 |
| 10 | 03.10.2018 | C/G/955 | 6420.00 | CN 104-18-19 |
| 11 | 23.11.2018 | C/G/1014 | 14155.00 | CN 116-18-19 |
| 12 | 06.12.2018 | C/G/1056 | 8310.00 | CN 121-18-19 |
| 13 | 08.12.2018 | C/G/1058 | 1370.00 | CN 121-18-19 |
| 14 | 26.12.2018 | C/G/1096 | 14460.00 | CN 138-18-19 |
| 15 | 28.01.2019 | C/G/1780 | 15150.00 | CN 156-18-19 |
| 16 | 08.02.2019 | C/G/1814 | 960.00 | CN 161-18-19 |
| 17 | 23.02.2019 | C/G/1837 | 5010.00 | CN 169-18-19 |
| 18 | 25.02.2019 | C/G/1847 | 8130.00 | CN173- 18-19 |
| | **ആകെ** | | **190797.00** | |

നൽകിയ തുകകൾ

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 14.05.2018 | 11133.00 |
| 2 | 05.07.2018 | 37774.00 |
| 3 | 07.08.2018 | 12720.00 |
| 4 | 29.09.2018 | 16460.00 |
| 5 | 08.11.2018 | 56765.00 |
| 6 | 07.12.2018 | 6420.00 |
| 7 | 12.12.2018 | 18515.00 |
| 8 | 19.12.2018 | 9680.00 |
| 9 | 29.01.2019 | 14460.00 |
| 10 | 27.02.2019 | 960.00 |
| 11 | 13.03.2019 | 28290.00 |
| **ആകെ** | | **213177.00** |

2018-19 ൽ 18 ഇൻവോയ്സുകളിലായി 1,90,797/- രൂപയ്ക്കുള്ള വിത്തുകളാണ് FCMC യിൽ നിന്ന് വാങ്ങിയിട്ടുള്ളത്. എന്നാൽ 2,13,177/-രൂപ ടി സ്ഥാപനത്തിനു നൽകിയതായി കാണുന്നു. വ്യത്യാസം 22,380/- മേൽ വ്യത്യാസം പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 71/12.12.19 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആകെ നഷ്ടം 11805/- (2135+22380-12710). തുക സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24. ഡയാലിസിസ് സെന്ററിലേക്ക് മരുന്നും അനുബന്ധഉപകരണങ്ങളും വാങ്ങൽ-അംഗീകൃതമല്ലാത്ത ബില്ലിൻ മേൽ ജി എസ് ടി അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം., പേര് | എസ്/1657/19,ഡയാലിസിസ് സെന്ററിലേക്ക് മരുന്നും അനുബന്ധഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 30,75,812/- (മെയിന്റനൻസ് |

| | |
|---|---|
| | ഫണ്ട് നോൺറോഡ്) |
| ചെലവ് | 30,75,608/-<br>1) 29,31,617/-<br>( ബിൽ നം 19/18-19, തീയതി 22/3/19)<br>2) 1,43,991/-<br>(ബിൽ നം 23/18-19, തീയതി 28/3/19) |
| ഫയൽ നം | B1 / 152/19 |
| നിർവഹണോദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ല ആശുപത്രി, ആലുവ |

ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന് വേണ്ട നീഡിൽ, ട്രാൻഡ്യൂസർ, ആസിഡ് സൊല്യൂഷൻ, സിറിഞ്ച്, സർജൻ ഗൗൺ, ഡയലൈസർ എന്നീ സാധനസാമഗ്രികൾ വാങ്ങുന്നതിന് നോൺ റോഡ് ഫണ്ടിൽ നിന്നും 29,31,617/- രൂപ വിവിധ സ്ഥാപനങ്ങൾക്ക് നൽകി ചെലവഴിച്ചിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റിലേക്ക് വേണ്ടിയിരുന്ന സിറിഞ്ച് (10290 എണ്ണം) വാങ്ങിയത് കടവന്ത്രയിലുള്ള ഫാൽക്കൺ ഇന്റർനാഷണൽ ഡ്രഗ്സ് കമ്പനിയിൽ നിന്നായിരുന്നു. ഫാൽക്കൺ ഡ്രഗ്സ് കമ്പനിയുടെ ടാക്സ് ഇൻവോയ്സിൽ (നം-1) : FD/13221/26.2.19 തുക - 30,016/-(നം-2) : FD/13720/8.3.19, തുക -77,216/-) രേഖപ്പെടുത്തിയിട്ടുള്ള GSTIN നമ്പർ (32AAAFF3988L1Z6) ഇൻവാലിഡ് ആണെന്ന് ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ സൈറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. അംഗീകൃതമല്ലാത്ത ടി ബില്ലിൻ മേൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് (3216+ 8272=11488/-) അനുവദിച്ച് നൽകിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം –67 / 6.12.19) മറുപടി നൽകാത്തതിനാലും ടി സ്ഥാപനം ബന്ധപ്പെട്ട വകുപ്പിൽ നികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാലും ജി.എസ്.ടി ഇനത്തിൽ സ്ഥാപനത്തിന് അനുവദിച്ച് നൽകിയ 11488/- രൂപ ഓഡിറ്റ് അംഗികരിക്കുന്നില്ല. ഈ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-25. കൺവീനർക്ക് അധിക തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പുളിക്കമാലി GHS മെയിന്റനൻസ് |
| പ്രോജക്ട് നമ്പർ | SO 784/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കൺവീനർ | ഹെഡ്മാസ്റ്റർ, GHS പുളിക്കമാലി |
| അളവുപുസ്തകം | MB 488/16-17 |
| ചെലവു വിവരം | ബിൽ നമ്പർ 332/27.3.19<br>₹ 493652/- |

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ പുളിക്കമാലി GHS മെയിന്റനൻസ് എന്ന പ്രവൃത്തി GHS പുളിക്കമാലി ഹെഡ്മാസ്റ്റർ കൺവീനർ ആയിട്ടുള്ള ഗുണഭോക്തൃസമിതിയാണ് ചെയ്തിട്ടുള്ളത്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ നിരക്കിൽ 7.5% ഓവർഹെഡ് ചാർജ്ജാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഈ പ്രവൃത്തിയിൽ അധിക ഇനമായി ചെയ്ത രണ്ട് ഇനങ്ങൾക്ക് ഓവർഹെഡ് ചാർജും കോൺട്രാക്റ്ററുടെ പ്രോഫിറ്റും ചേർത്ത് 15% ഉൾപ്പെട്ട നിരക്കും അനുവദിച്ചിട്ടുണ്ട്. മേൽ പ്രവൃത്തി കെട്ടിട നിർമ്മാണമായതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് DSR സ്പെസിഫിക്കേഷൻ അനുസരിച്ചാണ്. അതിനാൽ 5% ഓവർഹെഡ് ചാർജ്ജാണ് അനുവദിക്കാവുന്നത്. നികുതികളും മറ്റും (GST, KCWWF etc) കണ്ടെത്തുന്നതിനാണ് സാധാരണ ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത്. ഇവിടെ GST ഒഴിവാക്കി ഫൈനൽ ബില്ലിൽ നിന്നും 1% നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

അതിനാൽ 1% തുക മാത്രം അധികം നൽകിയാൽ മതിയാകും. കൂടുതലായി ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയ നിരക്ക് അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത വേലയുടെ മൂല്യം | 498693 |
| (-)അധിക ഇനം (extra item) ചെയ്തതിന്റെ മൂല്യം | 14356+8335 = 22691 |
| 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെട്ട മൂല്യം | 476002 |
| 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടാതെയുള്ള മൂല്യം | 442793 |
| അധിക ഇനം (CP + Overhead charge 15%ഉൾപ്പെട്ടത്) ചെയ്തതിന്റെ മൂല്യം | 14356 + 8335 = 22691 |
| 15% ഉൾപ്പെടാതെയുള്ള മൂല്യം | 19731 |
| **<u>നൽകാവുന്ന തുക</u>** | |
| ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടാതെയുള്ള ആകെ മൂല്യം | 442793 + 19731 = 462524 |
| (+) 1% | 4625 |
| ആകെ നൽകാവുന്ന തുക | 467149 |
| നൽകിയ തുക | 500000 |
| അധികം നൽകിയത് | 32851/- |

കൺവീനർക്ക് അധിക നിരക്കിൽ നൽകിയ തുക 32851/- നിരാകരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 53/29.11.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 3-26. ഫർണീച്ചർ തിരികെ നൽകൽ-വിലയിനത്തിൽ നൽകിയ തുക പൂർണ്ണമായും തിരികെ ലഭിച്ചില്ല

പ്രൊജക്ട് നമ്പർ-S 1376/19
നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ -24,13,567/- (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് )

മേൽ നമ്പർ പ്രൊജക്ട് പ്രകാരം KADCO യിൽ നിന്നും hardwood bench, hardwood desk എന്നിവ 270 എണ്ണം വീതം വാങ്ങി വിവിധ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകൾക്ക് നൽകി.

<u>നിരക്ക്</u>

hardwood bench- 3393/-(without GST)

hardwood desk- 4428/-( ,, )

തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ & തീയതി | തുക |
|---|---|---|
| 1 | 92/18-19തീ.23.10.18 | 22,79,563 |
| 2 | 284/18-19 തീ.21.3.19 | 1,33,997 |
| | ആകെ | 24,13,560 |

കൈതാരം ജി.വി.എച്ച്.എസ്. ൽ 20.6.18 ൽ സപ്ലൈ ചെയ്ത 10 ബെഞ്ചും 10 ഡെസ്ക്കും നിർമ്മാണത്തിലെ അപാകത മൂലം KADCO യ്ക്ക് തിരികെ നൽകി. തിരികെ നൽകിയ ഫർണിച്ചറുകളുടെ വില 78,210/- കണക്കാക്കി KADCO യ്ക്ക് ബാക്കി നൽകുവാനുണ്ടായിരുന്ന

തുകയിൽ നിന്നും കുറവു ചെയ്തു (ക്രമ നമ്പർ 2 പ്രകാരമുള്ള ബിൽ). തിരികെ നൽകിയ ഫർണിച്ചറുകൾക്ക് വേണ്ടി ക്രമ നമ്പർ 1ലെ ബിൽ പ്രകാരം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | ഒരെണ്ണത്തിന്റെ വില | ആകെ വില | GST@18% |
|---|---|---|---|---|---|
| 1 | hardwood bench | 10 | 3393 | 33930 | 6107/- |
| 2 | hardwood desk | 10 | 4428 | 44280 | 7971/- |
| | ആകെ | | | 78210/- | 14078 |

ജി.എസ്.ടി. അടക്കം 92,288/- രൂപ (78210 +14078) ഫർണിച്ചറുകളുടെ വിലയിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്നുവെങ്കിലും 78,210/-രൂപ മാത്രമാണ് കുറവു ചെയ്തത്. ജി.എസ്.ടി 14,078/- രൂപ കുറവു ചെയ്തില്ല. തന്മൂലം പഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ട്. തുക തിരികെ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 14.11.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9 ന് 18.12.2019 ൽ സമർപ്പിച്ച മറുപടിയിൽ കാഡ്കോയിൽ നിന്നും തുക തിരികെ ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-27. സെന്റേജ് ചാർജ്ജ് അധികം നൽകി

| ക്രമ നം | 1 | 2 | 3 | 4 |
|---|---|---|---|---|
| പ്രോ.നം/പേര് | 636/19 തേലത്തുരുത്ത് കുടിവെള്ള പൈപ്പ് എക്സ്റ്റൻഷൻ പുത്തൻവേലിക്കര | 726/19 മണ്ഡല കോളനി കുടിവെള്ള പദ്ധതി, കരുമാല്ലൂർ പഞ്ചായത്ത് | 737/19 അയ്യന്താനം കുടിവെള്ള പദ്ധതി പൂർത്തീകരണം, പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് | 760/19 പാറത്താഴം കുടിവെള്ള പദ്ധതി |
| വർക്കിംഗ് ചാർജ് | 713007.00 + 39377.80 | 119298.00 | 1327751.18 + 308443.77 | 147816.89 |
| മെറ്റീരിയലുകൾ | 134400.00 | 12480.00 | 65198.52 + 518383.35 | 825287.51 |
| സെന്റേജ് ചാർജസ് @12.5% | 110848.17 | 16472.31 | 277472.10 | 121638.05 |
| Lump sum | 2366.48 | 1749.20 | 2751.08 | 5257.56 |
| മററു ചെലവുകൾ | - | - | - | - |
| ആകെ | 1000000.00 | 150000.00 | 2500000.00 | 1100000.00 |
| അനുവദനീയമായ സെന്റേജ് ചാർജ് 10% | 88678.48 | 13177.80 | 221977.68 | 97310.44 |
| അധികം അടച്ച സെന്റേജ് ചാർജ് | 22169.69 | 3294.51 | 55494.42 | 24327.61 |
| തൻവർഷം അടച്ച തുക / റിമാർക്സ് | 1000000.00 ബിൽ നം 91/18/23-10-18 | 1500000.00 ബിൽ നം. 132/18/31-12-18 | 1500000.00 ബിൽ നം. 6/18/ 15-05-18. 10 ലക്ഷം 17-18 ൽ അടച്ചിരുന്നു. | 1100000.00 ബിൽ നം. 7/18/15-05-18 |

നിക്ഷേപ പ്രവൃത്തിയായി ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ച മേൽ പറഞ്ഞിരിയ്ക്കുന്ന പദ്ധതികളുടെ എസ്റ്റിമേറ്റ് പ്രകാരം സെന്റേജ് ചാർജിനത്തിൽ 12.5% നിരക്കിലാണ് തുക കണക്കാക്കി അടവാക്കിയിരിക്കുന്നത്. പി.ഡബ്ല്യു.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമാണ്. പി.ഡബ്ല്യു.ഡി മാന്വൽ part 2 section 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ

സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ഇക്കാര്യം 16-04-18 ലെ സ.ഉ.(സാധാ)നം.1069/2018/ ത.സ്വ.ഭ.വ ഉത്തരവിൽ സ്പഷ്ടമാക്കിയിട്ടുമുണ്ട്. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. സെന്റേജ് ചാർജിനത്തിൽ 2.5% തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം. 17/16-11-19) മറുപടി ലഭ്യമാക്കിയില്ല. കൂടുതലായി അടവാക്കിയ സെന്റേജ് ചാർജ്ജ് 105286.23 തിരികെ ഈടാക്കേണ്ടതും പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. വിശദ വിവരം ഖണ്ഡിക 3-27ൽ ചേർത്തിട്ടുണ്ട്.

## 3-28. സംരക്ഷണഭിത്തി നിർമ്മാണം - സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധികച്ചെലവ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മിത്രക്കൽ റോഡ് മെയിന്റൻസ് - എടത്തല ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S0879/19 |
| ചെലവു വിവരം | ബിൽ നം 11/20-12-18രൂപ1406532/- |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അളവുപുസ്തകം | MB 659/17-18 |
| കരാറുകാരൻ | ലൈജു ദേവസി |
| കോട്ട് ചെയ്ത തുക | 15722246.40/- (17.15% കുറവ്) |

എടത്തല ഗ്രാമപഞ്ചായത്തിലെ മിത്രക്കൽ റോഡ് മെയിന്റൻസ് - പ്രവൃത്തിയിൽ സംരക്ഷണഭിത്തി നിർമ്മിച്ചിരിക്കുന്നത് 1:2:4 RCCയിലാണ്. (അളവുപുസ്തകം പേജ് -12). ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ 78/2016/fin dt19-09-16-ാം നമ്പർ സർക്കുലറിൽ സിമന്റ് കോൺക്രീറ്റിംഗിലുള്ള സംരക്ഷണ ഭിത്തി M10 ഗ്രേഡിൽ (1:3:6) നിർമ്മിക്കുന്നതിനു പകരം 1:2:4 ഗ്രേഡിൽ നിർമ്മിക്കുന്നത് അധികച്ചെലവാണെന്നും അത് പൊതു പണത്തിന്റെ ദുരുപയോഗമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധികച്ചെലവിനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സംരക്ഷണ ഭിത്തി 1:2:4 M20 ഗ്രേഡിൽ നിർമ്മിച്ചതിന് അനുവദിച്ച തുക (കോട്ട് ചെയ്ത നിരക്ക് - 12500/m3) | 29.998 $m^3$ @12500 =374975/- |
| M10 ഗ്രേഡിൽ (1:3:6) നിർമ്മിക്കുമ്പോൾ വരുന്ന ചെലവ്<br>അനുവദനീയമായ നിരക്ക് - 7197.35/m3 - 1234.35 (ടെണ്ടർ വ്യതിയാനം) = 5963/m3 | 29.998 m3 @5963 = 178878/- |
| അധികം ചെലവഴിക്കേണ്ടി വന്ന തുക | 196097/- (374975 -178878) |

ഈ പ്രവൃത്തിയിൽ ആകെ 3.593 ടൺ കമ്പി ഉപയോഗിച്ചിട്ടുണ്ടെങ്കിലും ചെലവായ തുക 352/- രൂപ മാത്രമാണ് - 3.593 @ 98/t) സാങ്കേതിക സർക്കുലറിലെ നിബന്ധനകൾ പാലിക്കുവാനും അധികച്ചെലവ് ഉണ്ടാകാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ നമ്പർ ഓഡിറ്റ് എൻക്വയറിക്ക് (നം.22/19.11.2019) മറുപടി നൽകിയിട്ടില്ല. അധികം ചെലവഴിക്കാനിടയായ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ കൊടുക്കുന്നു

1. ഷെഡ്യൂൾ ബി-12ൽ 420800101 ഹെഡിൽ 14467656/-രൂപ സ്ഥിര നിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തൻവർഷം പലിശ ഇനത്തിൽ വരവ് കാണിച്ചിട്ടില്ല.
2. ഷെഡ്യൂൾ ബി-4ൽ 320200207 ഹെഡിൽ 2018-19 വർഷം 11000000/-രൂപ ഡി.എം.ഒ ഓഫീസ് നിർമ്മിക്കുന്നതിന് വേണ്ടി ആയുർവേദ ഡിപ്പാർട്ട്മെന്റിൽ നിന്നും അഡ്വാൻസ് തുക ലഭിച്ചിരുന്നു. ആയതിന്റെ തുടർ പ്രവർത്തനം ഇല്ലാതെ TSB അക്കൗണ്ടിൽ ബാലൻസ് ഉണ്ട്.
3. ഷെഡ്യൂൾ ബി-11ൽ 410100105 ഹെഡിൽ 1,00,00,000/- രൂപ Land-Burial Ground എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ ഈ തുക മുളന്തുരുത്തി ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങിയതാണ്.ഹെഡ് മാറി പോസ്റ്റിംഗ് നടത്തിയത് മാറ്റം വരുത്താവുന്നതാണ്.
4. ഷെഡ്യൂൾ ബി-11ൽ 410600101 ഹെഡിൽ Electricity micro hydel project 15,00,000/-രൂപ Asset ആയി കാണിച്ചിട്ടുണ്ട്. മുളന്തുരുത്തി ഹെൽത്ത് സെന്ററിൽ സോളാർ പാനൽ സ്ഥാപിച്ചത് Joint venture പദ്ധതിയിൽ ഉൾപ്പെടുത്തിയാണോയെന്ന് വ്യക്തമാക്കേണ്ടതാണ്.
5. ഷെഡ്യൂൾ ബി-18ൽ 460500413 ഹെഡിൽ FIT യ്ക്ക് അഡ്വാൻസ് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും ഫർണീച്ചർ ലഭിച്ചത് Asset ആയി മാറ്റിയതായി കാണുന്നില്ല.
6. RP-5 ൽ 150120104 ഹെഡിൽ വരവ് കാണിച്ചിരിക്കുന്ന പഴയ വസ്തുക്കൾ ലേലത്തിൽ വിൽക്കുന്നതിൽ നിന്നും ലഭിക്കുന്ന തുകയിൽ ഉൾപ്പെടുന്ന നികുതി ബന്ധപ്പെട്ട ഹെഡിൽ പോസ്റ്റിംഗ് വരുത്തുന്നില്ല. ആയത് ലേലം വരവായി തന്നെ ധനകാര്യപത്രികയിൽ കാണുന്നു.
7. B 17 കോഡ് നം. 450220101 (IDBI Hudco) ബാങ്ക് അക്കൗണ്ടിൽ 2,63,489/- രൂപ നീക്കിയിരുപ്പുണ്ട്. ജനകീയ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച വായ്പാത്തുകയുടെ പലിശയിനത്തിൽ ലഭിച്ച തുകയാണിതെന്നാണറിയിച്ചത്. തുക സർക്കാരിലേക്ക് തിരിച്ചടച്ചില്ല.

## 4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരം 41,81,365/- രൂപ സംയുക്ത പ്രൊജക്ടുകൾക്ക് വേണ്ടി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ വരവു ചെലവു കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കാത്തതിനാൽ വിശദാംശങ്ങൾ ചേർക്കുവാൻ കഴിഞ്ഞില്ല. രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 4-3. ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ കേരള വാട്ടർ അതോറിട്ടിക്ക് താഴെ പറയുന്ന തുകകൾ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു. പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.636/19 തേലത്തുരുത്ത് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം.91/18/23-10-18 | 1000000 | 00 | 1000000 |
| കേരള വാട്ടർ | പ്രോ.നം.737/19 | ബിൽ നം.90/18/23- | 1000000 | 00 | 1000000 |

| | | | | | |
|---|---|---|---|---|---|
| അതോറിട്ടി | അയ്യന്താനം എസ് സി കോളനി കുടിവെള്ളപദ്ധതി -പാമ്പാക്കുട ഗ്രാ.പ | 10-18 | | | |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.726/19 മണ്ഡലകോളനി കുടിവെള്ളപദ്ധതി -കരുമാലൂർ ഗ്രാ.പ | ബിൽ നം/132/18/31-12-18 | 150000 | 00 | 150000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.760/19 പാറത്താഴം കുടിവെള്ളപദ്ധതി-ആയവന ഗ്രാ.പ | ബിൽ നം/7/18/15-5-18 | 1100000 | 00 | 1100000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം1610/19 തെക്കുംമല കുടിവെള്ളപദ്ധതി-മഞ്ഞള്ളൂർ ഗ്രാ.പ | ബിൽ നം/142/19/17-01-19 | 1850000 | 00 | 1850000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.1641/19 ആരക്കുന്നം എസ് സി കോളനി കുടിവെള്ള പദ്ധതി – മുളന്തുരുത്തി ഗ്രാ.പ | ബിൽനം / 278/19/ 21-03-19 | 1930000 | 00 | 1930000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.1677/19 പ്രളയക്കാട് കുടിവെള്ള പദ്ധതി - മുടക്കുഴ ഗ്രാ.പ | ബിൽ നം/282/19/22-03-19 | 1000000 | 00 | 1000000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.761/19 അയ്യന്താനം കുടിവെള്ളപദ്ധതി | ബിൽ നം/6/18/15-05-18 | 1500000 | 00 | 1500000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.1613/19 വടകോട് കുളിപ്പാറ മുപ്പതേക്കർ കുടിവെള്ള പദ്ധതി, മഞ്ഞള്ളൂർ | ബിൽ നം.144/19/19-03-19 | 5000000 | 00 | 5000000 |
| കേരള വാട്ടർ അതോറിട്ടി | “ | ബിൽ നം /276/19/21-03-19 | 1300000 | 00 | 1300000 |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.1663/19 അരികുചിറ കുടിവെള്ളപദ്ധതി-ചെല്ലാനം | ബിൽ നം239/19/22-03-19 | 5000000 | 00 | 5000000 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-6. സ്ഥിരനിക്ഷേപങ്ങൾ

മുൻ വർഷത്തെ രജിസ്റ്ററിലേയും ഓഡിറ്റ് റിപ്പോർട്ടിലേയും കണക്കനുസരിച്ച് 30294219.00 രൂപയാണ് മുന്നിരുപ്പ് തുക തൻവർഷം 16992438.00 രൂപ പിൻവലിച്ചിട്ടുണ്ട്. ഈ തുക അക്കൗണ്ടിൽ വരവ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കണക്കിൽ 13301781.00 രൂപയാണ് നീക്കിയിരുപ്പ് വരേണ്ടത്. എന്നാൽ വാർഷിക കണക്കുകളിലും രജിസ്റ്ററിലും നീക്കിയിരുപ്പ് തുകയായി 14467656.00 രൂപയുണ്ട്. കണക്കുകളിൽ വന്നിട്ടുള്ള വ്യത്യാസം വിശദീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30294219.00 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച് തുക (പലിശ) | 0 |
| ആകെ | 30294219.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 16992438.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13301781.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | ഐ.ഡി.ബി.ഐ. ബാങ്ക് അക്കൗണ്ട് നം 1371060000 10584 | 1808457 |
| 2 | ഐ.ഡി.ബി.ഐ. ബാങ്ക് അക്കൗണ്ട് നം 1371060000 10593 | 1808457 |
| 3 | ഐ.ഡി.ബി.ഐ. ബാങ്ക് അക്കൗണ്ട് നം 1371060000 10609 | 1808457 |
| 4 | ഐ.ഡി.ബി.ഐ. ബാങ്ക് അക്കൗണ്ട് നം 1371060000 10618 | 1808457 |
| 5 | ഐ.ഡി.ബി.ഐ. ബാങ്ക് അക്കൗണ്ട് നം 1371060000 10627 | 1808457 |
| 6 | ഐ.ഡി.ബി.ഐ. ബാങ്ക് അക്കൗണ്ട് നം 1371060000 10636 | 1808457 |
| 7 | ഐ.ഡി.ബി.ഐ. ബാങ്ക് അക്കൗണ്ട് നം 1371060000 10645 | 1808457 |
| 8 | ഐ.ഡി.ബി.ഐ. ബാങ്ക് അക്കൗണ്ട് നം 1371060000 10654 | 1808457 |
| | **ആകെ** | **14467656** |

## 4-7. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 154519/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2016-17 | 3-3(1) | 2883 | സജീവ് സ്റ്റീഫൻ | 119040100037/ 21.6.2018 |
| 2016-17 | 3-1(2) | 33532 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 118040100039/ 25.6.2018 |
| 2016-17 | 3-9 | 9078 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 118040100040/ 25.6.2018 |
| 2016-17 | 3-3(2) | 5597 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 118040100045/ 28.6.2018 |
| 2016-17 | 3-36 | 24998 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 118040100051/ 29.6.2018 |
| 2016-17 | 3-38(Sl No.2) | 7194 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 118040100052/ 29.6.2018 |

| | | | | |
|---|---|---|---|---|
| 2016-17 | 3-4(2) | 34971 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 11804010075/ 30.7.2018 |
| 2016-17 | 3-4(2) | 36266 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 11804010077/ 2.8.2018 |
| | **ആകെ** | **154519** | | |

# 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 28 | 2005-06 | 1 | റോഡ് പുനരുദ്ധാരണം ടാർ വില ഈടാക്കിയില്ല. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2006-07 | 3-16 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2012-13 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.2.6(1) | ആസ്തി സംരക്ഷണത്തിൽ വീഴ്ച | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2012-13 പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.2.6(2) | ഫാം കൃഷി ഭൂമികൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2012-13 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.2.6(3) | കെട്ടിട സൗകര്യങ്ങൾ അപര്യാപ്തം | മറുപടി സർക്കാരിന് സമർപ്പിച്ചു. |

# 4-9. ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമനം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമനം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും | തുക | | | ഉൾപ്പെട്ട | ഈടാ | | | |

| | | | ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | തീയതിയും | | (സ്ഥലം, തീയതി) | തുക (തീയതി) | തുക | ക്കിയ തുക | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-10. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 1180760748 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 1196954764 |
| വരവിനങ്ങളിലുള്ള നഷ്ടം | 3913787 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1001179 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 70495389 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 111287 | - | ശ്രീ തോമാസ് സാമുവൽ, സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം |
| 2-2 | 3802500 | - | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-1 | - | 3000 | ശ്രീ ജി.അനിൽകുമാർ, ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ |
| 3-2 | - | 81780 | ശ്രീ എസ്. മഹേഷ്, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |
| 3-3-1 | - | 22500 | ശ്രീ എസ്. മഹേഷ്, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |
| 3-4 | - | 3845 | ശ്രീ രാംദാസ്, ജില്ലാ സാമൂഹിക നീതി ഓഫീസർ(സീനിയർ സൂപ്രണ്ട്-ചാർജ്) |
| 3-5 | - | 11284 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-6 | - | 19381 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-7 | - | 76791 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-8 | - | 7366 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-9 | - | 94724 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-10 | - | 8830 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-11 | - | 11906 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-12 | - | 4184 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-13 | - | 12435 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-14 | - | 31112 (25643+5469) | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-15 | - | 15865 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-16 | - | 4423 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-17 | - | 15000 | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ അശുപത്രി, എറണാകുളം |
| 3-18 | - | 11946 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-19 | - | 33829 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-20 | - | 11900 | ശ്രീമതി ആബിദ ബീഗം, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-21 | | 19814 | ശ്രീമതി ആബിദ ബീഗം, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-22 | - | 127659 | ശ്രീമതി ആബിദ ബീഗം, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-23 | | 11805 | ശ്രീമതി അനിത കുമാരി, ഫാം സൂപ്രണ്ട്, വൈറ്റില, കോക്കനട്ട് ഫാം |
| 3-24 | | 11488 | ഡോ. പ്രസന്ന കുമാരി, സൂപ്രണ്ട്, ജില്ലാ ആശുപത്രി, ആലുവ |
| 3-25 | | 32851 | ശ്രീമതി ആബിദ ബീഗം, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-26 | | 14078 | ശ്രീ.റ്റി എ ബാബു, സെക്രട്ടറി |
| 3-27 | | 49792 | ശ്രീ.റ്റി എ ബാബു, സെക്രട്ടറി |
| 3-28 | | 196097 | ശ്രീമതി ആബിദ ബീഗം, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| | 3913787 | 1001179 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 20830000 | ശ്രീ.റ്റി എ ബാബു, സെക്രട്ടറി |
| 1-18 | 51000 | ശ്രീമതി എൽ ഷൈലജ, കൃഷി അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-19 | 31250 | ശ്രീ ടി.പി. ഗീവർഗ്ഗീസ്, ജില്ലാ മിഷൻ കോഓർഡിനേറ്റർ ,കുടുംബശ്രീ |
| 1-20-1 | 757736 | ശ്രീമതി കെ.എസ്.കുസുമം, ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം, എറണാകുളം |
| 1-20-2 | 4654000 | ശ്രീമതി |

| | | |
|---|---|---|
| | | കെ.എസ്.കുസുമം, ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം, എറണാകുളം |
| 1-21 | 3500000 | ശ്രീ.റ്റി എ ബാബു, സെക്രട്ടറി |
| 1-22 | 500000 | ശ്രീ എസ്. മഹേഷ്, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |
| 1-23 | 344958 | ശ്രീ എസ്. മഹേഷ്, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |
| 1-24 | 1500000 | ഡോ.പ്രസന്ന കുമാരി, ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 1-27 | 500000 | ശ്രീ ജോസഫ് ജോൺ, ജില്ലാ പട്ടിക ജാതി വികസന ഓഫീസർ |
| 1-31 | 1075000 | ശ്രീ എസ്. മഹേഷ്, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |
| 1-32 | 899200 | ശ്രീ എസ്. മഹേഷ്, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |
| 1-33 | 212500 | ശ്രീമതി സിസി പി. മാത്യു, ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (ജല പരിപാലനം) |
| 1-34 | 2000000 | ശ്രീ ജോസഫ് ജോൺ, ജില്ലാ പട്ടിക ജാതി വികസന ഓഫീസർ |
| 1-36 | 400838 | ശ്രീമതി കെ.എസ്.കുസുമം, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 1-37 | 197797 | ഡോ.എൻ.കെ. കുട്ടപ്പൻ, ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം |
| 1-38 | 11488 | ഡോ.പ്രസന്ന കുമാരി, സൂപ്രണ്ട്, ജില്ലാ ആശുപത്രി, ആലുവ |
| 1-39 | 486024 | ഡോ.പ്രസന്ന കുമാരി, സൂപ്രണ്ട്, ജില്ലാ ആശുപത്രി, ആലുവ |
| 1-40 | 10940000 | ശ്രീമതി ജെ.മായാലക്ഷ്മി, പ്രോഗ്രാം ഓഫീസർ, സാമൂഹിക ക്ഷേമം |
| 1-44 | 2187086 | ശ്രീ കെ.ജി. തിലകൻ, പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ യൂണിറ്റ് |
| 1-45 | 6228000 | ശ്രീ കെ.ജി. തിലകൻ, പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ യൂണിറ്റ് |
| ആകെ | 70495389 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-46 | 9620 | ശ്രീ.കെ.കെ അബ്ദുൾ റഷീദ്, സെക്രട്ടറി |
| 1-70 | 985.32 | ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| ആകെ | 10605.32 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അബ്ദുൾ റഷീദ്, ശ്രീ ടി.വി. ബാബു, സെക്രട്ടറി | ലഭ്യമാക്കിയില്ല | തട്ടാം പറമ്പിൽ ഹൗസ്, കാറളം, പി.ഒ., തൃശ്ശൂർ |
| ശ്രീമതി ടി.എൻ.മിനി, എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, എറണാകുളം | തോടത്തിൽ ഹൗസ്, No.33/ ഹാപ്പി ഹോംസ്, ഇരിങ്ങോൾ, കുറുപ്പംപടി, പെരുമ്പാവൂർ |
| ശ്രീമതി ആബിദ ബീഗം | വിരമിച്ചു | പാറക്കാവട്ടി ദാറുൾ സലാം പെരുന്ന (ഈസ്റ്റ്) ഫാത്തിമാ പുരം, ചങ്ങനാശ്ശേരി 686102 |
| ശ്രീമതി കെ.എസ്.കുസുമം, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | ലഭ്യമാക്കിയില്ല | നികേതം, ഫാറൂഖ് കോളേജിനു സമീപം, കോഴിക്കോട് - 673632 |
| ശ്രീ ജോസഫ് ജോൺ, പട്ടിക ജാതി വികസന ഓഫീസർ | ജില്ലാ പട്ടിക ജാതി വികസന ഓഫീസർ, എറണാകുളം | തറപ്പേൽ ഹൗസ്, പോത്തി, തലയോല പ്പറമ്പ് പി.ഒ. കോട്ടയം |
| ഡോ.ജെ. ബോബൻ, സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | ലഭ്യമാക്കിയില്ല | ശ്രാമ്പിക്കൽ മഠം, ചിങ്ങോലി പി.ഒ., ഹരിപ്പാട്, ആലപ്പുഴ |
| ഡോ. പ്രസന്ന കുമാരി, സൂപ്രണ്ട്/ ചീഫ് മെഡിക്കൽ ഓഫീസർ (അലോപ്പതി) | ലഭ്യമാക്കിയില്ല | വലുച്ചിറ പറമ്പിൽ ഹൗസ്, ഏലൂർ നോർത്ത്, ഉദ്യോഗ മണ്ഡൽ പി.ഒ., എറണാകുളം |
| ഡോ. എൽസി, സൂപ്രണ്ട്/ചീഫ് | ലഭ്യമാക്കിയില്ല | പ്ലാന്തട്ടത്തിൽ ഹൗസ്, ഇരുമ്പയം |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | | പി.ഒ., തലയോലപ്പറമ്പ്, കോട്ടയം |
| ശ്രീ ജി. അനിൽകുമാർ, പട്ടിക വർഗ്ഗ വികസന ഓഫീസർ | | ശ്രീവത്സം, സൗത്ത് മഴുവന്നൂർ പി.ഒ., ഉഴവൂർ വഴി, എറണാകുളം 686669 |
| ശ്രീ കെ.ജി. തിലകൻ, പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ | കല്ലുപുറം, മാമ്പ്ര, ഇരിയം കുടി പി.ഒ., തൃശ്ശൂർ |
| ശ്രീ എസ്. മഹേഷ്, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | ലഭ്യമാക്കിയില്ല | കൗസ്തുഭം, GCRRA-15, കളർകോട്, സനാതന പുരം -688003, ആലപ്പുഴ |
| ഡോ.പ്രസന്ന കുമാരി, സൂപ്രണ്ട്, ജില്ലാ ആശുപത്രി, ആലുവ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, ആലുവ | വലുചിറ പറമ്പിൽ, പറമ്പിൽ, ഏലൂർ നോർത്ത്, ഉദ്യോഗ മണ്ഡൽ പി.ഒ. |
| ശ്രീമതി എൽ ഷൈലജ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമാക്കിയില്ല | കൃഷ്ണശ്രീ, ഡേവിഡ് കോളനി, എളംകുളം, എറണാകുളം. |
| ശ്രീ ടി.പി. ഗീവർഗ്ഗീസ്, ജില്ലാ മിഷൻ കോ ഓർഡി നേറ്റർ , കുടുംബശ്രീ | ലഭ്യമാക്കിയില്ല | മുടയ്ക്കാക്കൽ ഹൗസ്, ഇരുമ്പനം പി.ഒ., തൃപ്പൂണിത്തുറ |
| ശ്രീ തോമാസ് സാമുവൽ, സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | ഷാലോം ഹൗസ്, കരിവേലിൽ ലൈൻ, വെണ്ണല പി.ഒ., എറണാകുളം |
| ശ്രീമതി സിസി പി. മാത്യു, ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (ജല പരിപാലനം) | വിരമിച്ചു | മന്നാരത്ത് ഹൗസ്, പൊൻകുന്നം പി.ഒ., 20മൈൽ, കോട്ടയം |
| ശ്രീ രാംദാസ്, ജില്ലാ സാമൂഹിക നീതി ഓഫീസർ | സീനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹിക നീതി ഓഫീസ്, എറണാകുളം | വിഗ്നേശ് വിഹാർ, 3rd സ്ട്രീറ്റ്, കിഴക്കുമ്പാട്ടുകര, തൃശൂർ -5 |

## 4-11. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| **ഓഡിറ്റ് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 1996-97 | എൽ.എഫ്.ഇ. (സി 1) 310/05തീയതി 5.12.2005 | 19 |
| 1997-98 | എൽ.എഫ്.ഇ. (സി 1) 458/03, തീയതി 04.10.06 | 96 |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.ഇ. (സി 1) 396/10, തീയതി 10.05.10 | 83 |
| 1999-00 | എൽ.എഫ്.ഇ. (സി 1) 162/05, തീയതി 02.11.06 | 43 |
| 2000-01 | എൽ.എഫ്.ഇ. (സി 1) 1308(2)/07 / തീയതി 30.1.08 | 32 |
| 2001-02 | എൽ.എഫ്.ഇ. (സി 1) 725(1)/06 / തീയതി 5.2.2008 | 14 |
| 2002-03 | എൽ.എഫ്.ഇ. (സി 1) 736/09 / തീയതി 10.03.2010 | 31 |
| 2003-04 | എൽ.എഫ്.ഇ. (സി 1)353(1) /09 / തീയതി 08.04.09 | 23 |
| 2004-05 | എൽ.എഫ്.ഇ. (സി1)1642/10, തീയതി 19.06.12 | 27 |
| 2005-06 | എൽ.എഫ്.ഇ. (സി 1) 1202/12 / തീയതി10.07.12 | 21 |
| 2006-07 | എൽ.എഫ്.ഇ. (സി1) 442/10 തീയതി.21.01.15 | 68 |
| 2007-08 | എൽ.എഫ്.ഇ. (സി 1)1659/10 / തീയതി12.02.15 | 20 |
| 2008-09 | എൽ.എഫ്.ഇ. (ഇ4)122/12, തീയതി. 01.06.15 | 33 |
| 2009-10 | എൽ.എഫ്.ഇ. (ഡി.പി.)1137/14/ തീയതി19.2.2015 | 30 |
| 2010-11 | എൽ.എഫ്.ഇ. (ഇ4)1059/13, തീയതി. 18.02.15 | 32 |
| 2011-12 | എൽ.എഫ്.19426/ സ്പെഷ്യൽ സെൽ /തീയതി 07.07.2015 | 34 |
| 2012-13 | എൽ.എഫ്.ഇ. (എം2) 207/14, തീയതി. 3.12.14 | 17 |
| 2013-14 | KSA-EKM (ബി.പി3) 2134/15, തീയതി. 2.04.16 | 30 |
| 2014-15 | KSA-EKM (ബി.പി)457/17/ തീയതി 27.05.17 | 29 |
| 2015-16 | KSA-EKM (ബി.പി)636/17/ തീയതി 31.05.17 | 40 |
| 2016-17 | KSA-EKM | 41 |

| | | |
|---|---|---|
| | (ഡി.പി)/2204/17/ തീയതി 23.12.17 | |
| 2017-18 | KSA-EKM (DP)/351/19/ തീയതി 29.03.2019 | 63 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ**
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **എറണാകുളം ജില്ലാപഞ്ചായത്തിന്റെ 2018-19** സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**

### എറണാകുളം ജില്ലാപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ട്രഷറി ടി.എസ്.ബി. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് നമ്പർ 5013175/ 27.12.18 പ്രകാരം 32,866/- രൂപ പണമാക്കാത്ത ചെക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചെക്ക് നാളിതുവരെ (06.08.2019) പണമാക്കുകയോ Stale Cheque എന്ന ഹെഡിലേക്ക് മാറ്റുകയോ ചെയ്തിട്ടില്ല.
2. സർക്കാർ ധനസഹായമായി ലഭിച്ച ഫണ്ടുകളിൽ വാർഷിക കണക്കിലെ തുകയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകയും തമ്മിൽ വ്യത്യാസമുണ്ട്.

| ഫണ്ടിനം | വരവ് | | വ്യത്യാസം |
|---|---|---|---|
| | വാർഷിക ധനകാര്യപത്രിക പ്രകാരം | എ.സി.ആർ. പ്രകാരം | |
| എ) വികസനഫണ്ട് | 403235122 | 404422885 | 118876 |
| ബി) മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 386656319 | 390038306 | 338198 |
| സി) മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 65172566 | 65811320 | 638754 |

3. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

**ജോയിന്റ് ഡയറക്ടർ**

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **ERNAKULAM District Panchayat** in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the Rules their under and the guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of Ernakulam District Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**JOINT DIRECTOR**

## Abstract of Deficiencies/Discrepancies found on the verification of Annual Financial Statement of Ernakulam District Panchayat for the year 2018-19

1. As per Treasury Reconciliation statement Cheque No.5013175 amounting ₹ 32866/- issued on 27.12.2018 has not been cleared till date. This cheque not included in the 'stale cheques' head also.
2. The following Government financial assistance amounts does not match with those in the Appropriation Control Register.

| Item | Received amount | | Difference |
|---|---|---|---|
| | AFS | ACR | |
| a) Development fund | 403235122 | 404422885 | 118876 |
| b) Maintenance Grant (Road) | 386656319 | 390038306 | 338198 |
| c) Maintenance Grant (Non Road) | 65172566 | 65811320 | 638754 |

3. Deposit Register is not maintained properly.

**JOINT DIRECTOR**